PROCEEDINGS OF THE

TRAVANCORE-COCHIN LEGISLATIVE ASSEMBLY

First Session—1953.

Tuesday, the 24th March, 1953.

Vol. VIII — OFFICIAL REPORT — No. 22

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock, on Tuesday, the 24th March, 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

Mr. Speaker : Questions 1 and 2 are withdrawn. Next question, Mr. Prakkulam Bhasi.

മുനിസിപ്പാലിററികൾ.

* ൨൧൧. [൩] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിററികളുടെ പ്രതിനിധികളും മുനിസിപ്പൽ തൊഴിലാളികളുടെ പ്രതിനിധികളും അടങ്ങിയ, ലേബർ കമ്മീഷണർ കൺവീനറായിട്ടുള്ള കമ്മിററി റിപ്പോർട്ടു ഗവണ്മെൻറിലേയ്ക്കു് സമർപ്പിച്ചിട്ടുണ്ടോ ?

(ബി) ആ റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടെങ്കിൽ, അതിൻപ്രകാരം വല്ല നടപടികളും നടന്നിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാം ;

(ഡി) ആ റിപ്പോർട്ടിൻെറ ഒരു കാപ്പി മേശപ്പുറത്തുവയ്ക്കുമോ ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്. റിപ്പോർട്ടിൽ മുനിസിപ്പൽ തൊഴിലാളികളുടെ അവശതകളെ പരിഹരിക്കുന്നതായി ചില ശുപാർശകൾ സമർപ്പിച്ചിരുന്നു. ആ ശുപാർശകളെ ഗവണ്മെന്റ് അംഗീകരിക്കുകയും, അവയെല്ലാം നടപ്പിൽ വരുത്തണമെന്നു് മുനിസിപ്പൽ കൗൺസിലുകളോടു ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടു്.

(സി) യും, (ഡി) യും ഗവണ്മെന്റ് ഉത്തരവിന്റെ ഒരു പ്രതി മേശപ്പുറത്തു വച്ചിരിക്കുന്നു.*

ശ്രീ. പ്രാക്കുളം ഭാസി: കൊച്ചിയിൽ കൂടുതലും തിരുവിതാംകൂറിൽ കുറവുമായിരിക്കുന്ന ശമ്പളകാര്യത്തെപ്പററി എന്തെങ്കിലും പരിഹാരം നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനു് ഒരു മിനിമംവേജസ് കമ്മിററിയുടെ റിപ്പോർട്ടു കിട്ടിയിട്ടുണ്ടു്. അതിനെപ്പററി പര്യാലോചിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. പ്രാക്കുളം ഭാസി: ആ റിപ്പോർട്ടു എന്നാണു് കിട്ടിയതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു പല പ്രാവശ്യം ഇവിടെ പറഞ്ഞിട്ടുള്ളതാണു്.

ദേവസ്വം പുതുവൽസ്ഥലങ്ങൾ.

* ൭൧൱. [൪] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം പുതുവൽസ്ഥലങ്ങളിലെ കുടികിടപ്പുകാരെ ഒഴിപ്പിക്കുന്നതു് റവന്യൂ ഡിപ്പാർട്ടുമെന്റാണോ;

(ബി) അങ്ങിനെ ആണെങ്കിൽ അതിനുള്ള കാരണം എന്തു്?

Minister for Revenue (**Shri A Chidambaranatha Nadar**): (a) It is under the instance of the Revenue authorities that the evictions were made.

(b) These lands come under the Travancore-Cochin Land Conservancy Act according to Section 50 of the Travancore-Cochin Hindu Religious Institutions Act, XV of 1950.

ശ്രീ. ആർ. ഗംഗാധരൻ: ഒഴിപ്പിക്കുന്ന അവസരങ്ങളിൽ കുടികിടപ്പുകാരുടെ വസ്തുക്കളിൽ എന്തെങ്കിലും അവകാശമുണ്ടോയെന്നു അന്വേഷിക്കാറുണ്ടോ?

Shri A. Chidambaranatha Nadar: Yes.

ശ്രീ. ആർ. ഗംഗാധരൻ: അങ്ങനെ അന്വേഷിക്കാതെയാണു് ദേവസ്വക്കാർ എവിക്ഷൻ നോട്ടീസു കൊടുക്കുന്നതെന്നു് ഗവണ്മെന്റിനറിവുണ്ടോ?

Shri A. Chidambaranatha Nadar: I connot accept that.

* Please see Appendix I

ശ്രീ. ടി. എ. മജീദ്: നാവായിക്കുളത്തുള്ള ദേവസ്വംഭൂമികളിൽ താമസിക്കുന്ന കുടികിടപ്പുകാരെ വെറും പാട്ടക്കുടിശിഖയുടെ പേരിൽ ഒഴിപ്പിക്കാൻ നോട്ടീസ് കൊടുത്തിട്ടുള്ളതായറിയാമോ ?

Shri A. Chidambaranatha Nadar : I want notice.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ദേവസ്വങ്ങൾക്ക പ്രത്യേകം പുതുവൽ സ്ഥലമുണ്ടോ ?

Shri A. Chidambaranatha Nadar : It is already mentioned in the answer to the question. The answer was given that the Revenue authorities have taken action to evict people from such lands.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : ഈ സ്ഥലങ്ങൾ ദേവസ്വം സ്വത്തുക്കളാണോ ?

Shri A. Chidambaranatha Nadar : It is presumed so.

Shri T. S. Ramaswami : May I know the number of persons evicted ?

Shri A. Chidambaranatha Nadar : I want notice.

പട്ടികജാതി വിദ്യാർത്ഥികൾ.

※ ൫൭൯. [൫] ശ്രീ. കെ. കുട്ടപ്പൻ : താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി വിദ്യാർത്ഥികൾക്കനുവദിച്ചിട്ടുള്ള പാഠപുസ്തകങ്ങൾ യഥാസമയം കിട്ടിയില്ലെന്നുള്ള പരാതി ലഭിച്ചിട്ടുണ്ടോ ; അതിന്മേൽ എന്തു നടപടി എടുത്തു ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) : ഈ ചോദ്യത്തിന് ഇതിനുമുമ്പ് ഉത്തരം പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. കെ. കുട്ടപ്പൻ : എന്തു നടപടിയാണു നടത്തിയിട്ടുള്ളതെന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : കഴിയുന്നത്രവേഗം പുസ്തകങ്ങൾ കൊടുക്കുന്നതിനുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരംതന്നെ കാലതാമസം കൂടാതെ പുസ്തകങ്ങൾ കൊടുത്തിട്ടുമുണ്ട്.

Opening of new hospitals.

*580. [6] **Shri A. Samraj** : Will the Minister for Medicine and Public Health be pleased to state :

(*a*) whether the Government will take steps to open a Government Hospital at Suchindram to give medical aid to Suchindram and adjoining village population ; and

[Shri. A. Samraj.]

(*b*) what is the policy of the Government regarding the opening of new hospitals ?

Minister for Medicine and Public Health (**Shri V. Madhavan**):

(*a*) No. A hospital is not necessary at Suchindram.

(*b*) The following conditions are to be satisfied for starting new medical institutions :

(1) The locality should be five miles away from the nearest Government or Grant-in-aid medical institution.

(2) It should have a minimum population of 20,000.

(3) The local people should surrender to Government free of cost a suitable site and buildings with the furniture required.

ஸ்ரீ. எ. ஸாம்ராஜ்: சுசீந்திரத்திலிருந்து ஐந்து மைல் தூரத்திலிருக்கிற தெங்கின்புதூர் பகுதியில் தாங்கள் குறிப்பிடும் ஜனத்தொகைக்கு கூடுதலாக இருக்கிறார்களே, அங்கேயாவது ஒரு ஆஸ்பத்திரி ஏற்படுத்தலாமா?

ശ്രീ. വി. മാധവൻ: അതിനെപ്പററി ആലോചിക്കാം.

ശ്രീ. എ. കുഞ്ഞൻ നാടാർ: ആയുർവ്വേദ ആസ്പത്രികൾ തുടങ്ങുന്നതും ഈ വ്യവസ്ഥയനുസരിച്ചാണോ?

ശ്രീ. വി. മാധവൻ: ആളുകളുടെ കണക്കനുസരിച്ചാണു് ആയുർവ്വേദ ആസ്പത്രി തുടങ്ങുന്നതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ശുചീന്ദ്രത്തു് അടുത്തകാലത്തു ഒരു ആയുർവ്വേദാസ്പത്രി തുടങ്ങിയിട്ടുള്ളതായറിയാമോ?

ശ്രീ. വി. മാധവൻ: ശുചീന്ദ്രത്തിനടുത്തുള്ള വേറെയൊരു സ്ഥലത്താണെന്നാണു എനിക്കു തോന്നുന്നതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഇടലാക്കുടിയിലാണു തുടങ്ങിയിട്ടുള്ളതു്.

ശ്രീ. വി. മാധവൻ: ഇപ്പോൾ എനിക്കതു മനസ്സിലായി.

ശ്രീ. എ. കുഞ്ഞൻ നാടാർ: ആ ആസ്പത്രിയിൽ ആരും മരുന്നു വാങ്ങാൻ പോകുന്നില്ലെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു് അറിയാമോ?

ശ്രീ. വി. മാധവൻ: അങ്ങനെ അറിവില്ല. നേരെമറിച്ചു് ആ ആസ്പത്രിയിൽനിന്നും പലരും മരുന്നു വാങ്ങുന്നതായിട്ടാണറിയുന്നതു്.

ശ്രീ. ടി. എസ്. രാമസ്വാമി: താമരക്കുളം പകുതിയിൽനിന്നും സ്ഥലം വിട്ടുകൊടുത്തിട്ടും അവിടെയൊരു ആസ്പത്രി തുടങ്ങിയിട്ടില്ലെന്നറിയാമോ?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

ശ്രീ. ടി. എസ്. രാമസ്വാമി: അതിനു അവിടെനിന്നും ഒരു അപേക്ഷ കിട്ടിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: കെട്ടിടവും മററും ഉണ്ടെങ്കിൽ അതിനെപ്പററി അന്വേഷിക്കാം.

ശ്രീ. പരീതു റാവുത്തർ: ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ച വ്യവസ്ഥകൾ അവഗണിച്ചു് എവിടെയെങ്കിലും ആസ്പത്രി അനുവദിച്ചിട്ടുണ്ടോ?

ശ്രീ. വി മാധവൻ: ഇല്ല.

ശ്രീ. പരീതു റാവുത്തർ: സാധാരണ ആസ്പത്രികൾ അനുവദിക്കുന്നതു് പൊതുജനങ്ങളുടെ ആവശ്യമനുസരിച്ചാണോ?

ശ്രീ. വി. മാധവൻ: പൊതുജനങ്ങളുടെ ആവശ്യം നോക്കിയാണ് അനുവദിക്കുന്നതു്.

ശ്രീ. പരീതു റാവുത്തർ: ചില പ്രത്യേക വ്യക്തികളുടെ താല്പര്യം നോക്കി ആസ്പത്രികൾ അനുവദിക്കാറുണ്ടോ?

ശ്രീ. വി. മാധവൻ: അങ്ങനെ അനുവദിക്കാറില്ല.

ശ്രീ. ടി. എ. മജീദ്: ഏതാണ്ടു ൫ മൈൽ ചുററളവിൽ ഡിസ്പെൻസറികൾ ഇല്ലാത്ത സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം ഈ വ്യവസ്ഥകളിൽ അയവു വരുത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. വി. മാധവൻ: അങ്ങനെയുള്ള സ്ഥലങ്ങളിൽനിന്നും അപേക്ഷകൾ വന്നാൽ ആ സ്ഥലത്തു് ആവശ്യമാണെന്നു കാണുന്നപക്ഷം അനുവാദം നൽകും.

ശ്രീ. കെ. കരുണാകരൻ: അടുത്ത വർഷം ൪൦ ആസ്പത്രികൾ സ്ഥാപിക്കുന്നതു് ഈ വ്യവസ്ഥകളെല്ലാം പരിപാലിക്കുന്ന സ്ഥലങ്ങളിലാണോ?

ശ്രീ. വി. മാധവൻ: അതെ.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: വൈക്കത്തു് ഒരാസ്പത്രി തുടങ്ങിയതു് ഈ വ്യവസ്ഥകളെല്ലാം അനുസരിച്ചാണോ?

ശ്രീ. വി. മാധവൻ: വൈക്കത്തല്ല, പൂത്തോട്ടയാണ്. അവിടെ ഒരു ബൈവീക്ക്‌ലി ആസ്പത്രിയുണ്ടായിരുന്നു. അതിപ്പോൾ ഫുൾടൈം ആസ്പത്രി ആക്കുകയാണു ചെയ്തതു്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: അതുകൊണ്ടു് ഈ വ്യവസ്ഥകൾ അതിനു ബാധകമാകുകയില്ലേ?

ശ്രീ. വി. മാധവൻ: ഈ വ്യവസ്ഥകളനുസരിച്ചുതന്നെയാണു തുടങ്ങിയതു്.

ശ്രീ. പ്രാക്കുളം ഭാസി: അവിടെ ഒരു മൃഗാസ്പത്രിയും തുടങ്ങിയിട്ടില്ലേ?

ശ്രീ. വി മാധവൻ: അവിടെ മൃഗാസ്പത്രിയില്ല.

ശ്രീ. പ്രാക്കുളം ഭാസി: തലയോലപ്പറമ്പിൽ ഒരു മൃഗാശുപത്രിക്കു വേണ്ടി പണം ബഡ്ജറ്റിൽ കൊള്ളിച്ചിട്ടില്ലേ?

ശ്രീ. വി. മാധവൻ: വളരെക്കാലമായി വൈക്കം താലൂക്കിൽ തലയോലപ്പറമ്പിൽ ഒരു മൃഗാശുപത്രി ഉണ്ടു്.

ശ്രീ. കുഞ്ഞിതൊമ്മൻ: പന്തളത്തു ഒരാശുപത്രി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. മാധവൻ: ഏതെല്ലാം സ്ഥലങ്ങളിലാണു അനുവദിക്കാൻ പോകുന്നതെന്നു ആണ്ടിന്റെ ആദ്യകാലത്തു പറയാൻ നിവൃത്തിയില്ല.

ശ്രീ. കുഞ്ഞിതൊമ്മൻ: ഈ മൂന്നു വ്യവസ്ഥകളും പരിപാലിക്കാത്ത സ്ഥലങ്ങളിൽ ഡിസ്പെൻസറികൾ അനുവദിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അങ്ങനെ അനുവദിച്ചിട്ടില്ല.

ശ്രീ. എസ്. ജി. ദേചിയപ്പൻ: ഉടുമ്പൻചോലയിൽ ഒരു ആശുപത്രി സ്ഥാപിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. വി. മാധവൻ: അവിടെ ഒരു ആശുപത്രിയുണ്ടായിരുന്നതും ആളുകൾ ഉപയോഗിക്കാതിരുന്നതിനാൽ നിറുത്തിയിരിക്കുകയാണ്. ഇപ്പോൾ അതു വീണ്ടും തുടങ്ങണമെന്നു എന്റെ അടുക്കൽ ബഹുമാനപ്പെട്ട മെംബറും ശ്രീ. ഗണപതിയും പറയുകയുണ്ടായി. അതു ഗവണ്മെന്റിന്റെ ആലോചനയിലിരിക്കുകയാണ്.

ശ്രീ. ആർ. പൊന്നപ്പ നാടാർ: കുളച്ചൽ ആശുപത്രി കെട്ടിടം വളരെ മോശമായതുകൊണ്ടു് ടി. ബി. യിലേക്കു മാറുന്നതിനു ഇതുവരെ ഗവണ്മെന്റ് നടപടിയെടുക്കാത്തതു എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. വി. മാധവൻ: ആ ആശുപത്രി കെട്ടിടം അത്ര നല്ലനിലയിൽ, അല്ലാത്തതുകൊണ്ടു ടി. ബി. യിലേക്കു് ആശുപത്രി മാറുന്നതിനു ഏർപ്പാടുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. പൊന്നപ്പ നാടാർ: ടി. ബി. യിലേക്കു് ആശുപത്രി മാറാത്തതുകൊണ്ടു ഇപ്പോൾ രോഗികളാരും ആശുപത്രിയിൽ പോകുന്നില്ലെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: മെംബർ പറയുന്നതുപോലെ ആളുകളൊന്നും ആശുപത്രിയിൽ പോകാതിരിക്കുന്നില്ല.

ശ്രീ. ആർ. പൊന്നപ്പ നാടാർ: മരുന്നുവാങ്ങാൻ അവിടെച്ചെന്നാൽ കെട്ടിടം ഇടിഞ്ഞുവീഴുമോയെന്നു ആളുകൾ ഭയപ്പെടുന്നതായറിയാമോ?

ശ്രീ. വി. മാധവൻ: ആളുകൾ ആശുപത്രിയിൽ പോകുന്നില്ലെന്നു തന്നെ ഗവണ്മെന്റിനു അറിവില്ലാതെയാണിരിക്കുന്നതു്.

ശ്രീ. ആർ. കേശവപിള്ള: ഗവണ്മെന്റിൽ നിന്നും ൨൦ ആശുപത്രികൾ ഈയാണ്ടിൽ തുടങ്ങുമെന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ അതു് എന്നത്തേക്കു തുറക്കുമെന്നു പറയാമോ?

ശ്രീ. വി. മാധവൻ: ഓരോ സ്ഥലത്തും കെട്ടിടവും ഉപകരണവുമെല്ലാം വിട്ടുതരുന്ന മുറയ്ക്കു ആശുപത്രികൾ തുടങ്ങും.

ശ്രീ. ആർ. ഗംഗാധരൻ: കെട്ടിടങ്ങളും ഉപകരണങ്ങളും തരാമെന്നു പൊതുജനങ്ങൾ പറഞ്ഞിട്ടുള്ള സ്ഥലത്തും ആശുപത്രി അനുവദിക്കാതിരിക്കുന്നതു എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. വി. മാധവൻ: അങ്ങനെ സമ്മതിച്ചതുകൊണ്ടു മാത്രമായില്ല. മററു വ്യവസ്ഥകളും ശരിയായിരിക്കണം.

ശ്രീ. ആർ. ഗംഗാധരൻ: വളരെയധികം ജനങ്ങൾ താമസിക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ ആശുപത്രിയുമായിട്ടു് ഇത്രദൂരം ഉണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥയെ വ്യത്യാസപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. വി. മാധവൻ: ഇപ്പോൾ അങ്ങനെ ഉദ്ദേശമില്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഒരു സ്ഥലത്തും കെട്ടിടവും മററും ഉണ്ടാക്കിത്തന്നില്ലെങ്കിൽ ഇപ്പോൾ കൊള്ളിച്ചിരിക്കുന്ന ൫൦ ആശുപത്രികളുടെയും പണം ചെലവാക്കേണ്ടെന്നാണോ വിചാരിക്കുന്നതു്?

ശ്രീ. വി. മാധവൻ: എല്ലാ വ്യവസ്ഥകളും സമ്മതിച്ചു് വളരെയധികം അപേക്ഷകൾ ഗവണ്മെൻറിനു കിട്ടുന്നുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള: ഈ ൫൦ ആശുപത്രിയും എവിടെയാണു് തുടങ്ങുന്നതെന്നു ഗവണ്മെൻറ തീർച്ചപ്പെടുത്തിയോ?

ശ്രീ. വി. മാധവൻ: അതു തീർച്ചപ്പെടുത്തുന്നതു് ഓരോ സ്ഥലത്തേയും ആവശ്യം നോക്കിയാണു്.

ശ്രീ. പി. എസ്. നടരാജപിള്ള: കെട്ടിടംകെട്ടി ഗവണ്മെൻറ കയ്യേററുനടത്തുന്ന ആശുപത്രികളിൽ ഡാക്ടർമാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഗവണ്മെൻറ് ഏറെറടുത്തിട്ടുള്ള സ്ഥലങ്ങളിലൊക്കെ നിയമിച്ചിട്ടുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള: ആരുവാമൊഴിയിൽ ഒരു ലേബർവാർഡ് കെട്ടിയതു ഗവണ്മെൻറ ഏറെറടുത്തിട്ടു് അവിടെയൊരു ലേഡീഡാക്ടരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അതൊരു പ്രത്യേക ചോദ്യമായി ചോദിച്ചാൽ പറയാം.

സീനിയരേജു്.

*൭൨൫. [൧] ശ്രീ. വാറണ്ണി പുളിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരേതരം മരത്തിനു കൊച്ചി വിഭാഗത്തും തിരുവിതാംകൂർ വിഭാഗത്തും രണ്ടുതരത്തിൽ സീനിയരേജു പിരിച്ചുവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണമെന്തു്?

Minister for Revenue (**Shri A. Chidambaranatha Nadar**) :

(*a*) Seigniorage rates of all species of timber in each area were being followed. Travancore rate has been applied to Cochin as well. Revised uniform rates have come into force from 13-1-53.

(*b*) The question does not arise.

ശ്രീ. വാറുണ്ണി പുളിക്കൽ : രണ്ടുവിധത്തിൽ മരങ്ങൾക്ക് സീനിയറേജ് നിശ്ചയിച്ചിട്ടുണ്ടോ ?

Shri A. Chidambaranatha Nadar : Now the rate is the minimum.

ശ്രീ. വാറുണ്ണി പുളിക്കൽ : എന്നു മുതലാണ് ഇങ്ങനെ ഏകീകരിച്ചിട്ടുള്ളത് ?

Shri A. Chidambaranatha Nadar : From 13-1-1953.

ശ്രീ. ടി. എ. മജീദ് : ഇപ്പോൾ മുന്നിരട്ടിയായി റേറ്റ് വർദ്ധിപ്പിച്ചിട്ടുണ്ടെന്നറിയാമോ ?

Shri A. Chidambaranatha Nadar : I want notice.

ശ്രീ. ടി. എ. മജീദ് : അതിനെപ്പറ്റി ഉടൻതന്നെ വേണ്ട അന്വേഷണം നടത്തുമോ ?

Shri A. Chidambaranatha Nadar : I am not in a position to say that.

Sub Registrars of Cochin Area.

*582. [8] **Shri T. K. Krishnan :** Will the Minister for Revenue be pleased to state :

(*a*) whether the Sub Registrars of the Cochin area have submitted a memorandum to the Government on 14-9-1952 ; and

(*b*) what action the Government has taken about their demands ?

Minister for Revenue (**Shri A. Chidambaranatha Nadar**) :

(*a*) Yes.

(*b*) The main demands of the Sub Registrars are that their scales of pay, *viz.*, Rs. 80-120 and Rs. 125-150 fixed under the re-organisation scheme may be revised and fixed as Rs. 125-175 and Rs. 175-225 and that a few selection grade posts on Rs. 225-275 may also be created for them.

Recently Government have reviewed the whole position and have regrouped the Sub Registrars into the following three grades as against the two grades originally sanctioned under the re-organisation.

Sub Registrars	I Grade	Rs. 175-225.
Do.	II Grade	Rs. 125-150.
Do.	III Grade	Rs. 80-120.

Since the new arrangement will substantially meet the demands of the memorialists, the memorandum referred to has been recorded.

ശ്രീ. ഒ. സി. നൈനാൻ: ഈ റിവൈസ്ഡ് സ്കെയിൽ എന്നു മുതൽ നടപ്പിൽ വരുന്നതാണ്?

Shri A. Chidambaranatha Nadar: From the date of the order.

Shri Nedumangad R. Kesavan Nair: Was the representation made in the case of Cochin Sub' Registrars alone?

Shri A. Chidambaranatha Nadar: Yes.

Shri Nedumangad R. Kesavan Nair: Do they want any special treatment?

Shri A. Chidambaranatha Nadar: The question is whether representation from the Cochin Sub Registrars has been received by this Government.

Shri Nedumangad R. Kesavan Nair: Was the representation mainly concerned with the grievances of the Cochin Sub Registrars?

Shri A. Chidambaranatha Nadar: It must be so.

Shri_P. S. Nataraja Pillai: May I know whether the new scales are applicable to the Travancore Section?

Shri A. Chidambaranatha Nadar: Yes, Sir.

Royalties and Excise Duties.

* 583. [9] **Shri O. C. Ninan:** Will the Minister for Revenue be pleased to state:

(*a*) whether the Government is paying any portion of the royalties of forest trees to any one; and

(*b*) what is the amount paid in 1952?

Minister for Revenue **(Shri A. Chidambaranatha Nadar):**

(*a*) Yes. Government is paying a portion of the royalties. Land owners are paid a portion of the royalties for the timber removed from private lands.

(b) Rs. 4439—12—7.

ശ്രീ. ഒ. സി. നൈനാൻ: പ്രൈവററു സ്ഥലങ്ങളിൽ നിന്നല്ലാതെ, ഗവണ്മെന്റു ഫോറസ്റ്റിൽ നിന്നും വെട്ടുന്ന തടികൾക്കു റായൽട്ടീസ് കൊടുത്തിട്ടുണ്ടോ?

Shri A. Chidambaranatha Nadar: I want notice.

ശ്രീ. ഒ. സി. നൈനാൻ: ഇടപ്പള്ളി ചീഫിന് റായൽട്ടി തുകയിട്ട് ഏതെങ്കിലും അംശം കൊടുത്തിട്ടുണ്ടോ?

Shri A. Chidambaranatha Nadar: For that also, I want notice.

Shri O. C. Ninan: Sir, this question comes under part (*a*). There has been sufficient notice.

Shri A. Chidambaranatha Nadar: It is a comprehensive question.

Shri O. C. Ninan: I want a comprehensive answer.

Shri A. Chidambaranatha Nadar: The answer is, "Yes."

Shri O. C. Ninan: May I know the reason?

Shri A. Chidambaranatha Nadar: Private persons are paid for the timber removed from the private lands.

Shri O. C. Ninan: May I know whether any portion of the royalties has been given to the Edapally Chief?

Shri A. Chidambaranatha Nadar: I am not in a position to say that.

Shri A. A. D. Luiz: May I know whether there is any customs duty for the timber exported?

Shri A. Chidambaranatha Nadar: I want notice.

Co-operative College.

*584. [10] **Dr. N. S. Pillai:** Will the Minister for Local Self Government be pleased to state:

(*a*) do the Government intend closing down the Co-operative College at Trivandrum shortly;

(*b*) if so, what are the reasons for it; and

(*c*) how many students are being sent out annually for Higher Diploma in Co-operation to Poona College?

Minister for Local Self-Government **(Shri K. Kochukuttan):**

(*a*) No.

(*b*) Does not arise in view of answer to (a).

(*c*) Four Inspectors were sent to Poona for training. Nothing has been decided about this training for 1953-54.

Shri A. A. D. Luiz: Is the qualification recognised by the University?

Shri K. Kochukuttan: No.

Shri P. S. Nataraja Pillai: May I know whether the Central Council for Technical Education recognises this institution for the national diploma course in commerce?

Shri K. Kochukuttan: Recognition has been given recently.

Co-operative College.

*585. [11] **Dr. N. S. Pillai:** Will the Minister for Local Self Government be pleased to state:

(*a*) is there any difference in the course of study taught in Trivandrum Co-operative College and Poona Co-operative College; and

(*b*) what is the necessity of sending annually four students to Poona?

Minister for Local Self-Government. **(Shri K. Kochukuttan):**

(*a*) Yes.

(*b*) To make the staff of the Department more efficient. Four Inspectors have been sent this year; the number for the next year has not been decided.

Dr. N. S. Pillai: What is the result of sending out candidates to Poona?

ശ്രീ. കെ. കൊച്ചുകുട്ടൻ: പൂനാ സഹകരണകാളേജു കുറെക്കൂടി അഡ്വാൻസ്ഡ് സ്റ്റഡി കൊടുക്കുന്ന കാളേജായതുകൊണ്ട് കൂടുതൽ പ്രയോജനമുണ്ടാകും.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: അഡ്വാൻസ്ഡ് സ്റ്റഡി എന്നു പറഞ്ഞതു എന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവിടത്തെ സിലബസും, ട്രെയിനിംഗും കൂടുതൽ അഡ്വാൻസ്ഡ് ചെയ്തിട്ടുള്ളതു് എന്നർത്ഥം.

Dr. N. S. Pillai: Are the students given any stipend?

Mr. Speaker: Order, order, please. The Member has lost his chance.

Shri P. S. Nataraja Pillai: Has the Government compared the syllabus of the Poona College with the syllabus of the Trivandrum College?

ശ്രീ. കെ. കൊച്ചുകുട്ടൻ: കമ്പയർ ചെയ്തിട്ടുണ്ട്.

Shri P. S. Nataraja Pillai: Is not Advanced Banking a subject in Trivandrum College and not a subject in Poona College?

ശ്രീ. കെ. കൊച്ചുകുട്ടൻ : പൂനാകാളേജിൽ, ബാങ്കിംഗ് കോഴ്സു റിസർവ്വ് ബാങ്കിലാണ് നടത്തുന്നതു്.

Shri P. S. Nataraja Pillai : All India Planning Committee on Co-operation in 1949-ലെ റിപ്പോർട്ടിൽ, കോവാപ്പറേറീവ് സ്റ്റാഫ് ട്രെയിനിംഗിനു് സ്റ്റേറ്റിൽ ഒരു കാളേജു നടത്തണമെന്നു നിർദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള : അങ്ങനെയൊരു സ്ഥാപനം ഉണ്ടാക്കുന്നതിനായി എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇവിടെ ഒരു കൊല്ലത്തേക്കു നാലുപേരുടെ ആവശ്യമേയുള്ളു. നാലുപേർക്കുവേണ്ടി ഒരു കാളേജു നടത്തേണ്ട ആവശ്യമില്ലാത്തതുകൊണ്ടു് ഗവൺമെൻറു അതിൽ മുൻകൈ എടുത്തിട്ടില്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഗവൺമെൻറുദ്യോഗസ്ഥന്മാർ ആരെങ്കിലും ഇതിൻെറ മാനേജിംഗ് ബോർഡിൽ ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്; രജിസ്ത്രാർ അതിൻെറ പ്രസിഡൻറാണു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഈ ട്രെയിനിംഗ് ഉപയോഗപ്രദമാണെന്നു കണ്ടാൽ, അതു പ്രോത്സാഹിപ്പിക്കേണ്ട ചുമതല ഗവൺമെൻറിനില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആണ്ടിൽ നാലുപേർ മാത്രമെ ഇവിടെ ആവശ്യമുള്ളു. എല്ലാ കൊല്ലവും കൂടുതൽ തുക അതിലേക്കുവേണ്ടി ചെലവാക്കണമെന്നു ഗവൺമെൻറിനു തോന്നിയിട്ടില്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള : സിപ്പാർട്ടുമെൻറിലേയ്ക്കു് നാലുപേർ മതിയെന്നു പറഞ്ഞു. വെളിയിലുള്ള ആളുകൾക്കു സാങ്കേതിക വിദ്യാഭ്യാസം ലഭിക്കുന്നതിനു സൗകര്യം കിട്ടുകയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇവിടത്തെ കാളേജിൽ ആദ്യത്തെ കൊല്ലം ൧൦ പേർ ഉണ്ടായിരുന്നു. അടുത്ത കൊല്ലത്തിൽ അതു ൪ ആയി കുറഞ്ഞു. ഈ കൊല്ലം ആരംഭത്തിൽ ൧൦ പേരുണ്ടായിരുന്നു. ഇങ്ങനെ ആണ്ടുതോറും കുറഞ്ഞുവരികയാണു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഇവിടത്തെ കോഴ്സു് എത്ര വർഷമാണു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഒരു വർഷം; ഒരു വർഷത്തെ കോഴ്സു് കഴിഞ്ഞു അതിൽ പാസ്സാകുന്നവർക്കു്, രണ്ടു മാസത്തെ ട്രെയിനിംഗ് ഉണ്ടെന്നാണു എൻെറ ഓർമ്മ.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ട്രെയിനിംഗ് കഴിഞ്ഞതിനുശേഷം, സ്ഥിരമായി ഉദ്യോഗം കിട്ടുമെന്നുള്ള ഒരു ബോദ്ധ്യം ഇല്ലാത്തതുകൊണ്ടല്ലേ, വിദ്യാർത്ഥികളെ ലഭിക്കാത്തതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ട്രെയിനിംഗ് കഴിഞ്ഞു പുറത്തുവന്ന ആളുകൾക്കു മുഴുവനും ഉദ്യോഗം കിട്ടാൻ ഇടവന്നിട്ടില്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള: നാഷണൽ ഡിപ്ലോമാ കോഴ്സിന് അനുവാദമുള്ള കാളേജ് തിരുവിതാംകൂറിലുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: തിരുവിതാംകൂറിലില്ല എന്നാണു തോന്നുന്നതു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: പൂനാ കാളേജിൽ പോകുന്നവർ ഇവിടത്തെ ട്രെയിനിംഗ് കഴിഞ്ഞിട്ടാണോ പോകുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: പൂനാ കാളേജിൽ ട്രെയിനിംഗിനായി പോകുന്നതു് ഇവിടത്തെ ഇൻസ്പെക്ടറന്മാർ മാത്രമാണു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ ട്രെയിനിംഗ് കഴിഞ്ഞു വന്നിട്ടുള്ളവർക്കു് എന്തെങ്കിലും ഉദ്യോഗം കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പൂനാ കാളേജിൽ ട്രെയിനിംഗിനയയ്ക്കുന്നവർ ഇവിടെ ഉദ്യോഗത്തിലിരിക്കുന്ന ഇൻസ്പെക്ടറന്മാർ ആണു്. അവർ തിരിയെ വന്നാൽ വീണ്ടും ഇവിടെ ഉദ്യോഗം ഉണ്ടു്.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അവിടെ ട്രെയിനിംഗിനു് അയക്കുന്നവർക്കു ഗവണ്മെൻറിൽ നിന്നും ഫൈനാൻഷ്യൽ എയ്ഡ് കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവരുടെ ട്രെയിനിംഗിനു വേണ്ടി ആണ്ടിൽ ഏതാണ്ടു് രണ്ടായിരം രൂപവീതം ചെലവാകുന്നുണ്ടു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഈ കോവാപ്പറേറീവ് കാളേജിൽ പസ്സായിട്ടുള്ളവർക്കു് ഈ സ്റ്റേററിനു വെളിയിൽ ജോലി കിട്ടിയിട്ടുണ്ടോ എന്നന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല.

ശ്രീ. എ. സാംരാജ്: ഈ നാലുപേരെ അയച്ചിട്ടുള്ളതു ഏതു സമുദായത്തിൽപ്പെട്ടവരാണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേപ്പററി അന്വേഷിച്ചിട്ടില്ല.

ശ്രീ. ഗണപതി: അക്കൂട്ടത്തിൽ ഹരിജനങ്ങളായി വല്ലവരേയും അയച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അക്കൂട്ടത്തിൽ ഹരിജനങ്ങൾകൂടി ഉൾപ്പെട്ടിട്ടുണ്ടോ എന്നറിവില്ല.

ശ്രീ. എ. താണുപിള്ള: കോവാപ്പറേറീവ് മൂവ്മെൻറ് ഈ സംസ്ഥാനത്തു പുരോഗമിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിക്കു് ആ കാളേജ് ശരിയായി നടത്തുന്നതിനും അതിനെ പ്രോത്സാഹിപ്പിക്കേണ്ടതും നന്നായിരിക്കുമെന്നു ഗവണ്മെൻറിനു തോന്നുന്നില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇതു് അനുവദിച്ചകാലത്തു് ഈ നിലയിൽ ഒരു കാളേജ് തുടങ്ങണമെന്നല്ല ഗവണ്മെന്റദ്ദേശിച്ചതു്.

ശ്രീ. ഏ. താണുപിള്ള: ഗവണ്മെന്റായിട്ടുതന്നെ ഈ കാളേജ് തുടങ്ങിയതുകൊണ്ടുള്ള ദോഷമെന്താണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിലേയ്ക്കു വളരെ അധികം പണം ചെലവാക്കേണ്ടതായിവരും. അതുകൊണ്ടാണു് ഫ്ൻര്ൻ-ൽ ഒരു Training Course നടത്താൻ അനുവദിച്ചതു്.

ശ്രീ. ഏ. താണുപിള്ള: അങ്ങനെ ഒരു കാളേജു നടത്തുന്നതിൽ വലിയ നഷ്ടമുണ്ടെന്നാണോ ഗവണ്മെന്റ വിചാരിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേ; ഈ കാളേജു തുടങ്ങുന്ന അവസരത്തിൽ ഗവണ്മെന്റദ്ദേശിച്ചതു കോവാപ്പറേറ്റീവ് സൂപ്പർവൈസറന്മാരേയും മററും ട്രെയിൻ ചെയ്യിക്കുന്നതിനാണു്.

ശ്രീ. ഏ. താണുപിള്ള: ആ ട്രെയിനിംഗ് ഇപ്പോഴും അവിടെ കൊടുക്കുന്നില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിപ്പോഴും കൊടുക്കുന്നില്ല.

ശ്രീ. ഏ. താണുപിള്ള: അങ്ങനെ ശരിയായി ആ കാളേജു നടത്താൻ സാദ്ധ്യമല്ലെന്നു കണ്ടാൽ അതു നിർത്തുന്നതു നല്ല നയമല്ലേ? അങ്ങനെയാണെങ്കിൽ പലതും അങ്ങനെ നിർത്തേണ്ടതായിട്ടുണ്ടു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു നിർത്താൻ ഗവണ്മെന്റിനധികാരമില്ല. ഗവണ്മെന്റ നിർത്തുന്നുമില്ല. ഇൻസ്റ്റിറ്റ്യൂട്ടുകാർക്കു നടത്താമെന്നുണ്ടെങ്കിൽ നടത്താം.

ശ്രീ. ഏ. താണുപിള്ള: അതിനു ഗവണ്മെന്റിൽ നിന്നും ധനസഹായം കൊടുക്കാറില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: Institute-നു സഹായധനം കൊടുക്കുന്നുണ്ടു്. ഇക്കൊല്ലവും കൊടുത്തു. വരുന്നകൊല്ലം കൊടുക്കാൻ ബഡ്ജറ്റിൽ പ്രൊവിഷനുമുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: കയർ സഹകരണസംഘങ്ങളിൽ സെക്രട്ടറിമാരായി ഡിപ്ലോമോ പാസ്സായിട്ടുള്ളവരെ നിയമിക്കരുതോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവിടെ സെക്രട്ടറിമാരായി നിയമിച്ചിട്ടുള്ളവർ ട്രെയിൻ ചെയ്തിട്ടുള്ളവരായിരിക്കണം. അവിടെ സെക്രട്ടറിമാരായി നിയമിക്കുന്നതിനു് ഡിപ്ലോമാ പാസ്സായിട്ടുള്ളവർക്കു് മുൻഗണന നൽകി നിയമിക്കുന്നതാണു്.

ശ്രീ. ടി. കെ. ദിവാകരൻ: കഴിഞ്ഞകൊല്ലം സെക്രട്ടറിമാരായി ഫല പേരെ എടുത്തു. അതിൽ ഈ കൂട്ടർക്കു മുൻഗണന കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതന്വേഷിച്ചു പറയാം.

Village Panchayat.

* 586. [12] **Shri O. C. Ninan:** Will the Minister for Local Self-Government be pleased to state:

(*a*) what is the total amount spent by Government in 1952 for public works for the village panchayats;

(*b*) who prepared the estimates for such works;

(*c*) who supervises such works; and

(*d*) how many new works have been taken and completed in 1952?

Minister for Local Self-Government **(Shri K. Kochukuttan):**

(*a*) The total amount spent by Government during 1951-52 for public works for the village panchayats was Rs. 3,03,382.

(*b*) The estimates were prepared by the panchyat overseers and checked by the panchayat Assistant Engineers;

(*c*) The panchayat overseers and the Assistant Engineers of panchayats;

(*d*) 170 new works have been taken up and completed by the Panchayat Department direct. The number of works carried out by various panchayats during 1951-52 is 434. The figure for the year 1952-53 could not be given as the year has not run out.

ശ്രീ. ഒ. സി. നൈനാൻ: ഏ-യുടെ ഉത്തരത്തിൽ പറഞ്ഞ പഞ്ചായത്തുകൾക്ക ഗ്രാന്റ് കൊടുത്തു എന്ന്. ഈ തുകകൾ ഓരോ വില്ലേജു പഞ്ചായത്തിനും ഗ്രാന്റായിട്ടുകൊടുക്കുകയായിരുന്നോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഓരോ വില്ലേജുപഞ്ചായത്തിനും ആവശ്യമുള്ള തുകയുടെ ടോട്ടൽ അയച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ചുള്ള തുകകൾ ഗ്രാന്റായി കൊടുത്തിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: ഇങ്ങനെ ഗ്രാന്റ കൊടുക്കുന്നതിന വിശേഷാൽ വല്ല മാനദണ്ഡവുമുണ്ടായിരുന്നോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഓരോ വില്ലേജുപഞ്ചായത്തിനും ഇത്ര രൂപവരെയുള്ള ചെലവുകൾക്ക് കണക്കയക്കാം എന്നുണ്ട്. അക്കൂട്ടത്തിൽ മൈനർവർക്ക്സ് എല്ലാം ഉൾപ്പെടും. അതെല്ലാംകൂടി ഗവണ്മെന്റ് അന്വേഷണം നടത്തി അതിന ഒരു ഗ്രാന്റായി കൊടുക്കുന്നുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: [illegible] ഇങ്ങനെ ഗ്രാന്റ കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കൊടുത്തിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: അങ്ങിനെ കൊടുത്തിട്ടുള്ള തുകകൾ മിക്കവാറും ചെലവാക്കിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: മിക്കവാറും ചെലവാക്കിയിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ: ഫൻഡിമെന്‍ഷേയുള്ള സംഖ്യ കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അന്വേഷിച്ചു പറയാം.

ശ്രീ. ഒ. സി. നൈനാൻ: ഫൻഡിമെന്‍ അനുവദിച്ചിട്ടുള്ള വക്കീസ്ഥലം തീരാതെ കിടക്കുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അന്വേഷിച്ചു പറയാം.

ശ്രീ. കെ. കരുണാകരൻ: പഞ്ചായത്ത് അതിർത്തിക്കകത്തുള്ള വില്ലേജ് റോഡുകൾ ഉണ്ടാക്കുന്നതു പഞ്ചായത്തിൽനിന്നാണോ, വി. ആർ. ഡി. സ്കീം അനുസരിച്ചാണോ?

ശ്രീ കെ. കൊച്ചുകുട്ടൻ: രണ്ടിലുംകൂടി നടത്താം.

ശ്രീ. കെ. കരുണാകരൻ: കൊച്ചിയിൽ വില്ലേജുപഞ്ചായത്തു മുഖേനയാണ നടത്തുന്നതെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കൊച്ചിയിൽ പഞ്ചായത്തുമുഖേനയാണെന്നാണറിവ്.

ശ്രീ. കെ. കരുണാകരൻ: ആ നയം മേലാലും തുടരുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോഴം പഞ്ചായത്ത് ആക്ടിലെ വ്യവസ്ഥ അനുസരിച്ചു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു മുഴുവനും ഒരേ നയംതന്നെയാണ സ്വീകരിക്കാൻ ഉദ്ദേശിച്ചിരിക്കുന്നതു്. അതനുസരിച്ച് ഓരോ പഞ്ചായത്തിലും എത്രരൂപ കളക്ട് ചെയ്യാൻ കഴിയുമോ അത്രയും രൂപ ഗവണ്മെൻറും കൊടുക്കും എന്നുള്ളതാണ്. അതെത്രയായാലും രണ്ടായിരം രൂപ മാത്രമേ കൊടുക്കുകയുള്ളു.

ശ്രീ. കെ. കരുണാകരൻ: സ്പെഷ്യൽ ഗ്രാൻറായി ആവശ്യമനുസരിച്ചുകൊടുക്കാൻ ഭയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ സംസ്ഥാനത്തു ഒരു മാതിരിയുള്ള ഒരു നിലയേ സ്വീകരിക്കാൻ നിവൃത്തിയുള്ളു.

ശ്രീ. കെ. കരുണാകരൻ: പഞ്ചായത്തിൻെറ ശുപാർശ അനുസരിച്ചാണോ തുകകൾ അനുവദിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: പഞ്ചായത്തു ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ അന്വേഷണം നടത്തിയതിനുശേഷമാണ് കൊടുക്കുന്നതു്.

ശ്രീ. പി. വി. അവിരാതരകൻ: ഈ മൂന്നുലക്ഷം രൂപ മുഴുവൻ ചെലവാക്കിക്കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതന്വേഷിച്ചേ പറയാൻ നിവൃത്തിയുള്ളു.

ശ്രീ. അയ്യപ്പൻ: എൻ. ഇ. എ.-യിലെ കണക്ക പൂർത്തിയായിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: പൂർത്തിയായിട്ടുണ്ടു്.

ശ്രീ. ഈ. പി. വർഗീസ്: പല വില്ലേജുയൂണിയനിലും വക്കകൾ പൂർത്തിയാക്കിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിയാം.

ശ്രീ. ഈ. പി. വർഗീസ്: വില്ലേജുയൂണിയനുകളിൽനിന്നും എസ്റ്റിമേററ അയച്ചുകഴിഞ്ഞാൽ അതു സാംഗ്ഷനാക്കി അയക്കാത്തതു കൊണ്ടാണ അതു തുക ചെലവാക്കാതെയും വക്കകൾ പൂർത്തിയാക്കാതെയും ഇരിക്കുന്നതെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു ശരിയല്ല. ചില കേസുകളിൽ താമസം നേരിട്ടേക്കാം.

Shri M. K. Mathai: May I know when the Government issued the sanction?

Shri K. Kochukuttan: I want notice.

അയ്യപ്പൻകോവിലിലെ കൃഷിക്കാർ.

* ൭൮൧. [൧൩] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യപ്പൻകോവിലിലും പരിസരങ്ങളിലുമുള്ള കൃഷിക്കാർ തങ്ങളുടെ കൈവശമുള്ള ഭൂമിയിൽ കൃഷിയിറക്കരുതെന്നുള്ള ഗവണ്മെൻറ ഉത്തരവുമൂലം പ്രയാസപ്പെടുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഉത്തരവു ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ളതാണോ;

(സി) എങ്കിൽ റവന്യൂഡിപ്പാർട്ടുമെൻറിൽപ്പെട്ട ഭൂമിയിൽ കൃഷിയിറക്കുവാനുള്ള അനുവാദം കൃഷിക്കാർക്ക കൊടുത്തിട്ടുണ്ടോ;

(ഡി) ഇത്തരം വ്യത്യസ്ത പരിഗണനകൾക്കുള്ള കാരണം വ്യക്തമാക്കുമോ?

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):

(ஏ) ஐயப்பன் கோவிலிலும் அதைச் சுற்றிலுமுள்ள கிருஷிக்காரர்கள் தங்கள் கைவசம் உள்ள பூமியில் கிருஷி செய்யக்கூடாது என்று கவர்ன்மெண்டார் பிறப்பித்த உத்தரவின் மூலம் அவர்கள் பிரயாசப்படுகிறார்கள் என்பது அரசாங்கத்தின் கவனத்தில் படவில்லை.

(பி) இந்த கவர்ன்மெண்டு உத்தரவுக்குமேல் கேள்வி எழவில்லை.

(ஸி) பாட்டக்காரர்களுக்கு அவரவர்களுக்கு வேறுபடுத்திக் கொடுக்கப்பட்டிருக்கும் பூமியில் கிருஷி செய்வதற்கு அனுமதி கொடுக்கப்பட்டிருக்கிறது.

(டி) (ஸி) யிலிருந்து இக் கேள்விக்கிடமில்லை.

ശ്രീ. സി. കെ. വിശ്വനാഥൻ: കുത്തകപ്പാട്ടം കൊടുക്കുന്ന വസ്തുക്കൾ എത്രവർഷത്തേക്കാണു കൊടുക്കുന്നതു്?

Shri A. Chidambaranatha Nadar: In certain cases it is 5 years, in others 12 years and in certain other cases 20 years.

ശ്രീ. സി. കെ. വിശ്വനാഥൻ: അച്ചൻകോവിലിൽ കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ള വസ്തുക്കൾ അഞ്ചുവർഷത്തെ കാലാവധി കഴിഞ്ഞു് ഇപ്പോൾ നോട്ടീസു കൊടുത്തിട്ടുണ്ടെന്നറിയാമോ?

Shri A. Chidambaranatha Nadar: Government have no information.

ശ്രീ. സി. കെ. വിശ്വനാഥൻ: അവിടെ അഞ്ചേക്കറിൽ കൂടുതൽ ഉള്ള കൃഷിക്കാർക്കു കൃഷി ചെയ്യാൻ അവസരം കൊടുത്തിട്ടില്ലേ. അതെ സംബന്ധിച്ചു ഗവണ്മെന്റിനു പരാതികിട്ടിട്ടുണ്ടോ?

Shri A. Chidambaranatha Nadar: This Government is not in the habit of showing any such discrimination.

ശ്രീ. സി. കെ. വിശ്വനാഥൻ: വി. സി. കുര്യൻ, വരകപ്പള്ളി കേശവപിള്ള ഇവർ അവിടെ അഞ്ചേക്കറിൽ കൂടുതൽസ്ഥലം കൈവശംവച്ചുകൊണ്ടു കൃഷി നടത്തുന്നതായി അവരുടെ പേരിൽ പരാതി കിട്ടിയിട്ടുണ്ടോ?

Shri A. Chidambaranatha Nadar: So far, no such complaint has been received.

ശ്രീ. സി. കെ. വിശ്വനാഥൻ: അങ്ങിനെ അവർ കൃഷി നടത്തുന്നതായി ബോദ്ധ്യപ്പെടുത്തിയാൽ നടപടി എടുക്കുമോ?

Shri A. Chidambaranatha Nadar: Let me know what the facts are in the first instance.

ശ്രീ. കെ. ജെ. തോമസ്: അവിടെ പാവപ്പെട്ട കർഷകരെ ഇറക്കിവിടുന്നതിനെസംബന്ധിച്ചു ഞാൻ ഈ സഭയിൽ കണ്ഠക്ഷോഭം ചെയ്തതെല്ലാം പോത്തിന്റെ ചെവിയിൽ വേദം ഓതിയതുപോലെയാണോ?

Shri A. Chidambaranatha Nadar: The hon. Member himself has represented to me about various things.

ശ്രീ. കെ. ജെ. തോമസ്: ഇപ്പോഴെങ്കിലും അവരുടെ കഷ്ടപ്പാടിനെ ഓർത്തു ഈ കൊല്ലത്തേക്കു എങ്കിലും അവരെ കൃഷിചെയ്യാൻ അനുവദിക്കുമോ?

Shri A. Chidambaranatha Nadar: If the hon Member has represented to the Revenue Minister, it will be looked into. If it is to the court, then I cannot.

ശ്രീ. ഗണപതി: അയ്യപ്പൻകോവിലിൽ എത്ര ഏക്കർസ്ഥലം കൊടുത്തിട്ടുണ്ട്?

Shri A. Chidambaranatha Nadar: I want notice.

ஸ்ரீ. கணபதி: 1950-51, இந்த நடப்பு வருஷத்திலும் அய்யப்பன்கோவிலிலும் அதைச் சுற்றியுள்ள இடங்களிலும் எவ்வளவு ஏக்கர் கிருஷி செய்யப்பட்டிருக்கிறது?

ஸ்ரீ. ஏ. சிதம்பரநாத நாடார்: அதற்கு எனக்கு நோட்டீஸ் வேண்டும்.

ஸ்ரீ. கணபதி: சில ஆள்களுக்கு தங்கள் கைவசமிருக்கிற புறம்போக்கு நிலங்களிலிருந்து வெளியேறும்படி உத்தரவு கொடுக்கப்பட்டிருக்கிறது. சிலருக்கு மாத்திரம் இருக்க அனுமதி கொடுக்கப்பட்டிருக்கிறது. அது ஏன்?

ஸ்ரீ. ஏ. சிதம்பரநாத நாடார்: கவர்ன்மெண்டின் அனுமதியில்லாமல் புறம்போக்கு நிலங்களில் இருப்பவர்களும், கைவசம் வைத்துக்கொண்டிருப்பவர்களும் வெளியில் தள்ளப்படுவார்கள் என்று நான் முன்பு எத்தனையோ தடவை இங்கு கூறியிருக்கிறேன்.

ஸ்ரீ. கணபதி: குத்தகைப் பாட்டத்திற்கு கொடுக்கப்பட்டிருக்கிறதா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: குத்தகைப்பாட்டம் பலவிதமாக உண்டு.

ശ്രീ. പി. വി. അവിരാതരകൻ: അവിടെ എന്തു കൃഷിയാണു ചെയ്യുന്നതെന്നു പറയാമോ?

ശ്രീ. എ. ചിദംബരനാഥനാടാർ: പലവിധകൃഷിയും നടത്തുന്നുണ്ട്.

ശ്രീ. പി. വി. അവിരാതരകൻ: അവിടെ നെൽകൃഷിയുള്ളതുകൊണ്ട് ഇക്കൊല്ലത്തേക്കുകൂടി അനുവദിക്കരുതോ?

Shri A. Chidambaranatha Nadar: That will be considered.

ശ്രീ. കെ. എ. ചാണ്ടി: അവിടെ ലാൻഡ് റിയലായി കൃഷി ചെയ്യുന്നവർക്ക സ്ഥിരമായി കൊടുക്കണമെന്നു ഉദ്ദേശമുണ്ടായിട്ടുണ്ടോ?

Shri A. Chidambaranatha Nadar: Yes. It is the intention of Government to reallot the land to the resident cultivators.

ശ്രീ. കെ. എം. ചാണ്ടി: അങ്ങിനെ ഉത്തരവുകൊടുത്തിരിക്കെ അവിടെ കൃഷിചെയ്യുന്നവരെ ഇറങ്ങിപ്പോകാൻ ഫാറസ്റ്റ് അധികൃതർ നിർബന്ധിക്കുന്നതായി അറിയാമോ?

Shri A. Chidambaranatha Nadar: No.

വനംവകുപ്പിൽനിന്നും കൃഷിക്കായി കൊടുത്തിട്ടുള്ള ഭൂമി.

* ഭവ്യ. [൮൪] ശ്രീ. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിൽനിന്നും കൃഷിക്കായി പാട്ടത്തിന് കൊടുത്തിട്ടുള്ള ഭൂമികളുടെ പാട്ടക്കാലാവധി നീട്ടാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇപ്രകാരം കൊടുത്ത ഭൂമികളിൽ കുടിപാർപ്പുള്ള സ്ഥലങ്ങൾ കാളനൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്താൻ ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ?

ரெவன்யூ இலாகா மந்திரி (ஸ்ரீ. ஏ. சிதம்பரநாத நாடார்):

(ஏ) வன இலாகா வகுப்பிலிருந்து பாட்டத்துக்குக் கொடுத்திருக்கும் பூமிகளில் வனத்தின் உள்பாகத்தில் இருப்பதும் வன பாதுகாப்பிற்கு மிக அவசியமானதுமான இடங்கள் நீங்கலாக மற்ற இடங்களை ரெவன்யூ இலாகா முகாந்திரம் நீண்டகால பாட்டத்துக்கு கொடுக்க உத்தேசிக்கப்பட்டிருக்கிறது.

(பி) மேற்கூறிய பாகத்திலிருந்து காலனிசேஷன் திட்டத்தை நடப்பிலாக்குவதற்கு தகுதியான இடங்களை எல்லாம் இந்த திட்டத்தில் உள்படுத்திக்கொள்வதற்கு உத்தரவிடப்பட்டிருக்கிறது.

ശ്രീ. വാസുദേവൻപിള്ള: സെൻട്രൽ ഡിസ്ട്രിക്ടിലെ ചില സ്ഥലങ്ങളിൽ കുടി പാർക്കുന്നവരെ ഒഴിപ്പിക്കാൻ ഉത്തരവു പുറപ്പെടുവിച്ചതായി അറിയാമോ?

Shri A. Chidambaranatha Nadar: No.

ശ്രീ. വാസുദേവൻപിള്ള: സെൻട്രൽ ഡിസ്ട്രിക്റ്റിലുള്ള കൊക്കാത്തോട്, ചെമ്മനകരി എന്ന രണ്ടു സ്ഥലങ്ങളിൽ കുടി പാർത്തിട്ടുള്ള ആളുകളെ ഒഴിപ്പിച്ചിട്ടുള്ളതായി അറിയാമോ?

Shri A. Chidambaranatha Nadar: If the forest authorities had found it absolutely indispensable for the conservation of the forests, they might have issued the order.

ശ്രീ. വാസുദേവൻപിള്ള: എക്സ്‌സർവീസുമെന്നിനും ബാക്ക്‌വേഡ് കമ്മ്യൂണിറ്റിസിനും കൊടുത്തിട്ടുള്ള സ്ഥലമാണ് ഈ സ്ഥലങ്ങളെന്നും അവർക്ക് അവിടെ സ്ഥിരമായി താമസിക്കുവാൻ കഴിയുമെന്നും ഉള്ള വിശ്വാസത്തോടുകൂടിയാണ് അവർ അവിടെ പ്രവേശിച്ചിട്ടുള്ളതെന്നും അങ്ങനെയുള്ളവരുടെ പേരിലാണ് നടപടി നടത്തിയിരിക്കുന്നതെന്നും അറിയാമോ?

Shri A. Chidambaranatha Nadar: During the time of reallotment, if such people as ex-service men and backward communities are evicted, they will be given compensation.

ശ്രീ. കെ. ജെ. തോമസ്: ഈ അലോട്ട്മെൻറ് എന്നത്തേയ്ക്ക് നടപ്പിൽ വരും?

Shri A. Chidambaranatha Nadar : That will be done very soon.

ശ്രീ. കെ. കരുണാകരൻ: വനസംരക്ഷണത്തിന് ആവശ്യമില്ലാത്ത സ്ഥലങ്ങൾ പതിച്ചുകൊടുക്കുന്നതിന് വിരോധമുണ്ടോ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: நான் சொன்ன விடையிலிருந்து தெரியவரும்.

ശ്രീ. കെ. കരുണാകരൻ: അങ്ങനെ വല്ല ആക്ഷേപങ്ങളും മന്ത്രിക്ക് കിട്ടിയിട്ടുണ്ടോ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: ஆட்சேபணைகள் வந்திருக்கின்றன. வன பாதுகாப்பிற்கு அவசியமான இடமாயிருந்தால் கொடுக்கப்படமாட்டாது. மேலால் வனத்தில் பூமி பதித்து கொடுப்பதில்லை என்பது அரசாங்கத்தின் திடமான கொள்கை. கட்டாயம் ஏற்பட்டால் வனத்தின் பாதுகாப்பிற்கு அவசியமில்லை என்று தோன்றுமிடங்களை பதித்து கொடுப்பது பற்றி ஆலோசிக்கப்படும்.

ശ്രീ. കെ. കരുണാകരൻ: ജനങ്ങൾ കൂട്ടമായി താമസിച്ചിരുന്നാലും അവരെ കുടിയിറക്കിവിടുമോ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: புறம்போக்குகளில் கவர்ன்மென்டு உத்தரவில்லாமல் பிரவேசித்திருப்பவர்கள் வெளியில் இறக்கப்படுவார்கள்.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കോളനൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള സ്ഥലം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

Shri A. Chidambaranatha Nadar : Government have already ordered in their proceedings that the Revenue Department should transfer to the Colonisation Officer those areas which are suitable for colonisation.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: കുത്തകപ്പാട്ട വ്യവസ്ഥയിൽ നൽകപ്പെട്ട സ്ഥലങ്ങളിൽ ഏതെങ്കിലും കോളനൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

Shri A. Chidambaranatha Nadar : I am not in a position to answer the question.

ஸ்ரீ. கணபதி: வனத்திற்கு அவசியமில்லாத இடங்களில் குடியேறி இருப்பவர்களையும் சர்க்கார் இறக்கவில்லையா?

ஸ்ரீ. ஏ. சிதம்பரநாதநாடார்: பல தடவைகள் நான் இதைப்பற்றி சொல்லியிருக்கிறேன். சர்க்கார் அனுமதியின்றி புறம்போக்கு நிலங்களிலும் வனங்களிலும் ஏறியிருப்பவர்கள் வெளியில் தள்ளப்படுவார்கள்.

ஸ்ரீ. கணபதி: ஷெடியூல் வகுப்பினர்-மலைஜாதியினர் வனத்தினுள் வசிக்கும் இடங்களையும், கிருஷி செய்யும் இடங்களையும் சர்க்கார் எடுப்பார்களா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: இவர்களை பொறுத்த வளவில் சர்க்கார் ஒரு உத்தரவு இட்டிருக்கிறது.

ஸ்ரீ. கணபதி: தேவிகுளம்-பீர்மேடு தாலூகாக்களில் வனங்களில் கிருஷி செய்ய இடம் கொடுப்பதற்கு சர்க்காரில் ஏதாவது ஒரு திட்டம் வகுக்கப்பட்டிருக்கிறதா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: தேவிகுளம்-பீர்மேடு வனங்களிலிருந்து கிருஷிக்கு இடம் கொடுக்க சர்க்காருக்குத் திட்டமில்லை.

ஸ்ரீ. கணபதி: அங்கு தாராளம் பூமி உண்டு என்பது கனம் மந்திரி அவர்களுக்குத் தெரியுமா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: அங்கு தாராளம் பூமி உண்டு என்பது ஸ்ரீ. கணபதியைப்போல் எனக்கும் தெரியும்.

ஸ்ரீ. கணபதி: வனத்திற்கு அவசியமான இடங்கள் நீங்கலாக மற்ற இடங்களை நீண்ட கால பாட்டத்திற்கு கொடுக்கப்படும் என்று. எந்த முறையில், எந்தவிதமாக கொடுக்கப்படும்?

ஸ்ரீ. ஏ. சிதம்பரநாத நாடார்: என்ன முறையில் கொடுக்கவேண்டுமென்று சர்க்கார் ஒரு முடிவுக்கும் வரவில்லை.

ஸ்ரீ. கணபதி: வனத்திற்கு உபயோகமில்லாத இடங்களில் கிருஷி செய்பவர்கள் இறக்கப்படுவார்களா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: சர்க்கார் உத்தரவில்லாமல் ஏறியிருந்தால் அவர்கள் இறக்கப்படுவார்கள். பட்டிகை ஜாதி பொறுத்தவளவில் சர்க்கார் உத்தரவில்லாமல் ஏறியிருந்தாலும் சர்க்காருக்கு அவசியமில்லாத இடங்களிலிருந்து இறக்கப்படமாட்டார்கள் என்று இந்த சபையில் பல தடவைகள் நான் கூறியிருக்கிறேன்.

ஸ்ரீ. கணபதி: இந்தயிடங்களிலிருந்து ஹரிஜனங்கள் வெளியேற்றப்பட்டிருக்கிறார்களா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: தங்களது கேள்வி கேட்கவில்லை.

ஸ்ரீ. கணபதி: தேவிகுளம்-பீர்மேடு வனங்களில் வனத்தின் பாதுகாப்பிற்கு அவசியமில்லாத இடங்களில் குடியேறியிருக்கும் ஹரிஜனங்கள் மாற்றப்பட்டிருக்கிறார்களா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: அப்படி நடந்ததாக எனக்குத் தெரியவில்லை.

ஸ்ரீ. கணபதி: இதைப்பற்றி கவர்ன்மெண்டுக்கு மனுக்கள் வந்ததுண்டா?

ஸ்ரீ. ஏ. சிதம்பரநாத நாடார்: வந்ததுண்டு. அதன்பேரில் நேரில் நான் போய் பார்த்தேன். நானும் ஸ்ரீ. கொச்சுகுட்டனும் போய் விசாரித்தோம். அப்படி ஒரு புகாரும் இல்லை.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: റാന്നിയിലെ റിസർവിൽ പിന്നോക്കസമുദായക്കാർക്ക് കൊടുത്തിട്ടുള്ള ൨൧൫ ഏക്കർ സ്ഥലത്തുനിന്നും മുമ്പുകുറെ പുലയരെയും പറയരെയും ഇറക്കിവിടുകയുണ്ടായല്ലോ. ശ്രീ. ടി. കെ. നാരായണപിള്ളയുടെ കാലത്താണ് അവരെ ഇറക്കിവിട്ടത്. അവർക്ക് ഇതുവരെ സ്ഥലം കൊടുത്തിട്ടില്ലെന്നറിയാമോ?

ஸ்ரீ. ஏ. சிதம்பரநாத நாடார்: அதைப்பற்றி விசாரிக்காமல் பதில் சொல்ல முடியாது.

നഴ്സുമാർക്ക് പാർപ്പിടസൗകര്യം

*൮൩൯. [൨൫] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) സംയോജനത്തിനുമുമ്പ് കൊച്ചിയിൽ നഴ്സുമാർക്ക് വാടക കൂടാതെ പാർപ്പിടസൗകര്യവും ഒരു അരിവെപ്പുകാരിയേയും നിശ്ചയിച്ച് കൊടുക്കാറുണ്ടായിരുന്നുവോ ?

(ബി) ഇപ്പോൾ നഴ്സുമാരിൽനിന്നു താമസസ്ഥലത്തിനു വാടക ഈടാക്കിവരുന്നുണ്ടോ ; ഉണ്ടെങ്കിൽ എന്തു തോതിൽ ;

(സി) നഴ്സുകൾക്ക് യൂണിഫോം സൗജന്യമായി കൊടുക്കുന്ന ഏർപ്പാടു നിർത്തിക്കളഞ്ഞുവോ ;

(ഡി) മട്ടാഞ്ചേരിയിലെ ആശുപത്രികളിൽ എല്ലാം നഴ്സുമാർക്കും ഇക്കഴിഞ്ഞ വർഷം ഉടുപ്പു കൊടുത്തിട്ടുണ്ടോ ?

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ഉണ്ടായിരുന്നു.

(ബി) ഗവണ്മെൻറ കെട്ടിടങ്ങളിൽ താമസിക്കുന്നവരിൽനിന്നും അവരവരുടെ ശമ്പളത്തിൽ പത്തു ശതമാനം വാടകയായി ഈടാക്കുന്നു.

(സി) ഇല്ല.

(ഡി) ഉണ്ട്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ : പുതനായി വാടക ഈടാക്കാൻ ഗവണ്മെൻറ് തീരുമാനിച്ചതു് എന്തുകൊണ്ടാണ് ?

ശ്രീ. വി. മാധവൻ : തിരുവിതാംകൂർ വിഭാഗത്തും കൊച്ചി വിഭാഗത്തും രണ്ടുതരത്തിൽ വാടക സംപ്രദായം പാടില്ല എന്നു തീരുമാനിച്ചതുകൊണ്ട്. തിരുവിതാംകൂർ ഭാഗത്തു നേഴ്സുകൾക്ക് വാടക സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുന്നില്ല. അതേകീകരിക്കുന്നതിനുവേണ്ടി എടുത്ത നടപടിയാണ്.

ശ്രീ. സി. അച്യുതമേനോൻ : നേഴ്സുകളുടെ ശമ്പളം എന്താണ് ?

ശ്രീ. വി. മാധവൻ : നേഴ്സുകൾ പല ഗ്രേഡുകളിലുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ കെട്ടിടങ്ങളിൽ ഓരോന്നിലും എത്ര ആളുകൾ താമസിക്കുന്നുണ്ട് ?

ശ്രീ. വി. മാധവൻ : അതു് കെട്ടിടത്തിൻെറ സൗകര്യം പോലെയിരിക്കും.

ശ്രീ. ടി. കെ. ദിവാകരൻ : കെട്ടിടത്തിൻെറ വലിപ്പം അനുസരിച്ചല്ലാതെ താമസിക്കുന്ന ആളിൻെറ ശമ്പളം അനുസരിച്ച് വാടക ഈടാക്കുന്നതു ശരിയാണോ ?

ശ്രീ. വി. മാധവൻ : താമസിക്കുന്നവർക്ക് സ്ഥലസൗകര്യം പോരാ എന്നു് ആരും ഇതുവരെ പരാതിപ്പെട്ടിട്ടില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ : ഈ ഇനത്തിൽ ഗവണ്മെൻറിനു് എന്തു തുക ലഭിക്കുന്നുണ്ട് ?

ശ്രീ. വി. മാധവൻ : ആ ഇനത്തിൽ ഗവണ്മെൻറിനു് എന്തു വരവുണ്ടെന്നു് ഗവണ്മെൻറിനിപ്പോൾ പറയാൻ നിവൃത്തിയില്ല.

മലവങ്കക്കാരുടെ ഉദ്ധാരണം.

* ൫൩൦. [൮൭] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഇക്കഴിഞ്ഞ ബഡ്ജറ്റുവർഷത്തിൽ മലവങ്കക്കാരുടെ ഉദ്ധാരണത്തിനുവേണ്ടി ആകെ എത്ര ഉറപ്പിക ചെലവായി;

(ബി) ഏതെല്ലാം ഇനങ്ങളിലായിട്ടായിരുന്നു ഇവരുടെ ഉദ്ധാരണപ്രവർത്തനങ്ങൾ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ൧,൨൦൦ രൂപ.

(ബി) മലവങ്കക്കാരുടെ കുട്ടികൾക്കു് പ്രാഥമികവിദ്യാഭ്യാസം നടത്തുന്നതിനു് പ്രത്യേക സ്കൂളുകൾ നടത്തുക, മലവങ്കക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘടനകൾക്കു് ഗ്രാൻറു നൽകുക, സഹകരണസംഘങ്ങൾ സ്ഥാപിക്കുക മുതലായവയായിരുന്നു ഉദ്ധാരണപ്രവർത്തനങ്ങൾ.

ക്ഷയരോഗികൾ.

* ൫൩൮. [൮൧] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നാഗർകോവിലിൽ ക്ഷയരോഗാശുപത്രിയിൽ ഒരു ക്ഷയരോഗിക്കു് ഒരു ദിവസത്തേയ്ക്കനുവദിച്ചിട്ടുള്ള ആഹാരച്ചെലവു് എത്ര രൂപയാണു്;

(ബി) ഈ നിരക്കനുസരിച്ചു് രോഗികൾക്കു് ഇപ്പോഴും ഭക്ഷണസാധനങ്ങൾ അനുവദിക്കുന്നുണ്ടോ;

(സി) ക്ഷയരോഗാശുപത്രിയിൽ ഇപ്പോൾ എത്ര കിടക്കകൾ ഉണ്ടു്;

(ഡി) രോഗികൾ ആകെ എത്ര പേരുണ്ടു് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) രൂപ ൮. അണ ൯.

(ബി) ഉണ്ടു്.

(സി) ൮൯൯.

(ഡി) ൨൪൯.

ശ്രീ. ആർ. സുഗതൻ : അനുവദിച്ചിട്ടുള്ള തുകയ്ക്കു് ആഹാരസാധനങ്ങൾ ഈ രോഗികൾക്കു കിട്ടുന്നില്ലെന്നു അവരുടെ പരാതികൾ ഗവണ്മെൻറിനു് കിട്ടിയിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ : അങ്ങനെ പരാതി കിട്ടിയിട്ടില്ല.

സഹകരണ കാൺഫറൻസ്.

*൫൯൨. [൧൮] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഡിസംബർ ൨൮, ൨൯ തീയതികളിൽ തിരുവനന്തപുരത്തു വിളിച്ചു കൂട്ടിയ സഹകരണ കാൺഫറൻസിന്റെ ശുപാർശകളിന്മേൽ എന്തു നടപടിയെടുത്തു ;

(ബി) പ്രസ്തുത ശുപാർശകളനുസരിച്ചു സഹകരണപ്രസ്ഥാനം പുനഃസംഘടിപ്പിക്കാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ ;

(സി) സഹകരണ പ്രസ്ഥാനത്തെ സംബന്ധിച്ച് ഗവണ്മെന്റിന് പ്രത്യേകമായ വല്ല നയവുമുണ്ടോ ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ഗവണ്മെന്റിന്റെ പര്യാലോചനയിൽ ഇരിക്കുകയാണ്.

(ബി) എയുടെ ഉത്തരംകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

Appointment of Panchayat Inspectors.

*593 [19] **Shri A. Kunjan Nadar:** Will the Minister for Local Self Government be pleased to state:

(*a*) when was the interview for the appointment of the four additional Panchayat Inspectors in the Panchayat Department conducted by the Public Service Commission;

(*b*) the names of the officers who were interviewed by the Public Service Commission on that date;

(*c*) the names of the officers who were selected and recommended to Government by the Public Service Commission for appointment as Panchayat Inspectors;

(*d*) the names of officers appointed as Panchayat Inspectors by Government; and

(*e*) what were the principles adopted by the Government for the appointment of these Panchayat Inspectors?

Minister for Local Self Government **(Shri K. Kochukuttan):**

(*a*) On 8th May, 1952.

(*b*) List is placed on the table. †

(*c*) 1. P. K. Davassy.

2. N. A. Parameswaran.
3. N. Harihara Aiyar.
4. V. C. George.

† Please see Appendix II.

(*d*) 1. M. Krishna Menon.

2. P. K. Davassy.

3. N. A. Parameswarn.

4. V. C. George.

(*e*) The integration of the Panchayat Department has not been finalised. So, out of the four posts, two were allotted to the Cochin branch and two posts were allotted to the Travancore branch. The senior-most persons in either branch were appointed as Inspectors.

ശ്രീ. എ. കുഞ്ഞൻ നാടാർ: പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ റെക്കമെന്റേഷൻ ഗവൺമെന്റ് സ്വീകരിക്കാഞ്ഞതിന്റെ കാരണമെന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: പബ്ലിക് സർവ്വീസ് കമ്മീഷൻ സെലക്ഷൻ നടത്തി ഇന്റർവ്യൂന ആളുകളെ വിളിച്ചു.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടല്ലേ പബ്ലിക് സർവ്വീസ് കമ്മീഷൻ interview നടത്തിയത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവൺമെന്റാവശ്യപ്പെട്ടത് തിരുവിതാംകൂറിലും കൊച്ചിയിലും ഉള്ള ഉദ്യോഗസ്ഥന്മാരിൽ നാലുപേരെ സീനിയോറിറ്റി അനുസരിച്ച് തെരഞ്ഞെടുക്കാനാണ്.

ശ്രീ. എ. കുഞ്ഞൻ നാടാർ: പിന്നെ എന്തുകൊണ്ട് അവർ നടത്തിയ നിയമനം ഗവൺമെന്റ് അംഗീകരിച്ചില്ല?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവർ സീനിയോറിറ്റി അനുസരിച്ചു സെലക്ഷൻ നടത്തുകയല്ല ഉണ്ടായത്. ഇന്റർവ്യൂ നടത്തി സെലക്റ്റ് ചെയ്തു. അതിൽ ജൂനിയറന്മാരെയും സെലക്റ്റ് ചെയ്തിട്ടുണ്ടായിരുന്നു.

ശ്രീ. എ. കുഞ്ഞൻ നാടാർ: തിരിയെ സീനിയോറിറ്റി അനുസരിച്ച് സെലക്റ്റ് ചെയ്യണമെന്നു പബ്ലിക് സർവ്വീസ് കമ്മീഷനോടാവശ്യപ്പെട്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇല്ല. നിയമനം നടത്തേണ്ടതു വളരെ ആവശ്യമായതുകൊണ്ട് വീണ്ടും പബ്ലിക് സർവ്വീസ് കമ്മീഷനോടാവശ്യപ്പെട്ടാൽ കാലതാമസം വരുമെന്നു കണ്ടിട്ട് തിരുവിതാംകൂർ ഭാഗത്തുനിന്നും കൊച്ചിഭാഗത്തുനിന്നും തൽക്കാലത്തേക്ക് രണ്ടുപേരെ നിയമിക്കുകയാണുണ്ടായത്. മററുള്ളവരുടെ സീനിയോറിറ്റിയെ ഇതു ബാധിക്കുന്നതല്ലെന്നു പ്രത്യേകം ഉത്തരവിൽ പറഞ്ഞിട്ടും ഉണ്ട്.

Mr. Speaker: When the Public Service Commission Report comes before the House, this can be taken up.

Shri A. Kunjan Nadar: But I want to show that Government have shown favouritism.

Mr. Speaker: Well, then you may put the question.

ശ്രീ. എ. കുഞ്ഞൻ നാടാർ: കൊച്ചിയിൽനിന്നും നിയമിച്ച ആളുകളെക്കാൾ സീനിയറായ ഉദ്യോഗസ്ഥന്മാരുണ്ടോ?

Mr. Speaker: That is the reason why it was answered that without prejudice to the claims of the senior men, the appointments were made provisionally,

ശ്രീ. എ. കുഞ്ഞൻ നാടാർ: കൊച്ചിയിൽ നിന്നും എടുത്തിട്ടുള്ള ആളും സീനിയോറിറ്റി നോക്കിയല്ല നിയമിക്കപ്പെട്ടിരിക്കുന്നതെന്നു ഗവൺമെന്റിനറിയാമോ?

Mr. Speaker: All that has been answered.

Shri P. S. Nataraja Pillai: On a question of fact, Sir: Was there a reference from the Government that the Public Service Commission should make recommendations on the basis of seniority alone?

Shri K. Kochukuttan: Yes, it is so.

Shri P. S. Nataraja Pillai: Was there a reference to the Public Service Commission that their selection should be based on the seniority of the service?

Shri K. Kochukuttan: Yes.

Shri P. S. Nataraja Pillai: Did they act outside their reference?

Shri K. Kochukuttan : Yes, they have gone.

ശ്രീ. ടി. കെ. ദിവാകരൻ: സിക്രട്ടറിയേറ്റിൽതന്നെ ഈ സീനിയോറിറ്റി നോക്കിയാൽ പോരായിരുന്നോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നോക്കുന്നതായാൽ കുറേക്കൂടി നന്നായിരിക്കുമെല്ലോ എന്നു വിചാരിച്ചു.

ശ്രീ. എ. താണുപിള്ള: ഇന്നു സർവ്വീസിലിരിക്കുന്നവരിൽ നിന്നു സീനിയോറിറ്റിനോക്കി നിയമിക്കണമൊ, അതല്ല പുറമെ നിന്നും അപേക്ഷകൾ സ്വീകരിച്ചു നിയമിക്കണമൊ എന്നു തീരുമാനിക്കാനുള്ള അധികാരം പബ്ലിക്ക് സർവ്വീസ് കമ്മീഷനാണോ, ഗവൺമെന്റിനാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവൺമെന്റിനാണധികാരം.

ശ്രീ. എ. താണുപിള്ള: അങ്ങനെയാണോ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ റൂൾസിൽ പറയുന്നതു്; യോഗ്യത നിശ്ചയിക്കേണ്ടതു് പബ്ലിക്ക സർവ്വീസ് കമ്മീഷൻ ആണു് എന്നല്ലേ?

Mr. Speaker : Order, order. The time for interpellations is almost over. There is only half a minute more, and there is a short notice question, to be answerd.

SHORT NOTICE QUESTION.

വോട്ടേഴ്സ് ലിസ്റ്റ്.

൧. [@] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു തിരഞ്ഞെടുപ്പിനുള്ള വോട്ടേഴ്സ് ലിസ്റ്റ് പൊതുജനങ്ങൾക്ക് കിട്ടുന്നതിന് എന്തെല്ലാം ഏർപ്പാടുകളാണ് ചെയ്തിരിക്കുന്നതു്;

(ബി) ഓരോ വാർഡിനും വെറെ വെറെയായി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(സി) ഈ ലിസ്റ്റുകൾക്ക് എന്തു നിരക്കിലാണ് വില ഇട്ടിരിക്കുന്നതു്?

തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) വോട്ടേഴ്സ് ലിസ്റ്റ് പഞ്ചായത്തു ആഫീസുകളിലും അതാതു് പഞ്ചായത്തിനെ സംബന്ധിക്കുന്ന പകുതിക്കച്ചേരികളിലും എലക്ഷൻ ആഫീസുകളിലും പരസ്യം ചെയ്തിട്ടുണ്ട്. കൂടാതെ പഞ്ചായത്തു ഇൻസ്പെക്ടറന്മാരുടെ ആഫീസിൽ വിൽക്കുന്നതിനും ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ലിസ്റ്റ് ഷീറ്റിന് ഒരണ എന്ന കണക്കിനാണ് വിലയിട്ടിരിക്കുന്നതു്. ഒരു ഭാഗത്തിന് അരയണ.

ശ്രീ. സി. അച്യുതമേനോൻ: ഒരു പഞ്ചായത്തു വോട്ടേഴ്സ് ലിസ്റ്റിന് എന്തു വിലയാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അഞ്ചോ പത്തോ അണ വിലവരും.

ശ്രീ. സി. അച്യുതമേനോൻ: പഞ്ചായത്തു് ഇൻസ്പെക്ടറന്മാരുടെ ആഫീസുകളിലാണോ ഇവ കിട്ടുന്നതു്?

ശ്രീ. കെ കൊച്ചുകുട്ടൻ: അതെ.

ശ്രീ. സി. അച്യുതമേനോൻ: ഓരോ താലൂക്കിലുമുള്ള പകുതിക്കച്ചേരികളിൽ ഈ വോട്ടേഴ്സ് ലിസ്റ്റ് വാങ്ങാൻ സാധിക്കത്തക്കവണ്ണമുള്ള ഏർപ്പാടുകൾ ചെയ്യുകയല്ലേ നല്ലതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെപ്പറ്റി ആലോചിക്കാം.

UNSTARRED QUESTIONS.

കായൽപതിവ്.

൩൩൬. [൧] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കായൽ കൃഷിക്കായി പതിച്ചുകൊടുക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; ഇപ്പോൾ കൃഷി ചെയ്യുന്നതിനു ആർക്കെങ്കിലും പതിച്ചുകൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആർക്കാണ്?

ഉത്തരം.

തൽക്കാലം ഉദ്ദേശിക്കുന്നില്ല. ഇപ്പോൾ കൃഷിചെയ്യുന്നതിനു ആർക്കും പതിച്ചുകൊടുത്തിട്ടില്ല.

Municipalities.

337. [2] **Shri A. Samraj:** Will the Minister for Local Self Government be pleased to state:

(*a*) what is the total annual income and expenditure of the various municipalities and Corporations in our State in the year 1951-1952;

(*b*) the municipalities which owe debts to the Government and the amount of such debts?

Answer.

(*a*) A statement showing the income and expenditure of the Local Bodies concerned is given below:—

Name of Municipal Council		*Total income for 1951-52 including Debt Head*			*Total expenditure for 1951-52 including Debt Head*		
		Rs.	*A.*	*P.*	*Rs.*	*A.*	*P.*
1. Alleppey	..	3,47,640	0	0	3,27,722	0	0
2. Quilon	..	2,73,525	0	0	2,30,920	0	0
3. Nagercoil	..	3,61,142	0	0	4,82,280	0	0
4. Kottayam	..	3,10,033	0	0	3,02,087	0	0
5. Parur	..	66,471	0	0	57,327	0	0
6. Changanacherry	..	1,28,056	0	0	1,12,160	0	0
7. Shencottah	..	47,368	0	0	51,218	0	0
8. Kuzhithurai	..	67,432	0	0	51,961	0	0

Name of Municipal Council		Total income for 1951-52 including Debt Head			Total expenditure for 1951-52 including Debt Head		
		Rs.	A.	P	Rs.	A.	P.
9. Padmanabhapuram	..	38,513	0	0	33,997	0	0
10. Neyyattinkara	..	56,339	0	0	45,340	0	0
11. Kayamkulam	..	49,142	0	0	9,828	0	0
12. Thiruvalla	..	54,942	0	0	42,381	0	0
13. Alwaye	..	91,584	0	0	85,467	0	0
14. Vaikom	..	36,116	0	0	32,077	0	0
15. Colachel	..	25,804	0	0	25,620	0	0
16. Attingal	..	41,873	0	0	39,640	0	0
17. Mavelikara	..	28,243	0	0	26,442	0	0
18. Palai	..	21,176	0	0	7,361	0	0
19. Trichur	..	5,50,228	0	0	6,69,183	0	0
20. Ernakulam	..	6,30,547	0	0	5,43,588	0	0
21. Mattancherry	..	3,57,935	0	0	3,72,570	0	0
22. Kunnamkulam	..	1,02,497	0	0	82,179	0	0
23. Irinjalakuda	..	81,283	0	0	1,14,247	0	0
24. Chittur-Tattamangalam	..	1,18,579	0	0	99,961	0	0
25. Trivandrum Corporation	..	10,20,279	11	2	10,12,742	4	7

(b) A statement showing the outstanding balances of loans granted to the Local Bodies concerned is given below:—

Name of Municipal Council		Amount due.		
1. Alleppey	.. S. Rs.	5,10,241	15	0
2. Nagercoil	.. ,,	11,36,797	7	1
3. Shencottah	.. I. Rs.	2,02,193	14	1
4. Trichur	.. ,,	1,30,625	13	10
5. Changanacherry	.. ,,	52,472	10	1
6. Vaikom	.. ,,	4,060	2	8
7. Ernakulam	.. ,,	83,666	10	8
8. Irinjalakuda	.. ,,	82,719	0	0
9. Trivandrum Corporation	.. ,,	2,05,872	11	11

ഡാക്ടരുടെ ശമ്പളം.

൩൩൮. [൩] ശ്രീ. വറുണ്ണി പുളിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗ്രാൻറ് ഇൻ എയിഡ് ഡിസ്പെൻസറികളിൽ മാസംതോറും കിട്ടേണ്ട ഡാക്ടരുടെ അലവൻസും, അതാതുകാലത്ത് കിട്ടേണ്ട മരുന്നുകളും കിട്ടുന്നില്ലെന്ന ആക്ഷേപം ഉണ്ടെന്നു ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കല്ലേറ്റുങ്കര ഡിസ്പെൻസറിയിലെ ഡാക്ടരുടെ ശമ്പളം കഴിഞ്ഞ ഒരു വർഷത്തേതു് ഏതു മാസത്തിലാണു് കൊടുത്തിട്ടുള്ളതു്;

(സി) ടി ഡിസ്പെൻസറിയിലേക്കു് അനുവദിച്ചിട്ടുള്ള മരുന്നു കഴിഞ്ഞവർഷത്തേതു് അനുവദിച്ചതെന്നാണെന്നും, അതു് ഡിസ്പെൻസറിയിൽ കിട്ടിയതു് എന്നാണെന്നും വ്യക്തമാക്കുമോ?

ഉത്തരം.

(എ) ഇല്ല.

(ബി) കഴിഞ്ഞവർഷത്തെ ശമ്പളം താഴെ കാണുന്ന രീതിയിൽ കൊടുത്തിട്ടുണ്ടു്.

മാസം	കൊടുത്ത തീയതി		
൧/൫൨	൧൨	൨	൫൨
൨/൫൨	൧൧	൩	൫൨
൩, ൪, ൫/൫൨	൧൨	൭	൫൨
൬/൫൨	൭	൮	൫൨
൭, ൮/൫൨	൯	൧൦	൫൨

ബാക്കിയുള്ള മാസങ്ങളിലേക്കുള്ള ശമ്പളത്തിനു് ബില്ലു് പാസാക്കി അയച്ചിട്ടുണ്ടു്. തുക വാങ്ങിച്ചതായി അറിയാൻ പാടില്ല.

(സി) ൧൯൫൧-൫൨-ലേക്കുള്ള മരുന്നു് ൮-൧൨-൧൯൫൨-ൽ കൊടുത്തു.

കണ്ടിജൻസി ജീവനക്കാർ.

൩൩൯. [൪] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഗവൺമെൻറു് ആശുപത്രികളിൽ ജോലിനോക്കിവരുന്ന കണ്ടിജൻസി ജീവനക്കാരുടെ ആകെ എണ്ണം എത്ര;

(ബി) ഇവരെ നിയമിക്കുന്നതാരാണു്;

(സി) ൧൯൫൨-ൽ ഇവരിൽ എത്രപേരെ പിരിച്ചുവിട്ടിട്ടുണ്ടു്;

(ഡി) പിരിച്ചുവിടാനുള്ള കാരണമെന്തു്;

(ഇ) പിരിച്ചുവിട്ടിട്ടുള്ളതാരാണു്;

(എഫ്) പിരിച്ചുവിടുന്നതിനുമുൻപായി ഡിപ്പാർട്ടുമെൻറു് മേലധ്യക്ഷന്മാരായോ, ഗവണ്മെൻറുമായോ ആലോചിച്ചിട്ടുണ്ടോ;

(ജി) കണ്ടിജൻസി ജീവനക്കാരുടെ ജോലിസമയം ആഴ്ചയിൽ എത്രമണിക്കൂർ വീതമാണു്?

ഉത്തരം.

(എ) ൧൧൨൯.

(ബി) സർജ്ജൻ ജനറൽ.

(സി) ൨.

(ഡി) (൧) കണ്ടിജൻസി ചെലവു ചുരുക്കൽ നയം.
(൨) ജോലിക്കു കഴിവില്ലായ്മ.

(ഇ) സർജ്ജൻ ജനറൽ.

(എഫ്) ഉണ്ടു്.

(ജി) ഒന്നു മണിക്കൂർ മുതൽ ൨൪ മണിക്കൂർ വരെ.

എംപ്ലോയിമെൻറ് എക്സ്ചേഞ്ചു്.

൩൪൦. [൫] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ എംപ്ലോയിമെൻറ് എക്സ്ചേഞ്ചുവഴി ൧൯൫൨-ൽ എത്രപേർക്കു ഉദ്യോഗം ലഭിച്ചിട്ടുണ്ടു്;

(ബി) ൧൯൫൨-൫൩-ൽ ഈ എക്സ്ചേഞ്ചു് ഭരണത്തിൽ ഗവണ്മെൻറിനു് എത്ര രൂപ ചെലവായി;

(സി) ഗവണ്മെൻറ സർവ്വീസിലേക്കുള്ള ഏതെങ്കിലും നിയമനങ്ങൾ എംപ്ലോയിമെൻറ് എക്സ്ചേഞ്ചുവഴി നടത്തണമെന്നു എക്സ്ചേഞ്ചു അഡ്വൈസറികമ്മിററി ഗവണ്മെൻറിലേക്കു് ശുപാർശചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം നിയമനങ്ങൾ ആണു്;

(ഇ) ഇക്കാര്യത്തിൽ ഗവണ്മെൻറ് എന്തു തീരുമാനം സ്വീകരിച്ചിട്ടുണ്ടു്?

ഉത്തരം

(എ) ൧൯൨.

(ബി) ൧൯൫൨ ഏപ്രിൽ ൧-ാംനു മുതൽ ൧൯൫൩ ജനുവരി അവസാനംവരെ ൨൧,൧൦൦ രൂപ ൧൨ അണ ൨ പൈസ ചെലവായിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) (൧) പബ്ലിക്ക്സർവ്വീസ്കമ്മീഷൻെറ പരിധിയിൽ പെടാത്ത നിയമനങ്ങൾ

(൨) ഗവണ്മെൻറസർവ്വീസിൽ ശിപായിമാർ മുതലായ കുറഞ്ഞതരം ഉദ്യോഗങ്ങൾ.

(൩) സ്റ്റേററ് എക്സൈസ് വകുപ്പിലുള്ള ശിപായിമാർ.

(ദ) സ്റ്റേററ് ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലേക്കുള്ള ഡ്രൈവറന്മാർ, കൺഡക്ടറന്മാർ, ക്ലീനറന്മാർ മുതലായവർ.

(ഈ) പബ്ലിക്കസർവ്വീസ് കമ്മിഷൻെറ പരിധിയിൽ ഉൾപ്പെടാത്തതും പബ്ലിക്ക് സർവ്വീസ് കമ്മിഷന കാൻറിഡേററുകളും ഇല്ലാത്തതുമായ നിയമനങ്ങളും എംപ്ലായിമെൻറ് എക്സ്ചേഞ്ചു മുഖേന നടത്തണം എന്നുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്.

Anglo-Indians in the Prohibition Department.

341. [6] **Shri A. A. D. Luiz:** Will the Minister for Medicine be pleased to state:

(*a*) the number of Anglo-Indians now working in the Excise and Prohibition Departments and their grades of pay; and

(*b*) has there been any recruitment of Anglo-Indians to the Department during the past five years?

Answer.

(*a*)	Excise Inspector on Rs. 80-120 ..	1
	Typist on Rs. 30-45 ..	1
	I Grade Preventive Officer on Rs. 40 ..	1
	III Grade Guard on Rs. 20 ..	2
		5

(*b*) Yes; one Anglo-Indian lady was appointed as acting Typist on Rs. 30-45 in the Excise Department on 16-12-1952 on the advice of the Public Service Commission.

Extraction of Timber.

342 [7] **Shri A. A. D. Luiz:** Will the Minister for Revenue be pleased to state:

(*a*) the extent of forest clear-felled area and area from where extraction of timber has taken place during the past five years;

(*b*) the extent replanted during the past five years;

(*c*) is it the present policy of Government not to replant forest areas from where extraction of timber has been carried out,

Answer.

(*a*) 3,241 acres have been clear-felled. The extent of the area from where extraction of timber has taken place cannot be easily worked out as it covers a vast area.

(*b*) 3,029 acres

(*c*) No.

Kuthagapattam.

343. [9] **Shri T. S. Ramaswami:** Will the Minister for Revenue be pleased to state:

(*a*) the number of persons who were given lands on Kuthagapattom basis in South Travancore in the year 1951-52; and

(*b*) the area of lands thus given?

Answer.

(*a*) 93.

(*b*) 116 acres,-83.976 cents.

Registry Office at Piravom.

344. [10] **Shri M. V. Cheriyan:** Will the Minister for Revenue be pleased to state:

(*a*) Have the Government received any representation for establishing a Registry Office at Piravom; and

(*b*) Considering the difficulties experienced by the people, would the Government take earliest steps for establishing a Registry Office at Piravom?

Answer.

(*a*) Yes.

(*b*) If, after investigation, it is found necessary to establish a Sub-Registry Office at Piravom, Government will take steps to establish a Sub-Registry Office there.

ഡിസ്പെൻസറി.

൩൪൫. [൧൧] ശ്രീ. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽ വള്ളിക്കോട്ട് ഒരു ഡിസ്പെൻസറി തുടങ്ങുന്നതിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ബി) അവിടെ ഒരു ഡിസ്പെൻസറി തുടങ്ങുവാൻവേണ്ട നടപടികൾ നടത്തുമോ?

ഉത്തരം.

(എ) ഉണ്ട്.
(ബി) ആലോചനയിൽ ഇരിക്കുന്നു.

കേരളവർമ്മ ആയുർവേദിക് ഫാർമസി.

൩൪൬. [൧൩] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയംമറുപടി പറയുമോ;

(എ) തൃശ്ശൂർ ശ്രീ. കേരളവർമ്മ ആയുർവ്വേദിക് ഫാർമസിയിൽ ഔഷധനിർമ്മാണജോലിയിൽ എത്രപേരെ വേലക്കു നിയമിച്ചിട്ടുണ്ട്;
(ബി) അവരെ ദിവസക്കൂലിക്കാരായിട്ടാണോ ഗണിക്കുന്നത്; അവർക്കു നൽകിവരുന്ന കൂലിയെന്ത്;
(സി) ഇവരിൽ ഏററവും കൂടുതൽ കാലം സ്ഥിരമായി ഇതേജോലിയിൽ നിന്നിട്ടുള്ളവരുടെ സർവ്വീസെത്ര;
(ഡി) ഇവരെ സ്ഥിരം സർവ്വീസിൽ എടുക്കാതിരിക്കാൻ കാരണമെന്ത്;
(ഇ) എന്നുമുതൽക്കാണ് ദിവസക്കൂലിക്കാരാക്കിയത്?

ഉത്തരം.

(എ) ഇപ്പോഴും ഇരുപത്തിഅഞ്ചു വേലക്കാരെ ജോലിക്കു നിയമിച്ചിട്ടുണ്ട്.

(ബി) അതേ. ഒരു രൂപ നാലണ.
(സി) സ്ഥിരമായി വേലക്കാർ ജോലിയിൽ ഇവിടെ ആരും നിന്നിട്ടില്ല.
(ഡി) സ്ഥിരമായി ഇവരെ എടുക്കാതിരിക്കുവാനുള്ള കാരണം ഇവർ കാഷ്വൽ വേലക്കാരായതുകൊണ്ടാണ്.
(ഇ) ഫാർമസി തുടക്കം മുതൽക്കുതന്നെ കാഷ്വൽ വേലക്കാർ ദിവസക്കൂലിക്കാരാണ്.

Small Pox.

347. [14] **Shri N. P. Varghese:** Will the Minister for Medicine be pleased to state:

(*a*) whether Government are aware that there is an outbreak of smallpox in Kavalangad area in Muvattupuzha taluk;

(*b*) how many deaths occurred as a result;
(*c*) where did the infection come from;
(*d*) what steps did Government take; and
(*e*) has the infection ceased to spread?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, ഈ ഭേദഗതിയും സ്വീകരിക്കേണ്ട ആവശ്യമില്ല. "wilful intentional act of waste"-ന് വസ്തു ഒഴിപ്പിക്കുവാൻ കോടതി വിധിച്ചിട്ടുണ്ട്. കോടതിവിധി അനുസരിച്ച് വസ്തു ഒഴിപ്പിക്കുവാൻപോകുന്ന അവസരത്തിൽ അങ്ങിനെ വസ്തു ഒഴിഞ്ഞുകൊടുക്കരുതെന്ന് ഈ നിയമസഭ ഒരു നിയമനിർമ്മാണം ചെയ്യുവാൻ പാടില്ല. ഈ ബില്ലിന്റെ ഉദ്ദേശം കുറച്ചുകാലത്തേയ്ക്കുകൂടി വിധി നടത്തു് നിറുത്തിവയ്ക്കുകയാണ്. അതിൽ wilful and intentional act of waste-ന് നടപടി എടുക്കുവാൻ പാടില്ലെന്നു പറയുന്നതിൽ അർത്ഥമില്ല.

ശ്രീമതി കെ. ആർ. ഗൌരി: സർ, മലബാർ ജന്മികുടിയാൻ ആക്റ്റിലും കൊച്ചി വെറുംപാട്ടക്കുടിയാൻ ആക്റ്റിലും ഉള്ള വ്യവസ്ഥയെ അടിസ്ഥാനപ്പെടുത്തിയാണ് ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്. ഈ ബിൽ വിധിനടത്തു നിറുത്തിവയ്ക്കുവാനുള്ള ഒരു ബില്ലാണ്.

ശ്രീ. സി. അച്ചുതമേനോൻ: ബഹുമാനപ്പെട്ട മന്ത്രിതന്നെ പറഞ്ഞിട്ടുള്ള തത്വത്തിന്റെ അടിസ്ഥാനത്തിൽതന്നെയുള്ള ഒരു ഭേദഗതിയാണിതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വിൽഫുൾ വേസ്റ്റ് ഇല്ലാതെ കോടതി ഒഴിവാക്കാൻ വിധിക്കുകയില്ല.

ശ്രീമതി കെ. ആർ. ഗൌരി: വിൽഫുൾ വേസ്റ്റ് എന്താണെന്നുള്ളതിനു ഒരു ഡെഫനിഷൻ ഇല്ലല്ലോ.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: "wilful and intentional act of waste"-ന് എക്സിക്യൂഷൻ നടപടികൾ നടത്തുമ്പോഴും റസീവറെ വയ്ക്കുവാൻ അധികാരമുണ്ട്. അതു ഈ നിയമത്തിന്റെ പരിധിയിൽ വരികയില്ല.

Mr. Speaker: Miss Gouri, do you press the amendment?

Shrimathi K. R. Gouri: Yes, Sir.

The amendment was put and lost.

The question that Clause 3 do form part of the Bill was put and carried.

Clause 3 was added to the Bill.

The question that Clause 1, the Preamble and Title of the amending Bill do form part of the Bill was put and carried.

Clause 1, the Preamble and Title were added to the Bill.

Mr. Speaker: When Mr. Kesava Pillai's amendment was accepted Clause 2 of the Amending Bill was voted down. So that the original Clause 2 remains.

ഉത്തരം.

(എ) ഡിസ്പെൻസറിക്ക് വേണ്ട കെട്ടിടവും, സ്ഥലവും, സജ്ജീകരണങ്ങളും സ്ഥലത്തെ ജനങ്ങൾ വിലക്കൂടാതെ ഗവണ്മെൻറിലേക്ക് നൽകണം. കെട്ടിടം ഗവണ്മെൻറനുമതി കിട്ടിയ പ്ലാൻ അനുസരിച്ചും, പൊതുമരാമത്തുവകുപ്പിന്റെ മേൽനോട്ടത്തിലും പണിയേണ്ടതാണ്.

(ബി) ഇല്ല.

(സി) അപേക്ഷ കിട്ടിയാൽ അതിനെപ്പററി ആലോചിക്കുന്നതാണ്.

പുറമ്പോക്ക സ്ഥലം.

൩൫൦. [൧൮] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് റെവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരം താലൂക്കിൽ പൊയ്യ വില്ലേജിൽ പതിയാരിൽ കൊച്ചാപ്പു എന്ന എക്സ് സർവ്വീസുകാരന് വരന്തരപ്പിള്ളി വില്ലേജിൽ, ൧൦൭൭ സർവ്വേ നമ്പർ ൧–ൽ കുറെ പുറമ്പോക്കസ്ഥലം ഗവണ്മെൻറിൽ നിന്നും അനുവദിച്ചുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്ഥലം അനുവദിച്ചുകൊണ്ടുള്ള ആർഡർ എന്നാണ് പുറപ്പെടുവിച്ചത്;

(സി) സ്ഥലം ഇതിനകം അയാൾക്ക് ഏല്പിച്ചുകൊടുത്തോ;

(ഡി) ഇല്ലെങ്കിൽ എന്താണു കാരണം?

ഉത്തരം.

(എ) ഉണ്ട്.

(ബി) ൧൦–൮–൧൱൨൮.

(സി) ഇല്ല.

(ഡി) സ്ഥലം മററു ചിലർ കയ്യേറി കൈവശം വച്ചുകൊണ്ടിരിക്കുകയാണ്. കയ്യേററം ഒഴിവാക്കി കഴിഞ്ഞിട്ടില്ല.

Udumbanchola Hospital.

351. [19] **Shri Ganapathi:** Will the Minister for Medicine and Health be pleased to state:

(*a*) why the Udumbanchola Hospital was abolished;

(*b*) whether the Government have received mass petition from the place for re-opening the hospital; and

(*c*) if so, what action does the Government propose to take in this matter?

Answer.

(*a*) The attendance was very poor.

(*b*) Yes.

(*c*) There is no intention to revive the dispensary.

ഹരിജനകാളനി.

൩൫൨. [൨൦] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിൽപ്പെട്ട എറവു മനക്കൊടി പ്രദേശത്തു ഹരിജനങ്ങൾക്കു് ഒരു കാളനി അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാളനി സ്ഥാപിക്കാനുള്ള സ്ഥലം ഗവണ്മെന്റു് നിശ്ചയിച്ചുകഴിഞ്ഞോ;

(സി) സ്ഥലം നിശ്ചയിക്കുന്നതു് ആ സ്ഥലത്തെ ഹരിജനങ്ങൾക്കെല്ലാം സെന്ററായിട്ടുള്ള ഭാഗത്തായിരിക്കണമെന്നു വല്ല നിവേദനവും അവരിൽനിന്നു ലഭിച്ചിട്ടുണ്ടോ;

(ഡി) അതിനെ സംബന്ധിച്ചു് എന്തുചെയ്യാനാണു് ഗവണ്മെന്റു ഉദ്ദേശിക്കുന്നതു്?

ഉത്തരം.

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ടു്.

(ഡി) അതിനെ സംബന്ധിച്ചു ആലോചിച്ചു തീരുമാനിക്കുന്നതാണു്.

Appointment of Panchayat Inspectors.

353. [21] **Shri A. Kunjan Nadar:** Will the Minister for Local Self Government be pleased to state:

(*a*) Whether Government overlooked the seniority of Sri Velayudhan and Sri Balakrishna Pisharody (Cochin Branch) of the Panchayat Department in appointing Sri Krishna Menon as Panchayat Inspector, who is declared junior to the above mentioned two Officers and, if so, the reasons that weighed with Government for the same;

(*b*) whether the seniority of any officer in the Travancore Section of the Panchayat Department was overlooked in appointing Sri Parameswaran and Sri George as Panchayat Inspectors ;

(*c*) whether any petition has been received by Government or the Panchayat Department regarding the appointment of these Panchayat Inspectors and, if so, what action taken on the matter ; and

(*d*) whether there is any proposal to modify the present appointment of these Panchayat Inspectors ?

Answer.

(*a*) No.

(*b*) No.

(*c*) A petition has been received and it was recorded since it deserved no consideration.

(*d*) These appointments were made on a tentative basis in view of the impending Panchayat elections. This will be reviewed after the integration is finalised.

Hospitals.

354. [23] **Shri M. K. Mathai :** Will the Minister for Medicine be pleased to state :

(*a*) the number of hospitals and dispensaries in each taluk, Government and private separately ;

(*b*) the number of hospitals and dispensaries under Ayurvedic system, Government and grant-in-aid in each taluk ?

Answer.

(*a*) and (*b*) A list showing the details is appended. Details regarding private institutions are not available.*

Adjournment Motion regarding withdrawal of permission by the District Magistrate, Trivandrum, for the performance of the Drama "നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി"

Mr. Speaker : I have received notice of an adjournment
12 NOON motion from Mr. Govindan Nair, the hon. Member for Bharanikavu. Has the Minister concerned received notice of it ?

Minister for Home Affairs (**Shri T. M. Varghese**) **:** Yes.

Mr. Speaker : Regarding the facts, have you anything to say ?

ശ്രീ. ടി. എം. വർഗ്ഗീസ്: എനിക്ക് അടിയന്തിരപ്രമേയത്തിനെ
പ്പററി നോട്ടീസ് കിട്ടിയിട്ടുണ്ട്. അതു് "നിങ്ങളെന്നെ കമ്മ്യൂണി
സ്റ്റാക്കി" എന്ന സംഗീതനാടകം തിരുവനന്തപുരം നഗരത്തിൽ നടത്താൻ
പാടില്ലെന്നു തടഞ്ഞിരിക്കുന്ന കാര്യത്തെപ്പററിയാണ്. ട്രാവൻകൂർ ഡ്രാമ
റ്റിക് പെർഫോർമൻസ് ആക്ടനുസരിച്ച് ഗവണ്മെൻറിനു പരിപൂർണ്ണമാ

---

*Placed on the Library table.

[ശ്രീ. ടി. എം. വർഗ്ഗീസ്.]

യിട്ടുള്ള അധികാരം ഉണ്ടെങ്കിലും ആ അധികാരം ഡിസ്ട്രിക്ട് മജിസ്ട്രേട്ടന്മാർക്ക് നൽകിയാൽ അവർക്ക് ഈ ആക്ട് അനുസരിച്ച് അധികാരം ഉപയോഗിക്കാവുന്നതാണ്. അങ്ങിനെ ഇവർ ഈ അധികാരം ഉപയോഗിച്ച് എടുക്കുന്ന നടപടികളേയൊ അല്ലെങ്കിൽ നടപടികൾ എടുക്കാൻ വേണ്ടി പുറപ്പെടുവിക്കുന്ന ഉത്തരവുകളേയൊ സംബന്ധിച്ച് പരിശോധിക്കുന്നതിനോ, ഭേദപ്പെടുത്തുന്നതിനോ, ഇല്ലാതാക്കുന്നതിനോ, മററു വല്ല ഭേദഗതികളും വരുത്തുന്നതിനോ ഉള്ള അധികാരം ഗവണ്മെൻറിന് ഉണ്ട്. ഈ ആക്ററനുസരിച്ച് മജിസ്ട്രേട്ട് വിനിയോഗിച്ചിട്ടുള്ള അധികാരം തെററാണോ, അതോ ശരിയാണോ എന്നുള്ളതു് അറിയുന്നതിനുവേണ്ടി മജിസ്ട്രേട്ട് മുഖാന്തിരമൊ, അല്ലെങ്കിൽ ഇതിൽ പെട്ടിട്ടുള്ള കക്ഷികൾ മുഖാന്തിരമൊ യാതൊരു രേഖയും ഗവണ്മെൻറിനു കിട്ടിയിട്ടില്ല. മററു പല സ്ഥലങ്ങളിലും ഈ ഡ്രാമ നടത്തിയിട്ടുള്ള സമിതിക്ക് തിരുവനന്തപുരത്തു മാത്രം അതിന് ഒരു നിരോധനാജ്ഞ കൊടുത്തിട്ടുള്ളതു് തെററാണെന്നും അടിസ്ഥാനരഹിതമാണെന്നുമാണ് പ്രമേയകർത്താവ് ഈ അടിയന്തിര പ്രമേയംകൊണ്ട് ഉദ്ദേശിക്കുന്നതു്. ഈ സംഗതി പ്രമാണിച്ച് ഡിസ്ട്രിക്ട് മജിസ്ട്രേട്ട് നടത്തിയിട്ടുള്ള നടപടികളെപ്പററി പരിശോധിക്കുന്നതിനും വേണമെങ്കിൽ ഭേദപ്പെടുത്തുന്നതിനും ഉള്ള അധികാരവും സന്ദർഭവും ഉണ്ട്. അതിനുമുൻപ് ഈ കാര്യം ഒരു ചർച്ചാവിഷയമാക്കി വാദപ്രതിവാദം ചെയ്യുന്നതു വിഹിതമാണെന്നു തോന്നുന്നില്ല. സങ്കടക്കാർ പരാതി പറയുകയൊ, മജിസ്ട്രേട്ട് ഇതിനെപ്പററി എഴുതി അയയ്ക്കുകയൊ ചെയ്തിട്ടില്ല. ആ സ്ഥിതിക്ക് ഈ പതനത്തിൽ ഒരു വാദപ്രതിവാദത്തിനു സന്ദർഭം ആയി എന്നു തോന്നുന്നില്ല.

Mr. Speaker : May I know from the Minister whether there is any permission for appeal from the order of the District Magistrate, either to the Government or to any Court ?

ശ്രീ. ടി. എം. വർഗ്ഗീസ് : ഒരു നിരോധനാജ്ഞ കൊടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു സ്വന്തമായി അധികാരമില്ല. അധികാരം ഗവണ്മെൻറു കൊടുക്കുമ്പോൾമാത്രമെയുള്ളു, എന്നാണ് നിയമം. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻെറ ഉത്തരവിൻെറ സാധുതയെപ്പററി പരിശോധിക്കുന്നതിനും വേണമെങ്കിൽ പുതിയ ഒരു ഉത്തരവു പുറപ്പെടുവിക്കുന്നതിനും മററും ഉള്ള അധികാരം ഗവണ്മെൻറിനാണുള്ളതു്.

Mr. Speaker : Under what provision ? Now, the District Magistrate has exercised his function under the power of the Government which has been delegated to the District Magistrate as an agent. Therefore, the District Magistrate when he passed that order, has been functioning as part of the Government. Is that the position ? If that be so, is there any provision for the party to prefer an appeal before Government, or for the Government to get an opportunity to reconsider the order of the District Magistrate ? There must be some remedy to the aggrieved party.

ശ്രീ. ടി. എം. വർഗ്ഗീസ് : ഒരു ഏജൻറിനുള്ള നിലയിൽ മാത്രം പ്രവർത്തിക്കാൻ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു സാധാരണ നിയമം അനുവദി

ച്ചിട്ടുള്ളപ്പോൾ ആ അധികാരം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഉപയോഗിച്ചാൽ അപ്പീലിന്മേലല്ലെങ്കിലും ഗവൺമെന്റിനു വേണമെങ്കിൽ അതിൽ പ്രവേശിക്കാം.

Mr. Speaker : That is, Government can act *Suo motu*, that is your position?

ശ്രീ. ടി. എം. വർഗീസ്: സാധാരണ നിയമം അനുസരിച്ചു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ അധികാരത്തിൽപ്പെട്ട കാര്യങ്ങൾ ചെയ്യുന്നതിനായിട്ട് അനുവദിച്ചിട്ടുണ്ട്. ചിലപ്പോൾ മജിസ്ട്രേട്ടിന്റെ ഓർഡറിനെ ക്യാൻസൽ ചെയ്യാനുള്ള അധികാരം ഗവൺമെന്റിനുണ്ട്. അങ്ങിനെ ചെയ്യണമെങ്കിൽ സങ്കടമുള്ള കക്ഷികൾ നേരിട്ട് അറിവു കൊടുക്കയോ, അപ്പീൽ ബോധിപ്പിക്കയോ ചെയ്യേണ്ടതാണ്. അങ്ങിനെ ചെയ്തിട്ടില്ല. മാത്രമല്ല, ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ ഉത്തരവിന്മേൽ അപ്പീൽ കൊടുക്കാൻ പ്രത്യേകമായി വ്യവസ്ഥ ആക്ടിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

Mr. Speaker : May I know whether the Minister is in a position to inform the House on what ground or under what provision the District Magistrate passed the order cancelling the licence already issued?

ശ്രീ. ടി. എം. വർഗീസ്: ലൈസൻസ് ക്യാൻസൽ ചെയ്യാനുണ്ടായ കാര്യം എന്താണെന്നു ഞാൻ ഈ സഭയെ അറിയിക്കാം. ഇതുപോലുള്ള നാടകങ്ങൾ നടത്തുന്നതിനുവേണ്ടി ലൈസൻസിനുവേണ്ടി അപേക്ഷിക്കുമ്പോൾ, നാടകത്തിന്റെ ഒരു കാപ്പി ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു കൊടുക്കണം. അങ്ങിനെ കൊടുക്കുന്ന കാപ്പിയിൽ, അതായതു നാടകത്തിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ, പദപ്രയോഗം, വിഷയം ഇത്യാദി സംഗതികൾ പരിശോധിച്ചതിനുശേഷമാണ് അനുവാദം കൊടുക്കുക പതിവ്. ഇതുപോലെ ഈ നാടകത്തിൽ ഉപയോഗിച്ചുവരുന്ന സാഹിത്യങ്ങളിലും പദപ്രയോഗങ്ങളിലും സംഗീതങ്ങളിലും ആക്ഷേപാർഹമായ ഏതാനും ഭാഗങ്ങൾ ഉണ്ടെന്നുള്ളതു ബോദ്ധ്യപ്പെട്ടതുകൊണ്ടാണ് അനുവാദം ക്യാൻസൽ ചെയ്തതു്. ലൈസൻസിനു് അനുവാദം കിട്ടണമെന്ന് അപേക്ഷിച്ചയാളിനെ ഈ കാര്യം നേരത്തെതന്നെ അറിയിച്ചിട്ടുണ്ട്. ഈ നാടകത്തിൽ ഇന്നയിന്ന ഭാഗങ്ങൾ എടുത്തുകളയണമെന്ന് ഡിസ്ട്രിക്ട് മജിസ്ട്രേട്ടു നിർദ്ദേശം കൊടുത്തിട്ടുണ്ടായിരുന്നു. ആക്ഷേപാർഹങ്ങളായ ഭാഗങ്ങൾ മാററണമെന്നു സെക്ഷൻ ൨-ൽ പറയുന്നുണ്ട്. എന്നാൽ ആ ഭാഗങ്ങൾ ഒമിററ ചെയ്തിട്ടില്ലെന്നു മാത്രമല്ല, ആക്ഷേപാർഹങ്ങളായ പല ഭാഗങ്ങളുംകൂടി കൂട്ടിച്ചേർക്കയുമാണ് ഉണ്ടായിട്ടുള്ളതു്. ഇങ്ങിനെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റെ നിർദ്ദേശങ്ങൾക്കു വിപരീതമായി ഇവർ നാടകം നടത്തിവരുന്നു എന്നു കിട്ടിയ ഒന്നിലധികം റിപ്പോർട്ടുകൾകൊണ്ട് മജിസ്ട്രേട്ടിനു ബോദ്ധ്യമായതുകൊണ്ടുമാണ് അനുവാദം പിൻവലിച്ചതു്.

ஸ்ரீ. கணபதி: *ஆயிரக்கணக்கில் தொழிலாளிகள் வெளியில் தள்ளப்படப்போகிறார்கள். அதனால் உத்தேசம் முப்பதினாயிரம் பேர்கள் உண்ண உணவின்றி கஷ்டப்படப்போகிறார்கள் என்று ஒரு அவசரப் பிரேரணை இந்தச் சபைக்குக் கொண்டுவந்தபோது அதை*

[ஸ்ரீ. கணபதி]

விவாதிப்பதற்கு தலைவர் அனுமதி தரவில்லை. ஒரு நாடகம் ஆடுவதற்கு டிஸ்ட்ரிக்ட் மஜிஸ்ட்டிரேட் அனுமதி கொடுக்கவில்லை என்பதைப் பற்றி ஒரு அவசரப் பிரேரணை கொண்டுவந்ததற்கு தலைவர் அவர்கள் அனுமதி கொடுத்திருக்கிறார்கள்.

Mr. Speaker : Who is to judge that? Please resume your seat.

ശ്രീ. ടി. എം. വർഗ്ഗീസ്: ഡി. മജിസ്ട്രേട്ടിന്റെ നിർദ്ദേശമനുസരിച്ച് ഇവർ പ്രവർത്തിച്ചിട്ടില്ലെന്ന ബോദ്ധ്യമായതുകൊണ്ടാണ്, അതായത് നിർദ്ദേശം സ്വീകരിക്കാതെയും പുറമെ ഒബ്ജെക്ഷനബിൾ ആയ പല ഭാഗങ്ങളും കൂട്ടിച്ചേർത്തു നാടകം അഭിനയിച്ചതുകൊണ്ടും ഈ കാരണങ്ങളാൽ അനുവാദം റദ്ദ് ചെയ്തിട്ടുള്ളതാണ്.

Mr. Speaker : Am I to understand that the District Magistrate exercised his discretion in the matter ?

Shri T. M. Varghese : He exercised his discretion in the matter after making due enquiries.

Mr. Speaker : Therefore, if the Government think otherwise, they can act in a different way.

Shri T. M. Varghese : Government can act in a different way, if they think so. It is a matter which can and will be looked ints seriously, especially when a representation has come before this House. Government will call for and obtain a report from the District Magistrate and see what exactly are the reasons that weighed with him in passing the order in question ; and if interference is found warranted, certainly Government will interfere and see that justice is done in the matter. Government should have a chance of looking into the matter and if the Government goes wrong, then it will be time for the Assembly and the hon. Members to look into the matter with a view to express an opinion on the action of the Government. As it is, it is only the District Magistrate that has taken action in the matter.

Mr. Speaker : The motion seeks to adjourn the business of the House to discuss a matter or situation which has arisen, consequent on the order of the District Magistrate cancelling the licence already issued to enact a dramatic performance. I also understand that the District Magistrate exercised his discretion in the matter as an agent of Government, and there is no provision to question the order of the District Magistrate in a court of law ; and there is no duty on the part of Government also to act *suo motu* and reconsider the order passed by the District Magistrate. Under the circumstances, the Government may act or may not act. This is a matter which is of great public interest. Therefore, I do not find anything which stands in the way of the motion being

judged by me as being in order. The only question is whether there is anybody opposing the adjournment motion. I see the motion is not opposed. This is the motion :

"Under Rule 27 I beg to move for an adjournment of the business of the House for the purpose of discussing a definite matter of urgent public importance, namely :

'നിങ്ങൾ എന്നെ കമ്മ്യൂണിസ്റ്റാക്കി' എന്ന സംഗീതനാടകം തിരുവനന്തപുരം ഡിസ്ട്രിക്ടിൽ അഭിനയിക്കുന്നതിനുള്ള അനുമതി പിൻവലിച്ചിരിക്കുന്നതുമൂലം ഉളവായിരിക്കുന്ന ഗുരുതരമായ സ്ഥിതിഗതികളെപ്പറ്റി ചർച്ച ചെയ്യുന്നതിനുവേണ്ടി സഭാനടപടികൾ നിറുത്തിവെയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

I rule this motion to be in order and I post it for discussion at 4 o'clock today.

Shri A.A.D. Luiz : The motion relates to a drama. Would the Chair be pleased to place a copy of the drama on the table ?

Mr. Speaker : My office is not in possession of a copy of it.

Shri M. M. Abdul Khader : Does the hon. Member know to read it ?

Mr. Speaker : There is no duty cast on the Speaker's office to circulate the copy of the script of the drama. Members are at liberty to collect as much information as they could in the matter before 4 o'clock to-day and make use of it for the discussion in the House.

Shri A.A.D. Luiz : Will the mover of the motion be pleased to place it before the House.

Mr. Speaker : Have you got printed copies, Mr. Govindan Nair ?

Shri M. N. Govindan Nair : No, Sir.

Mr. Speaker : If you have got printed copies, you may circulate it. That is left to your own will and pleasure.

Shri Nedumangad R. Kesavan Nair : If copies are available, they may be distributed to the members. That will be very helpful.

Mr. Speaker : If copies are available they may be distributed.

VOTING OF DEMANDS FOR GRANTS—*(contd.)*

Demand XXII—Rural Development—*(contd.)*

Mr. Speaker : We will now proceed with Voting of Demands for Grants—Demand XXII—Rural Development.

ശ്രീ. രാമകൃഷ്ണൻ: സർ, ഈ രാജ്യത്തെ ജനസംഖ്യയിൽ ഏകദേശം ൮൫ ശതമാനം ജനങ്ങൾ ഗ്രാമങ്ങളിൽ താമസിക്കുന്നവരാണ്. സംസ്ഥാനത്തിന്റെ വിസ്തീർണ്ണത്തെ പരിഗണിച്ചാൽ ൯൩ ശതമാനം ഗ്രാമപ്രദേശങ്ങളാണ്. ഗ്രാമോദ്ധാരണത്തിനുവേണ്ടി ആണ്ടുതോറും ബഡ്ജററിൽ തുക നീക്കിവയ്ക്കാറുണ്ടെങ്കിലും ഏററവും പ്രാധാന്യമേറിയ വില്ലേജുകളുടെ ആവശ്യങ്ങൾക്ക് നീക്കിവച്ചിട്ടുള്ള തുക വളരെ കുറവാണെന്ന് കാണാവുന്നതാണ്. മിക്കവാറും ഗ്രാമങ്ങളെ പട്ടണങ്ങളിൽ നിന്നും ഒററപ്പെട്ടു നിർത്തിയിരിക്കുകയാണ് ചെയ്യുന്നതെന്നു പരക്കെ അഭിപ്രായം ഉണ്ട്. ൧൧൨൭-൨൮ വർഷത്തെ അപേക്ഷിച്ച് ഇക്കൊല്ലം ഗ്രാമോദ്ധാരണത്തിനുവേണ്ടി ചേർത്തിട്ടുള്ള തുക വളരെ കുറവാണ്. അതേ സമയംതന്നെ പോലീസ് ബഡ്ജറെറടുത്തു നോക്കിയാൽ കാണാം—

Mr. Speaker: We are now dealing with "Rural Development."

ശ്രീ. രാമകൃഷ്ണൻ; പോലീസ്ബഡ്ജററിൽ ൧൧൨൭-൨൮ വർഷത്തിലേയ്ക്ക് കൊള്ളിച്ചിരുന്ന സംഖ്യയിൽ നിന്നും ഇക്കൊല്ലം ൩൦,൦൦,൦൦൦ രൂപ വർദ്ധിപ്പിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപ്രദേശങ്ങളെ സംബന്ധിച്ചിടത്തോളം കഴിഞ്ഞകൊല്ലത്തേക്കാൾ അഞ്ചരലക്ഷം രൂപ കുറവായിട്ടാണ് ചേർത്തിരിക്കുന്നതു്. ഇതിൽ നിന്ന് ഗവണ്മെൻറ് ഗ്രാമങ്ങൾക്ക് എത്രമാത്രം പ്രാധാന്യം കൊടുത്തിട്ടുണ്ടെന്ന് മനസ്സിലാകും. ഇന്നത്തെ ഗ്രാമങ്ങളിൽ അധിവസിക്കുന്ന ജനങ്ങളുടെ സ്ഥിതി എന്താണ്? ആഹാരസംബന്ധമായും മററുമുള്ള കാര്യങ്ങളിൽ അവർ വളരെ ക്ലേശമാണ് അനുഭവിച്ചുവരുന്നതു്. ഭക്ഷ്യപ്രശ്നമെന്നുള്ളതു് ഒരു പ്രത്യേക കാര്യമായി നീക്കിവച്ചാലും ഉൾനാട്ടുകളിലെ ഗതാഗത സൗകര്യങ്ങളും ശുദ്ധജലം കിട്ടുവാനുള്ള മാർഗ്ഗങ്ങളും വളരെ കുറവായിട്ടാണു കാണുന്നതു്. പ്രത്യേകിച്ചും വടക്കൻ താലൂക്കുകളിൽ പറവൂർവടക്കേക്കര, വൈപ്പിൻകര മുതലായ സ്ഥലങ്ങളിൽ ശുദ്ധജലം കിട്ടുവാനുള്ള സൗകര്യം ഇല്ല. ഞാറയ്ക്കൽ നിയോജകമണ്ഡലം ഏററവും പ്രാധാന്യമേറിയതും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുമായ ഒരു സ്ഥലമാണ്. ഇതിനുമുമ്പ് അവിടെ ശുദ്ധജലം കൊടുക്കുന്നതിനെ സംബന്ധിച്ചും ഗതാഗതം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചും വളരെ പ്രാധാന്യം നൽകിയിരുന്നതാണ്. പക്ഷെ ഇന്നും ആ പ്രശ്നങ്ങൾ അതുപോലെതന്നെ കിടക്കുന്നതേയുള്ളു. വടക്കുഭാഗത്തു കിടക്കുന്ന കൊടുങ്ങല്ലൂരിൽ ഒരു പ്രധാനറോഡുണ്ട്. അതുപോലെതന്നെ തെക്കോട്ടു കടന്നാൽ കൊച്ചിയിൽ നല്ലറോഡുകളുണ്ട്. ശരിയായ ഗതാഗതസൗകര്യമില്ലാതെ കിടക്കുന്നതുകൊണ്ട് കടൽത്തീരപ്രദേശങ്ങളിൽ താമസിക്കുന്ന ഞങ്ങൾക്ക് വളരെ ബുദ്ധിമുട്ടുണ്ട്. ഈ പ്രധാനവഴി പഴയപടിതന്നെ ഇപ്പോഴും കിടക്കുകയാണെന്നും ഇതുവരെ അതു നന്നാക്കുവാൻ സാധിച്ചിട്ടില്ലെന്നുമുള്ള സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

ശുദ്ധജലം കിട്ടുവാനുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുവേണ്ടി അവിടെ ഒരു കുഴൽക്കിണററിന്റെ ജോലി പരീക്ഷണാർത്ഥം ആരംഭിച്ചു. പക്ഷെ അതു പൂർത്തിയാക്കിയിട്ടില്ലെന്നു മാത്രമല്ല, ആ ഒരു പദ്ധതിതന്നെ ഇപ്പോൾ വേണ്ടെന്നുവയ്ക്കുകയാണു ചെയ്തിട്ടുള്ളതു്. വൈപ്പിൻകരയുടെ തെക്കുഭാഗം മുതൽ വടക്കോട്ടുള്ള എല്ലാ സ്ഥലങ്ങളിലും ഒന്നുപോലെ

പൈപ്പുവെള്ളം കിട്ടുന്നില്ല. ചില സ്ഥലങ്ങളിൽമാത്രം പൈപ്പുലൈൻവഴി വെള്ളം കൊടുത്തുവരുന്നുണ്ട്. അതുകൊണ്ട് ആ നാട്ടുകാരുടെ ആവശ്യത്തിനുള്ള ശുദ്ധജലം കിട്ടിവരുന്നില്ലെന്നുള്ള സംഗതി ഞാൻ ഈ അവസരത്തിൽ ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു.

കൂടാതെ അവിടെ ജനങ്ങൾ വളരെ അധികം തിങ്ങിപ്പാർക്കുന്നതുകൊണ്ട് എല്ലാവർക്കും ആവശ്യത്തിനുള്ള ലട്രീൻസില്ലാതെ വളരെ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുണ്ട്. അവിടെ പബ്ളിക്കലട്രീൻസ് ഒന്നുംതന്നെയില്ല. ഹോസ്റ്റൽ ഏരിയായിൽ താമസിക്കുന്നവർക്ക് മലവിസർജ്ജനത്തിനുള്ള സൗകര്യങ്ങളില്ലെന്നു പറഞ്ഞാൽ ആളുകൾ വിശ്വസിക്കുകയില്ലായിരിക്കാം. പക്ഷെ, അവിടെ ജനങ്ങൾ തിങ്ങിപ്പാർക്കുന്നതുകൊണ്ടു പകൽ സമയം ഒന്നു വയറിളക്കാൻ മരുന്നു കഴിക്കുകയോ മററോ ചെയ്താൽ പബ്ളിക്കലട്രീൻസില്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ കൂടുതലായി അനുഭവിക്കേണ്ടിവരുന്നുണ്ട്. അതിനാൽ അവിടെ പബ്ളിക്ക് ലട്രീൻസ് ഉണ്ടാക്കേണ്ടതാവശ്യമാണ് എന്നുള്ള സംഗതിയിൽ ഗവണ്മെൻറ് ശ്രദ്ധപതിപ്പിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

കടൽത്തീരപ്രദേശങ്ങളിൽ സംഭവിച്ചിട്ടുള്ള കയർവ്യവസായത്തിൻെറ അധഃപതനംമൂലം ആ തൊഴിലാളികളുടെ നില ഏററവും പരിതാപകരമായിത്തീർന്നിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തിലെ തീരപ്രദേശങ്ങളിൽ ഏറിയഭാഗവും ജനങ്ങൾ കയർവ്യവസായത്തിലേർപ്പെട്ടിട്ടുള്ളവരാണ്. കയർവ്യവസായത്തിൽ പ്രത്യേകിച്ചും തൊണ്ടുചീയ്ക്കുന്ന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം ഒരു നിയന്ത്രണം വരുത്തുന്ന പക്ഷം കയർവ്യവസായ തൊഴിലാളികൾക്കും ആ വ്യവസായത്തിലെ ഇടത്തരക്കാർക്കും അതു് അനുഗ്രഹമായിരിക്കും. അതുകൊണ്ട് ഈ കാര്യത്തിലും ഗവണ്മെൻറിൻെറ ശ്രദ്ധ പതിഞ്ഞുകാണണമെന്നു ഞാനപേക്ഷിക്കുന്നു.

ഗവണ്മെൻറിനോടു ഇതുപോലെയുള്ള കാര്യങ്ങൾ പറയുമ്പോൾ "പണമില്ല" എന്നുള്ള സമാധാനമാണ് പറയാറുള്ളതു്. എന്നാൽ ഈ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ് ആ വാദംകൊണ്ടു വരുന്നതു ശരിയല്ലെന്നാണ് എനിക്കു പറയുവാനുള്ളതു്: കാർഷികമായും വ്യാവസായികമായും ഗവണ്മെൻറ കണ്ടുപിടിച്ചിട്ടുള്ള പദ്ധതികൾ നടപ്പിൽ വരുത്തുന്നപക്ഷം ജനങ്ങളെ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കുവാൻ യാതൊരു പ്രയാസവുമുണ്ടാകുകയില്ല എന്നാണെനിക്കു പറയുവാനുള്ളതു്.

അതുകൊണ്ട് ഗ്രാമപ്രദേശങ്ങളിലെ കാർഷികവും വ്യാവസായികവുമായ അഭിവൃദ്ധിക്കുവേണ്ടിയുള്ള പദ്ധതികൾ നടപ്പിൽവരുത്തുന്നതിനും ജനങ്ങളുടെ സാമ്പത്തികമായ നില ഉയർത്തുന്നതിനും ജനസംഖ്യയിൽ വലിയൊരു വിഭാഗംവരുന്ന ആളുകളുടെ അവശതകൾ പരിഹരിക്കുന്നതിനും ഗവണ്മെൻറ കൂടുതൽ ശ്രദ്ധിക്കണമെന്നാണ് ഞാനപേക്ഷിക്കുന്നതു്.

ശ്രീ. കുഞ്ഞി[illegible]മ്മൻ: ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിൽപ്പെട്ട ഗ്രാമപ്രദേശങ്ങളിലെ കുടിൽവ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് പല ക്ലേശങ്ങളും അനുഭവിക്കേണ്ടിവരു

[ശ്രീ. കുഞ്ഞിത്തൊമ്മൻ]

ണ്ടു്. ഗ്രാമോദ്ധാരണത്തിനുവേണ്ടി കൊല്ലംതോറും ഗവണ്മെൻറ്, ബഡ്ജററിൽ സംഖ്യ ചേൎക്കാറുണ്ടെങ്കിലും ഗ്രാമോദ്ധാരണത്തിൻെറ പ്രവൎത്തനങ്ങളിൽ പറയത്തക്ക യാതൊരു ശ്രദ്ധയും പതിച്ചുകാണുന്നില്ല. നമ്മുടെ നാട്ടിലെ കുടിൽ വ്യവസായത്തിൽ പ്രാധാന്യമുള്ള ഒരു വ്യവസായമാണു് പനമ്പു (Bamboo mats) വ്യവസായം. എന്നാൽ ആ വ്യവസായത്തിലേൎപ്പെട്ടിരിക്കുന്ന ഒരു തൊഴിലാളിക്കു് ഒരണപോലും ഒരു ദിവസം കൂലി കിട്ടിവരുന്നില്ല. ഈ നാട്ടിലെ മറെറാരു പ്രധാനവ്യവസായമാണു് കയർ വ്യവസായം. അതിലേയ്ക്കു ഗവണ്മെൻറ് പലതും ചെയ്തുകൊടുത്തിട്ടുണ്ടെന്നു ഞാൻ പറയുന്നു. കയർ വ്യവസായത്തിൻെറ അഭിവൃദ്ധിക്കുവേണ്ടി കഴിയുന്നത്ര പ്രോത്സാഹനങ്ങൾ കൂടുതലായി ചെയ്തുകൊടുക്കണമെന്നും ഞാൻ അഭ്യൎത്ഥിക്കുന്നു. എന്നാൽ അതുപോലെതന്നെ പനമ്പു (Bamboo mats) വ്യവസായത്തിൽ ഏൎപ്പെട്ടിരിക്കുന്നവരേയും ഉദ്ധരിക്കേണ്ട ചുമതല ഗവണ്മെൻറിനുണ്ടു്. അവർ എങ്ങിനെയാണു് കഴിഞ്ഞുകൂടുന്നതെന്നും, ഏതുവിധത്തിലാണു് ജീവിച്ചു വരുന്നതെന്നും, അവരുടെ ദാരിദ്ര്യം എത്രത്തോളം വൎദ്ധിച്ചിട്ടുണ്ടെന്നും, അതിനുള്ള കാരണമെന്താണെന്നും ഉള്ള സംഗതികളെ സംബന്ധിച്ചു് ഗവണ്മെൻറിൽ നിന്നും യാതൊരു അന്വേഷണവും നടത്തുന്നില്ല. അവരുടെയിടയിൽ തൊഴിലാളിനേതാക്കന്മാർ ഇല്ലാത്തതുകൊണ്ടു്, ഇൻക്വിലാബ് വിളിച്ചു ബഹളം ഉണ്ടാക്കി ഗവണ്മെൻറിനെ തകിടം മറിക്കാൻ ശ്രമിക്കാത്തതുകൊണ്ടാണു് അവരുടെ കാൎയ്യങ്ങളിൽ ഗവണ്മെൻറ് ഇടപെടാതിരിക്കുന്നതെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. പനമ്പു വ്യവസായത്തിലേൎപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു് പലവിധത്തിലുള്ള അവശതകളുമുണ്ടു്. ആ വ്യവസായം ആദായകരമായി നടത്തിക്കൊണ്ടുപോകുന്നതിനുള്ള കഴിവു് അവൎക്കില്ല. അത്രമാത്രം ബുദ്ധിമുട്ടുകളും വിഷമങ്ങളുമാണു് അവർ അനുഭവിക്കുന്നതു്. അതിനാൽ അവരുടെ കഷ്ടതകൾക്കു പരിഹാരമുണ്ടാകത്തക്കവണ്ണം ആ വ്യവസായത്തിൻെറ അഭിവൃദ്ധിക്കുവേണ്ടത്ര പ്രോത്സാഹനം നൽകണമെന്നു് ഞാൻ ഗവണ്മെൻറിനോടപേക്ഷിക്കുന്നു.

പനമ്പു നെയ്തുണ്ടാക്കിയാൽ അതു് കച്ചവടക്കാർവാങ്ങി കയററി അയയ്ക്കുന്നതിന് പറയത്തക്ക യാതൊരു സൗകൎയ്യങ്ങളും അവൎക്കില്ല. ഇങ്ങിനെയുള്ള ക്ലേശങ്ങൾ സാധാരണയായി അവർ അനുഭവിച്ചുകൊണ്ടിരിക്കുകയാണു്. ഇതിനു ഒരു പരിഹാരമാൎഗ്ഗം ഗവണ്മെൻറ് കണ്ടുപിടിക്കണം. റയിൽവേകളിൽ കൂടുതൽ വാഗണുകൾ കിട്ടുന്നതിനും തന്മൂലം കൂടുതൽ പനമ്പുകൾ അയയ്ക്കുന്നതിനും സൗകൎയ്യം ഉണ്ടാക്കിയാൽ ഈ വ്യവസായത്തിനു അഭിവൃദ്ധിയുണ്ടാകുന്നതാണു്. റയിൽവേവഴിക്കും മററും പുറം ദിക്കുകളിലേയ്ക്കു കയററി അയച്ചുവരുന്ന കാൎയ്യം ആലോചിച്ചാൽ വളരെ പ്രയാസമാണു്. സ്റ്റേഷൻമാസ്റ്റൎക്കും മററു റെയിൽവേ ഉദ്യോഗസ്ഥന്മാൎക്കും കച്ചവടക്കാർ കൈക്കൂലി കൊടുക്കേണ്ടിവരുന്നു. ഈവക ബുദ്ധിമുട്ടുകളെ അടിസ്ഥാനപ്പെടുത്തിനോക്കുമ്പോൾ നമ്മുടെ നാട്ടിലെ പ്രധാന കുടിൽ വ്യവസായമായ പനമ്പു നെയ്ത്തിനു് പ്രോത്സാഹിപ്പിക്കുന്ന വിഷയത്തിൽ കയർവ്യവസായത്തിനെന്നപോലെതന്നെ ചെയ്യുവാനുള്ള കടമ ഈ ഗവണ്മെൻറിനുണ്ടെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

ഗ്രാമോദ്ധാരണത്തിനുവേണ്ടി അനേകലക്ഷം രൂപ കൊല്ലംതോറും ഗവണ്മെൻറിൽനിന്നും ചെലവുചെയ്യുന്നുണ്ടെങ്കിലും മുകുന്ദപുരം താലൂക്കിലെ മലയാറ്റൂർ, വെള്ളാരപ്പിള്ളി തുടങ്ങിയ വില്ലേജുകളിലും കുന്നത്തുനാട്ടു താലൂക്കിലും ഉള്ള ഇത്തരം വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്ക് അതു് അനുഭവപ്പെടുന്നില്ലെന്നുള്ള സംഗതി എനിക്ക് പ്രധാനമായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ടു്. അതുകൊണ്ടു് ഈ കാര്യത്തിൽ പെട്ടെന്നു് എന്തെങ്കിലും ഒരു പരിഹാരമുണ്ടാക്കണമെന്നു് ഗവണ്മെൻറിനെ ഉൽബോധിപ്പിച്ചുകൊണ്ടു് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു.

<u>ശ്രീ. ജേംസ് തറയിൽ:</u> സർ, വില്ലേജ് അപ്പ്ലിഫ്റ്റിനുവേണ്ടി ഗവണ്മെൻറ ചെയ്യുന്ന പ്രവൃത്തികളെക്കുറിച്ചു് പ്രതിപാദിക്കാമെന്നാണു് ഞാൻ വിചാരിക്കുന്നതു്. വളരെ അധികം സംഖ്യ ചെലവു ചെയ്തു രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ ധാരാളം വില്ലേജു് അപ്പ്ലിഫ്റ്റ സെൻറേഴ്സ് അനുവദിച്ചിട്ടുള്ളതിൽ ഞാൻ ഗവണ്മെൻറിനെ അഭിനന്ദിക്കുന്നു. എന്നാൽ അതിന്റെ പ്രവർത്തനം ശരിക്ക് ഇന്നു നടക്കുന്നില്ല. വില്ലേജു് അപ്പ്ലിഫ്റ്റ് സെൻററിൽനിന്നു് ചെയ്യുന്ന വർക്കുകൾ പൂർത്തിയാക്കാത്തതുകൊണ്ടു് അതു് വേണ്ടവിധത്തിൽ ഫലപ്രാപ്തിയിൽ വരുന്നില്ലെന്നുള്ളതാണു് എനിക്കു ഈ സഭയെ അറിയിക്കുവാനുള്ളതു്. എന്റെ നിയോജകമണ്ഡലത്തിൽ ആർപ്പൂക്കര ഒരു അപ്പ്ലിഫ്റ്റ സെൻറർ ഉണ്ടു്. അതിലേക്ക് ഗണ്യമായ ഒരു സംഖ്യ ഗവണ്മെൻറ ഗ്രാൻറനുവദിക്കുകയും ചെയ്തിട്ടുണ്ടു്. വളരെ അധികം പണം ചെലവുചെയ്തു അവിടെ അനേകം റോഡുകൾ ഉണ്ടാക്കിയിട്ടുണ്ടു്. എന്നാൽ ആ റോഡുകൾ ഒന്നും ഗതാഗതയോഗ്യമായി തീർന്നിട്ടില്ല. കാരണം അവിടെ ഒന്നുരണ്ടു കലുങ്കുകളും പാലങ്ങളും തീരുവാനുണ്ടു്. ആ പാലങ്ങളും കലുങ്കുകളും തീരാതിരിക്കുന്നതുകൊണ്ടു് ഈ റോഡുകൾക്ക് ചിലവഴിച്ചിട്ടുള്ള സംഖ്യകൊണ്ടു് ഇന്നു് ഉപയോഗമില്ലാതെ ഇരിക്കുകയാണു്. എന്നുതന്നെയല്ല അവിടത്തെ റോഡുകളുടെ മെയിൻറനൻസ്തന്നെ നടത്തുവാൻ ഉത്സാഹിക്കാതെയാണിരിക്കുന്നതു്. ഈ റോഡുകളുടെ മെയിൻറനൻസു് നടത്തേണ്ടതിനെപ്പററി പഞ്ചായത്തുകാരോടു് പറഞ്ഞാൽ അതു് പബ്ലിക്ക്‌വർക്ക്സ് ഡിപ്പാർട്ടുമെൻറവക റോഡാണു്, അവരാണു് മെയിൻറനൻസ് നടത്തേണ്ടതു് എന്നു പറയും. പബ്ലിക്ക്‌വർക്ക്സ് ഡിപ്പാർട്ടുമെൻറിനോടു് പറഞ്ഞാൽ അതു് പഞ്ചായത്തു് റോഡാണു് അവരാണു് മെയിൻറനൻസ് നടത്തേണ്ടതു് എന്നു പറയും. ഈവക കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ഗവണ്മെൻറ ചെലുത്തുന്നില്ല. ഈ കൊല്ലത്തെ ബഡ്ജററിൽ വർക്ക്സ് ആൻറ കൺട്രിബ്യൂഷൻ എന്ന ഇനത്തിൽ ൫൭,൦൦,൦൦൦ രൂപ കൊള്ളിച്ചിട്ടുണ്ടു്. ഇതു് കഴിഞ്ഞകൊല്ലത്തേതിൽ നിന്നു് ൧൮ ലക്ഷം രൂപ കുറവാണു്. അതിൽ ൯,൯൦,൦൦൦ രൂപ കൺട്രിബ്യൂഷനായി മാററിവച്ചിട്ടുള്ളതിൽ ൩ ലക്ഷം രൂപ ഈ ആണ്ടിൽ നടത്തുവാൻ ഇരിക്കുന്ന പഞ്ചായത്തു് ഇലക്ഷനുവേണ്ടിയുള്ളതാണു്. ബാക്കിയുള്ള സംഖ്യയാണു് പഞ്ചായത്തുകൾക്കു് കൺട്രിബ്യൂഷനും ഗ്രാൻറിനും ആയി ഉള്ളതു്. വളരെ തുച്ഛമായിട്ടുള്ള സംഖ്യയാണു് ഗവണ്മെൻറ അതിലേയ്ക്കു നീക്കിവച്ചിട്ടുള്ളതു്. ഈവക കാര്യങ്ങളെക്കുറിച്ചെല്ലാം വളരെ ദീർഘമായി ശ്രീ. നടരാജപിള്ള അവർകൾ പ്രസ്താവിച്ചതിനാൽ ഞാൻ അതിനെക്കുറിച്ചു് അധികം

[ശ്രീ. ജോസ് തറയിൽ]

പറയുന്നമെന്ന് വിചാരിക്കുന്നില്ല. അദ്ദേഹം നിർദ്ദേശിച്ചതു പോലെ ഏതെങ്കിലും ഒരു സപ്ലിമെന്ററി ഗ്രാന്റു കൊണ്ടുവന്നു ഈ കുറവ് പരിഹരിക്കണമെന്നാണ് ഞാൻ ഗവണ്മെന്റിനോട് ആവശ്യപ്പെടുന്നതു്. ആദ്യത്തെ പഞ്ചായത്തു പ്രവർ നത്തിൽ വരുന്ന ഈ ആണ്ടിൽ ആർപ്പൂക്കര അപ്പ്ലിഫ്റ്റ്സെന്ററിനു ഗണ്യമായ ഗ്രാന്റു നൽകണമെന്ന് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു. കൂടാതെ ഇന്നലെ ശ്രീ. രാജഗോപാലൻ നായർ അവർകളും പറഞ്ഞതുപോലെ പഞ്ചായത്തു ഇൻസ്പെക്ടറന്മാരുടെ നിയമനത്തിൽ പബ്ലിക്ക് സർവീസ് കമ്മീഷൻ ചെയ്ത ശുപാർശയിൽ ഗവണ്മെന്റു കൈകടത്തിയതു് ശരിയായില്ല. പബ്ലിക്ക് സർവീസ് കമ്മീഷന്റെ ശുപാർശയിൽ ഗവണ്മെന്റ് കൈകടത്തുന്നതു് ഈ ഗവണ്മെന്റിന്റെ സൽപേരിനു് ഹാനികരമാണ്.

ஸ்ரீ. ஏ. ஸாம்ராஜ்: ஸர், Rural Development பற்றி பேச விரும்பும் போது எனக்கு முதன் முதலில் என் மனதில் கிராமங்களின் புனரமைப்பைப் பற்றிய ஞாபகம் ஏற்படுகிறது. Rural Development-ன் கீழ் Village committees, works, and constructions, cottage industries அதாவது கைத்தறி போன்ற தொழில்கள் Pilot village schemes, rural development training centre, educational materials போன்ற பல ஏற்பட்டிருக்கின்றன. ஆனால் என் அபிப்பிராயம் நமது நாட்டில் ஜனநாயகம் முன்னேற வேண்டுமானால், மக்கள் அனைவரும் சம அந்தஸ்தாக வாழ வேண்டுமானால், சுபிக்ஷமாக வாழவேண்டுமானால், முதன் முதலில் மனிதருள் மனிதரைப் புறக்கணிக்கப்படாத அளவில் வாழ்க்கை நடைபெற வேண்டும். இதற்கு இன்றியமையாதது கிராமங்கள் நிரந்தரமாய், சீராய் அமைக்கப்பட வேண்டியது. கிராம முன்னேற்றத்தைப்பற்றி நான் கூற ஆசைப்பட்டால் நமது நாட்டில் இன்று தாழ்த்தப்பட்ட மக்களின் கிராமங்கள் முதலில் முன்னேற்றமடையவேண்டும். இவர்களிலும் கிறிஸ்தவர் என்றோ ஹிந்துக்கள் என்றோ மதவித்தியாசமின்றி தாழ்த்தப்பட்ட சமூகம் எந்த மதத்தைச் சேர்ந்தவராயிருந்தாலும் அவர்கள் எல்லோருமே இந்நாட்டில் மிகவும் கஷ்டமானதும் தரித்திரதிசையிலுமே தான் இருக்கிறார்கள். ஆதலால், அவரவர்களின் குடியிருப்பு தோற்றம், அவர்களின் வீடுகளின் காக்ஷி, அவர்களின் தெருக்கள், மற்றும் அவர்களுடைய தாமத ஸ்தலம் எல்லாம் சுத்தமாக இருக்கவேண்டியது. இதே போன்றே அவர்களுடைய எல்லா தோற்றங்களும் ஏனைய-உயர்ந்த நிலையில் இருக்கும் சமுதாயத்தவர்களின் கண்கள்முன் கீழ்த்தரமான முறையில் காக்ஷியளிக்காமலிருக்க வேண்டியன செய்வது. நமது நாட்டில் நாம் எல்லோரும் சம அந்தஸ்தோடு, சம உரிமையோடு, ஒவ்வொருவரும் அவரவர்களுக்குள்ள ஓட்டுரிமையோடு வாழ்கிறோம். எல்லோரும் மன்னர்கள் என்று கூறுகிறோம். என்றாலோ நம்மில் மன்னரும், மாக்களுமாகத் தானிருக்கிறோம். நமது நாட்டில் மனித வர்க்கம் சமமான அந்தஸ்தோடு வாழவும், மனிதரின் கீழ்த்தரமான தோற்றங்கள் மாற்றப்படவும், சுத்தமாக ஜீவிக்கவும் ஒருவரையொருவர் நிந்திக்காமலிருக்கவும்—கிராமங்களில் எல்லா வீடுகளும் ஒரே அந்தஸ்தாக, அமைப்பாக வேண்டிய சௌகரியத்தை அனுசரித்து வீடுகள் கட்ட சர்க்கார் சௌகரியம் செய்து கொடுக்க முன்வரவேண்டும். மாத்திரமல்ல, தாழ்த்தப்பட்ட மக்கள் ஜீவித்துவரும் கிராமங்களில் ஸ்தல வசதியில்லாத இடங்களுக்கு Extension of site கொடுத்தும், தீர வீடுகள் இருப்பதற்கே இடமில்லாத கிராமங்களுக்கு Change of site கொடுத்தும், வீடுகளே இல்லாமல் தவிக்கும் தாழ்த்தப்பட்ட மக்களுக்கு Colony கள் ஏற்படுத்திக் கொடுப்பதுமே Rural Development-ல் முதல் முதலில் கவனிக்கவேண்டியது என்பதை சர்க்காருக்கு எடுத்துக் கூறுகிறேன். இம்மாதிரி சில இடங்களில் வீடுகள் கட்ட கிராமத்தின் பக்கத்தில் ஏதாவது பூமிகள் இருந்தால் அதை மந்திரிகள் அல்லது சர்க்கார் Acquire செய்து வீடுகள் சௌகரியமாய் கட்டிக்

கொடுக்க முன்வந்தாலும் கூட சில சொத்துக்காரர்களும், சுவாதீனமுள்ளவர்களும் மந்திரிகளிடம் நேரில் போய் இவைகளை தடை செய்து ஏழை மக்களின் வீடுகளைக் கட்டி கொடுக்கவோ அல்லது ஸ்தலம் கொடுக்கவோ இல்லாமலாக்கிவிடுகிறார்கள். இந்தமாதிரி தாழ்த்தப்பட்ட மக்களுக்கு குடியிருக்கவேண்டியதற்காக வீடுகள் கட்ட ஸ்தலம் எடுக்கப் போனால் அவ்வித தடஸ்தம் வந்தால் தடஸ்தத்திற்கு வருபவர்களை மந்திரிகள் பின்பற்றி ஒதுங்கிவிட்டால் உண்மையில் சர்க்கார் பீடத்தில் இருப்பதற்குத் தகுதியற்றவர்கள் என்றே பொதுஜனங்கள் நம்புவார்கள். உங்களுடைய சக்தியையும், பெலனையும், இந்தமாதிரியுள்ள நல்ல காரியங்களுக்கு விசேஷமாய் ஏழைகளுக்காக பிரயோஜனப்படுத்த முன்வராவிட்டால் என்ன பிரயோஜனம் உங்களைக் கொண்டு என்றுதான் நான் கேட்க ஆசைப்படுகிறேன். கிராமங்களில் மாத்திரமல்ல, பட்டணங்களிலும்கூட தாழ்த்தப்பட்ட மக்களின் நிலை வீடுகள் சம்பந்தமாக மிகவும் பரிதாபமே. Madras City-யை எடுத்துக்கொண்டாலும் கூட அங்கும் ஜனநாயகத்தின் சக்தி ஜனநாயக அரசாட்சியின் அடையாளமோ ஏதோ தெரியவில்லை. அங்கும் வீடில்லாமல் ஏழை மக்கள் ரோடு ஓரங்களில், மரத்தின் மூட்டுப் பக்கங்களில், தகரத்தைக்கொண்டு சிறிய கோழிக்கூடு போன்ற குடிசைகளை அமைத்துதான் இருக்கிறார்கள். அதேமாதிரிதான் இங்கும் எத்தனையோ இடங்களில் இவ்விதமான மக்களின் நிலையை நாம் அறிந்தவர்கள் கூட நமது பிரதம மந்திரி நேருஜி போன்றவர்களுக்கு அறிவிப்பதில்லை. இவ்விதமே நமது மனோநிலை இருக்கிறது. மெட்ராஸானாலும் சரி, இங்கேயானாலும் சரி பிரதமர் நேருஜியும் அவர் போன்றவர்களும் விஜயம் செய்தால் அவர்களை பார்ப்பதற்கு அனுமதிக்கப்படுபவர்கள் மேன்மையான நிலையிலிருக்கும் கும்பல்களே. வரும் பாதையும், போகும் பாதையும் நல்ல மாபெரும் ரஸ்தாவாகத் தானிருக்கும். சாக்கடைப் பக்கம் ஜீவித்துவரும் ஜனநாயக அரசாட்சியின் கீழ் மன்னர்களாய் அழைக்கப்பட்டு மிருகங்களைவிடவும் கேவலமாய் ஜீவிக்கிறதையிட்டோ அல்லது அந்தவிதமான ஏழை மக்களின் ஸ்திதியையும் நிலையையும் அவர்களின் குடிசைகளின் பரிதாபகரநிலைமையையும் யார் கவனிப்பது. அபிமானமுள்ள சர்க்காராய் நீங்கள் இருந்தால் தயவுசெய்து தாழ்த்தப்பட்ட மக்களின் வீடுகள் கிராமங்களில் சரியானபடி அமைக்கப்பட வேண்டிய நடபடி எடுக்க வேண்டுகிறேன். இதுவே ஓர் முக்கியமான திட்டம். Rural Development திட்டத்தின்கீழ் என்று கூற ஆசைப்படுகிறேன். சில இடங்களில் வனத்திலானாலும் சரி, கிராமப் பக்கங்களிலானாலும் சரி, ஏழைகளுக்கு வீடுகள் கட்ட சர்க்கார் உத்தேசிக்கும்போது Ex-service people-ம் Political sufferers-ம் கூடி ஏழைகளுக்கு கொடுக்கவிடாமல் மந்திரிகளிடமும், சர்க்கார் அலுவலகங்களிலும் தங்கள் பலத்தையும், ஸ்வாதீனத்தையும், தைரியத்தையும் காட்டி பயங்காட்டி மேற்படி ஸ்தலங்களை அவர்கள் மேற்கொண்டு விடுகிறார்கள். பாவம், ஏழை, சாதாரண ஜனங்கள் ஒன்றிற்கும் வசதியில்லாமல் கஷ்டம் அடைகிறார்கள். ஆதலால் மந்திரிமார் மேலாலாவது குடியிருக்க வீடில்லாதவர்களுக்கும், கிராமங்கள் சீர்திருத்தமில்லாதிருப்பவைகளைக் கண்டு வேண்டியவை செய்து கொடுத்து, மக்களுள் மக்கள் உரிமையுடன், சமமான காக்ஷியுடனும், வித்தியாசமான மனப்பான்மை மக்கள் மத்தியில் எழாமல், ஆக்கம் செய்து தர வேண்டிக் கொள்கிறேன்.

ശ്രീ. കെ. മാധവനുണ്ണിത്താൻ: സർ, എന്റെ നിയോജകമണ്ഡലത്തിലുള്ള ചില കാര്യങ്ങൾ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുന്നതിനാണു ഞാനീയവസരം ഉപയോഗിക്കുന്നതു്. തിരുവിതാംകൂർ-കൊച്ചിയിലുള്ള ഏററവും പ്രധാനപ്പെട്ട ചന്തകളിലൊന്നാണു് ഞങ്ങളുടെ താലൂക്കിലുള്ള [illegible]റക്കാട്ടുചന്ത. ആ ചന്ത കായംകുളം—ചെങ്കോട്ട റോഡരുകിൽ പുറംമ്പോക്കുസ്ഥലത്താണു് നടക്കുന്നതു്. അടുത്തുള്ള ആളുകൾ ആ ചന്തയുടെ ചില ഭാഗങ്ങൾ കൈയേറിയിരിക്കുന്നതിനാൽ ഇപ്പോൾ ചന്തനടത്താൻ വളരെ വിഷമിക്കുന്നുണ്ടു്. അതുപോലെ തന്നെ ചന്തയിലുള്ള മാലിന്യങ്ങൾ മാററി വൃത്തിയാക്കുന്നതിലും അധി

[ശ്രീ. കെ. മാധവനുണ്ണിത്താൻ]

കൃതർ തീരെ ശ്രദ്ധിക്കാതെയാണിരിക്കുന്നതു്. ഇതിനെപ്പററി പല പരാതികൾ അയിച്ചിട്ടും ഒരു പരിഹാരവും ഉണ്ടായിട്ടില്ല. ചന്തയുടെ രണ്ടുവശത്തും ഓടകൾ ഉണ്ടു്. അതു ഇപ്പോൾ നികന്നു കിടക്കുകയാണു്. അതിനാൽ വെള്ളം ഒലിച്ചുപോകാതെയും മററും വളരെ വൃത്തികേടായിക്കിടക്കുകയാണു് ചെയ്യുന്നതു്. ചന്തയ്ക്കകത്തു് രണ്ടു കിണറുകളുമുണ്ടു്. അതും ഇപ്പോൾ നികന്നു ചവറിടുന്നതിനുള്ള ഒരു സ്ഥാനമായിരിക്കുകയാണു ചെയ്യുന്നതു്. അതുകൊണ്ടു ആ ഓടകളും കിണറുകളും നന്നാക്കണമെന്നു എനിക്കപേക്ഷയുണ്ടു്. മറെറാന്നു പറയാനുള്ളതു ഇത്രയും ആളുകൾ കൂടുന്ന ആ ചന്തയിൽ മലമൂത്രവിസർജ്ജനത്തിനുള്ള യാതൊരു സൗകര്യങ്ങളും ചെയ്തിട്ടില്ലെന്നുള്ളതാണു്. ആ കാര്യത്തെ സംബന്ധിച്ചും ഗവണ്മെൻറിലേക്കു് പരാതികൾ അയച്ചിട്ടുണ്ടു്. അതിനും ഇതുവരെ ഒരു ഉപശാന്തി ഉണ്ടായിട്ടില്ല.

സാധാരണ കടലോരപ്രദേശങ്ങളിൽ മാത്രമെ ശുദ്ധജലവിതരണത്തിൻെറ ആവശ്യമുള്ളുവെന്നു ഗവണ്മെൻറും ജനപ്രതിനിധികളും വിചാരിക്കുന്നതായി എനിക്കു തോന്നുന്നു. ഉൾനാട്ടിൽ പല പ്രദേശങ്ങളിലും ശുദ്ധജലത്തിൻെറ ക്ഷാമം വളരെയുണ്ടു്. കുന്നത്തൂർ താലൂക്കിൽ പല ഭാഗത്തും പ്രത്യേകിച്ചും കുന്നത്തൂരും പോരുവഴിയിലും പകുതികളിൽ കിണറുകൾ ഇല്ലാത്തതുകൊണ്ടു മഴയില്ലാത്ത കാലങ്ങളിൽ ചക്രം കൊടുത്തു വെള്ളം വാങ്ങേണ്ടിവരുന്നുണ്ടു്. പൂഴിമണ്ണുള്ള സ്ഥലമായതുകൊണ്ടു അവിടെ ആഴത്തിൽ കിണറു കുഴിക്കാൻ സാദ്ധ്യമല്ല. പിന്നെ സിമൻറു ഉറ ഇറക്കിയോ മറേറാ കെട്ടാമെന്നു വച്ചാൽ സാധാരണക്കാരെക്കൊണ്ടു സാധിക്കുന്നതല്ല. അതുകൊണ്ടു അവിടെ അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ഒരു മൂന്നു നാലു പൊതുക്കിണറുകൾ എങ്കിലും കുഴിപ്പിച്ചാൽ അതു വളരെ ഉപകാരപ്രദമായിരിക്കുന്നതാണു്.

മറെറാന്നു പറയാനുള്ളതു അടൂർ ബസ്‌സ്ററാൻറിനെപ്പററിയാണു്. അവിടെ ഒരു വെയിററിംഗ്ഷെഡ് കെട്ടാൻ അനുവദിച്ചിട്ടുണ്ടു്. പക്ഷെ അതുകൊണ്ടുമാത്രമായില്ലെന്നാണു് ഞാൻ പറയുന്നതു്. അവിടെ രാവിലെ മുതൽ രാത്രി ൧൦ മണിവരെ യാത്രക്കാർ കൂടുന്ന ഒരു സ്ഥലമാണു്. അതുകൊണ്ടു് അവിടെ ഒരു യൂറിനൽ സ്ഥാപിക്കുന്നതിനുള്ള സത്വരനടപടികൾ എടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

അടുത്തതായി ആ താലൂക്കുകാർ മിഡ്‌വൈഫിൻെറ സേവനം കിട്ടുന്നതിനു വളരെ ബുദ്ധിമുട്ടു അനുഭവിക്കുന്നുണ്ടെന്നുള്ള കാര്യമാണു് ഞാനിവിടെ പ്രസ്താവിക്കാൻ ആഗ്രഹിക്കുന്നതു്. ആ താലൂക്കിൽ ഒരു മിഡ്‌വൈഫേയുള്ളു. ആ താലൂക്കിൻെറ പലഭാഗങ്ങളിലും ഈ മിഡ്‌വൈഫിനെയാണു, വിളിച്ചുകൊണ്ടു പോകേണ്ടിയിരിക്കുന്നതു്. അതിനാൽ അവിടെ കൂടുതൽ മിഡ്‌വൈഫുകളെ നിയമിക്കുന്നകാര്യത്തിൽ ഗവണ്മെൻറു ശ്രദ്ധിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ടി. എ. മജീദ്: സർ, കാട്ടേജ് ഇൻഡസ്ട്രീസിനുവേണ്ടി ബഡ്ജററിൽ ഒരു ലക്ഷത്തിൽ ചില്വാനംരൂപാ നീക്കിവച്ചിട്ടുണ്ടായിരുന്നു. എന്നാൽ കുടിൽ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനു ഗവണ്മെൻറു വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ലെന്നാണു എനിക്കു പരാതിയുള്ളതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ ഡിമാൻറിൽ അങ്ങനെ ഒരു തുക കൊള്ളിച്ചിട്ടില്ല.

ശ്രീ. ടി. എ. മജീദ് : ഈ കൊല്ലം ഇൻഡസ്ട്രീസിലേക്കു തുക മാററിയിരിക്കുകയാണ്. ഒരു പ്രധാന കുടിൽ വ്യവസായമായ ചൂരൽ വ്യവസായത്തിനു അർഹിക്കുന്ന പ്രോത്സാഹനം നൽകുന്നില്ലെന്നു മാത്രമല്ല, അതിനെ തകർക്കുന്നതായിട്ടാണു കാണുന്നതു്. ഒരു യഥാർത്ഥ കുടിൽ വ്യവസായമാണു ചൂരൽവ്യവസായം. സെയിൽസ്ടാക്സും ഇൻകംടാക്സും ചുമത്തി ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്നവരെ വിഷമിപ്പിക്കുന്നതുകൊണ്ടു അതിപ്പോൾ ഒരു തകർച്ചയിൽ എത്തിയിരിക്കുകയാണ്. കുനിന്മേൽ കുരു എന്നവണ്ണം ഇപ്പോൾ വേറൊരു കാര്യവും സംഭവിച്ചിട്ടുണ്ട്. ചൂരലിന്റെ വില മൂന്നിരട്ടിയോളം വർദ്ധിപ്പിച്ചു എന്നുള്ളതാണതു്.

ശ്രീ. കെ. കരുണാകരൻ : ഡിമാൻറിൽ ഉൾക്കൊള്ളാത്ത കാര്യത്തെപ്പററി സംസാരിക്കാമോ എന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker : Please confine yourself to the subject matter covered by the Demand under discussion Rural Development.

ശ്രീ. ടി. എ. മജീദ് : വളരെ പ്രാധാന്യമുള്ള ഈ കുടിൽ വ്യവസായത്തിനു പഞ്ചായത്തു യാതൊരു സഹായവും നൽകുന്നില്ലെന്നാണു ഞാൻ പറയുന്നതു്.

ശ്രീ. പി. സദാശിവൻ : കാട്ടേജ് ഇൻഡസ്ട്രീസിനു ഇൻഡസ്ട്രീസ് ഡിമാൻറിൽ തുകകൊള്ളിച്ചിട്ടുണ്ടു്.

Mr. Speaker : That is what I said.

ശ്രീ. ടി. എ. മജീദ് : തിരുവിതാംകൂർ വിഭാഗത്തു് വില്ലേജു യൂണിയൻ സ്റ്റാഫിനു ശമ്പളം കൊടുക്കുന്നതു പഞ്ചായത്തിൽ നിന്നാണ്. കൊച്ചിയിലെ പോലെതന്നെ ഈ സ്റ്റാഫിനെ ഗവണ്മെൻറ സർവീസിൽ എടുക്കേണ്ടതു ഏററവും വലിയ ഒരു ആവശ്യമാണ്. അവർ മററുള്ളവരെപ്പോലെ ജോലിചെയ്യുകയും മററുള്ള വ്യവസ്ഥകൾക്കു വിധേയരായി കഴിയുകയും ചെയ്യുമ്പോൾ അവർക്കു കൂടി ഗവണ്മെൻറ സർവീസിലുള്ള ആനുകൂല്യങ്ങൾ കൊടുക്കേണ്ടതാണ്. കൊച്ചിയിൽ ഇപ്പോൾ അങ്ങനെ കൊടുത്തുകൊണ്ടിരിക്കുന്ന സ്ഥിതിക്കു ഇവിടെയും അപ്രകാരം ചെയ്യണമെന്നു ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

ശ്രീ. വാറുണ്ണി പുളിക്കൽ : സർ, നമ്മുടെ ജനസംഖ്യയുടെ വ്യ ൯ ശതമാനവും വില്ലേജുകളിൽ നിവസിക്കുന്ന ആളുകളാണ്. വില്ലേജുകളിൽ കൂടുതൽ ശ്രദ്ധ പതിപ്പിച്ചു വില്ലേജുകൾ പുനരുദ്ധരിക്കണമെന്നു കടലാസുകളിൽ കാണാറുണ്ടെങ്കിലും അപ്രകാരം പ്രവർത്തിച്ചു കാണുന്നില്ലെന്നാണ് ഞാൻ പറയുന്നതു്. ആകെ പതിനേഴുകോടി രൂപാ ചെലവാകുന്ന ബഡ്ജററിൽ റൂറൽ ഡെവലപ്പ്മെൻറിനു ൨൭ ലക്ഷത്തിൽ ചില്വാനം രൂപാ മാത്രമെ, നീക്കിവച്ചിട്ടുള്ളു. ജനസംഖ്യയുടെ വ്യ ൯ ശതമാനംവരുന്ന ഗ്രാമീണർക്കുവേണ്ടി ഇങ്ങനെയൊരു തുക കൊള്ളിച്ചിട്ടുള്ളതു കാണുമ്പോൾ അതു വളരെ ശോചനീയമായ ഒരവസ്ഥയാണെന്നാണു ഞാൻ അഭിപ്രായപ്പെടുന്നതു്. കൊച്ചിവിഭാഗത്തു പഞ്ചായത്തു

[ശ്രീ. വാറുണ്ണി പുളിക്കൽ]

കറം വളരെ നല്ല സേവനം നടത്തി ഏതു മുക്കിലും മൂലയിലും റോഡുകളും തോടുകളുമെല്ലാം ഉണ്ടാക്കി ജനങ്ങളുടെ ശുചീകരണത്തിനുവേണ്ടിയുള്ള സൗകര്യങ്ങളും ഏർപ്പെടുത്തി രാജ്യശ്രേയസ്സിനുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്നു. ആ ഡിപ്പാർട്ടുമെൻറിൽനിന്നാണ് അവിടെ അധികം വില്ലേജു റോഡുകറം ഉണ്ടാക്കീട്ടുള്ളതു്. എന്നാൽ സംയോജനത്തിനുശേഷം അവിടത്തെ വില്ലേജുയൂണിയനുകളുടെ ഭരണം വളരെ മോശമായിട്ടാണു കാണുന്നതു്. വർക്സ് ആൻറ കാൺട്രിബ്യൂഷൻസ് എന്ന ഇനത്തിൽ പതിനഞ്ചു ലക്ഷം രൂപയാണ് ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതു്. അതിൽനിന്നും ൫ലക്ഷംരൂപാ വരുന്ന തെരഞ്ഞെടുപ്പു ചിലവുകറംക്കായി നീക്കിവയ്ക്കുന്ന പക്ഷം ബാക്കി പത്തുലക്ഷമാണു അതിലുള്ളതെന്നു കാണാം. ഇത്രയും ചിലവു ചെയ്യുന്നതിനു ൨ ലക്ഷം രൂപയാണ് എസ്റ്റാബ്ളീഷ്മെൻറു ചാർജായി വരുന്നതു്. പത്തുലക്ഷംരൂപാ ചിലവാക്കാൻ ൨ ലക്ഷംരൂപാ എസ്റ്റാബ്ളിഷ്മെൻറിനുവേണ്ടി ചിലവുചെയ്യുന്നതു തത്വപരമായി ശരിയാണോയെന്നു നാം നേരേക്കേണ്ടതാണ്. പഞ്ചായത്തിൽനിന്നും വില്ലേജ്റോഡു് ഡെവലപ്പുമെൻറ ഫണ്ടു് മാററിവയ്ക്കുന്നതുകൊണ്ടു പഞ്ചായത്തുകറംക്കു യാതൊരു ഗുണവും ഉണ്ടാകുന്നതല്ല. വില്ലേജുറോഡു ഫണ്ടുകറം മുഴവൻ വില്ലേജു പഞ്ചായത്തു ഡിപ്പാർട്ടുമെൻറിനു ചിലവിടത്തക്കവണ്ണം വില്ലേജു പഞ്ചായത്തു ഡിപ്പാർട്ടുമെൻറിലേക്കു് വിട്ടുകൊടുക്കേണ്ടതാണ്. വില്ലേജുകളിൽ ഏതു് റോഡാണ് നിർമ്മിക്കേണ്ടതെന്നെല്ലാം നിശ്ചയിക്കുന്നതിനുള്ള അവകാശം പഞ്ചായത്തിനാണു ഉണ്ടായിരിക്കേണ്ടതു്. ൪൦൦കയോ ൫൦൦കയോ ചിലവു വരുന്ന ഒരു ചെറിയ വില്ലേജു് റോഡിനുവേണ്ടി ഒരു വലിയ ഉദ്യോഗസ്ഥനായ ചീഫ് ഇൻജീനിയരേയോ, അസിസ്റ്റൻറ ഇൻജിനീയരെയോ തിരുവനന്തപുരത്തു നിന്നു സമീപിച്ചു അതിൻെറ പ്രാധാന്യം അദ്ദേഹത്തെ മനസ്സിലാക്കി കാര്യം നടത്തുകയെന്നതു പ്രായോഗികമല്ല. അതുകൊണ്ടു വില്ലേജുറോഡുകറം ഉണ്ടാക്കാനുള്ള എല്ലാ സൗകര്യങ്ങളും പുതുതായി ഉണ്ടാകുന്ന പഞ്ചായത്തുകറംക്കു വിട്ടുകൊടുക്കണമെന്നാണു എൻെറ അഭിപ്രായം. അങ്ങനെ വില്ലേജുകളിലെ ജനങ്ങളുടെ രക്ഷക്കുവേണ്ടി അവർതന്നെ ഭരിക്കുന്ന ഒരു സ്വയംഭരണസംപ്രദായം ഈ പഞ്ചായത്തുകളിൽകൂടി നാം ഉണ്ടാക്കണമെന്നാണു എനിക്കു പറയാനുള്ളതു്.

The House rose for lunch at 1.0 p. m. and reassembled at 2.0 p. m. with Mr. Speaker in the Chair.

[2 P. M.]

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): സർ, മാവേലിക്കരയിൽ ആരംഭിക്കുവാൻ പോകുന്ന റൂറൽ ഡെവലപ്പുമെൻറ് ട്രെയിനിംഗ് സെൻററിനും പൈലററ് വില്ലേജ് സ്കീമിനും പഞ്ചായത്തിനുംകൂടിയിട്ടാണ് ഈ ധനാഭ്യർത്ഥനയിൽ വക കൊള്ളിച്ചിരിക്കുന്നതു്. ഇതിൽ പൈലററ് വില്ലേജ്സ്കീം എന്താണെന്നു ബഹുമാനപ്പെട്ട പത്തനം

പുറം മെംബർ ഇവിടെ ചോദിക്കുകയുണ്ടായി. കമ്മ്യൂണിററി പ്രാജക്ററ മാതിരി ഒരു ചെറിയ ഡെവലപ്പ്മെൻറ് പ്രാജക്ററാണ് പൈലററ് വില്ലേജ്സ്കീം. അതു് മാവേലിക്കര, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി എന്നീ താലൂക്കുകൾ ഉൾപ്പെടുന്ന ഓണാട്ടുകരയിൽ ആണ് പ്രവർത്തനം നടത്താൻ ഉദ്ദേശിക്കുന്നതു്. അവിടത്തെ കൃഷിവികസനത്തിനും, കന്നുകാലികളെ അഭിവൃദ്ധിപ്പെടുത്തുന്നതിനും അവിടത്തെ കയർവ്യവസായം സഹകരണസംഘാടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതിനും തൻമൂലം കയർ പിരിക്കാക്കു എന്തെങ്കിലും പ്രയോജനം ഉണ്ടാകത്തക്കവിധത്തിൽ പ്രവർത്തനം നടത്തുന്നതിനും കോഴിവളർത്തൽ മുതലായവ പ്രോത്സാഹിപ്പിക്കുന്നതിനും അതുവഴി ജനങ്ങളുടെ ജീവിതത്തോതുയർത്തുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നതു്. ഇതു് ഏതാണ്ടു അഞ്ചു കൊല്ലത്തേക്കുള്ള ഒരു പ്രവർത്തനമാണ്. അതിനു നാലുലക്ഷത്തിനാലായിരത്തിഏഴനൂറ രൂപാ ചെലവാക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. അതിൽ ഫോർഡ്ഫൌണ്ടേഷൻ കുറെ രൂപാ ചെലവാക്കുന്നുണ്ടു്. അതിൽ തൊണ്ണൂററിഅയ്യായിരത്തിതൊള്ളായിരം രൂപാമാത്രമേ ഈ ഗവണ്മെൻറ് ചെലവാക്കേണ്ടതായിട്ടുള്ളു. ഈ കൊല്ലം അതിലേക്കു ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുക ഇൻഡ്യാഗവണ്മെൻറ് മടക്കി തരുന്നതുമാണ്. റൂറൽ ഡെവലപ്പ്മെൻറ് സ്കീമും 'മാവേലിക്കരയിലാണ്' ആരംഭിക്കാൻ പോകുന്നതു്. അതു് കമ്മ്യൂണിററി പ്രാജക്ററിലേക്കു ആവശ്യമുള്ള സൂപ്പർവൈസറന്മാരേയും വില്ലേജ് ലെവൽ വർക്കേഴ്സിനേയും ട്രെയിൻചെയ്തു പുറത്തു വിടാനുള്ള ഒരു സ്ഥാപനമാണ്. ഇതിനും ഈ ഗവണ്മെൻറ് ഒരുലക്ഷത്തിഎൺപതിനായിരത്തിനാനൂററിനാൽപ്പതു രൂപാ മാത്രമേ ചെലവാക്കേണ്ടതായിട്ടുള്ളു. ബാക്കി ആറലക്ഷത്തിഎണ്ണായിരത്തിനാനൂറ രൂപാ ഇൻഡ്യാഗവണ്മെൻറും, ഫോർഡുഫൌണ്ടേഷനും ടെക്ക്നിക്കൽ കാർപ്പറേഷനും കൂടി ചെലവുചെയ്യുന്നതാണ്. സാമാന്യമായി ഇതേപ്പററി ഇത്രയും പറയുന്നതേയുള്ളു.

പഞ്ചായത്തിനെക്കുറിച്ചു പല ബഹുമാനപ്പെട്ട മെംബറന്മാരും നിശിതമായി വിമർശനം നടത്തി. ബഹുമാനപ്പെട്ട മെംബറന്മാരുടെ വിമർശനങ്ങളിൽ എല്ലാംതന്നെ, അടങ്ങിയിരിക്കുന്നതു് മൂന്നുനാലു കാര്യങ്ങളാണ്. (൧) പഞ്ചായത്തിനു് തുക കൊള്ളിച്ചിട്ടുള്ളതുപോരാ (൨) Establishment charge വളരെ അധികമാകുന്നു. (൩) ചെയ്യുന്ന പണികൾ സമയത്തു ചെയ്യുന്നില്ല. (൪) ചില പ്രാദേശികാവശ്യങ്ങൾ നിവൃത്തിക്കപ്പെടുന്നില്ല. ഡയറക്ടർക്കു് ൨൦൦൦-കയിൽ കൂടുതലുള്ള Estimate അനുവദിക്കാൻ അധികാരമില്ല. (൫) മൂന്നുനാലു പഞ്ചായത്തു് ഇൻസ്പെക്ടർമാരുടെ നിയമനത്തിൽ ഗവണ്മെൻറ് അനീതിയായി പ്രവർത്തിച്ചു എന്നാണ്. ഇതിൽ പഞ്ചായത്തു് ഇൻസ്പെക്ടറന്മാരുടെ കാര്യത്തെ സംബന്ധിച്ചിടത്തോളം ചിലർ പറഞ്ഞതു ശരിയല്ല എന്നു ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു. അതു സംബന്ധിച്ചു് ഇന്നു കാലത്തും ചില ചോദ്യങ്ങൾ ഉണ്ടായി. ആ ചോദ്യത്തിനുപോലും ആവശ്യമായ വിവരങ്ങൾ ഈ സഭക്കറിയാൻ സാധിച്ചിട്ടില്ല. അതുകൊണ്ടു ഈ സഭയിലെ ബഹുമാനപ്പെട്ട മററ മെംബറന്മാക്കും ആ നിയമനം അനർഹമായിട്ടുള്ളതാണെന്നു സംശയിക്കാംവുന്നതാണ്. എന്നാൽ അതിന്റെ വസ്തുത ഇതാണ്.

[ശ്രീ. കെ. കൊച്ചുകുട്ടൻ]

പഞ്ചായത്തുതെരഞ്ഞെടുപ്പു അടുത്തിരിക്കുന്ന അവസരത്തിൽ അതിനാവശ്യമായിട്ടുള്ള നടപടികൾ നടത്തുന്നതിനു മൂന്നോ നാലോ ഇൻസ്പെക്ടറന്മാരുടെ നിയമനം വേഗത്തിൽ ചെയ്യേണ്ടതായിവന്നു. ൫–൩–൫൨-ലാണ് അതിനുള്ള ഉത്തരവു ഗവണ്മെൻറ് പുറപ്പെടുവിച്ചതു്. അന്നത്തെ ഉത്തരവിൽ പറഞ്ഞിട്ടുള്ളതു് തിരുവിതാംകൂർ–കൊച്ചിയിൽ ഇന്നുള്ള പഞ്ചായത്തു ക്ലാർക്കന്മാരിൽ ൩൫ രൂപാ മുതൽ ൧൫ രൂപായും ൪൫ മുതൽ ൧൫ രൂപായും ശമ്പളസ്കെയിൽ ഉള്ളവരിൽ സീനിയറായിട്ടുള്ള നാലു പേരെ തെരഞ്ഞെടുക്കണമെന്നുമാണ്. അതനുസരിച്ചു ഗവണ്മെൻറിനു തന്നെ നാലുപേരെ എടുക്കാമായിരുന്നു. പക്ഷെ ഗവണ്മെൻറ് അതു ചെയ്തില്ല. ഗവണ്മെൻറ് അങ്ങനെ ചെയ്യുകയാണെങ്കിൽ ഒരുപക്ഷെ ഏററവും സീനിയറായിട്ടുള്ള ക്ലാർക്കന്മാർ കൊച്ചിയിലാണെങ്കിൽ, അതു തിരുവിതാംകൂർഭാഗത്തുള്ളവർക്കു് പരാതിക്കിടവരുത്തിയേക്കാമെന്നും അതു പോലെ ഏററവും സീനിയറായിട്ടുള്ളവർ തിരുവിതാംകൂർവിഭാഗത്തുള്ളവരെങ്കിൽ അപ്പോൾ മററുള്ളവരും പരാതി പറഞ്ഞേക്കാം എന്നും തോന്നി. അങ്ങിനെ ആക്ഷേപങ്ങൾ ഉണ്ടായേക്കാം എന്നു കരുതി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നിയമനം നടത്തിയാൽ മതി എന്നു തീരുമാനിച്ചു. അതനുസരിച്ചു സീനിയറായി നാലുപേരെ സർവ്വീസു നോക്കി തെരഞ്ഞെടുക്കാൻ ആവശ്യപ്പെട്ടു. അവർ സീനിയറായിട്ടുള്ള ക്ലാർക്കന്മാരെ ഇൻറർവ്യൂ നടത്തി. അതിൽതന്നെ കുറെപേർ ഇൻറർവ്യൂവിനു ഹാജരാകാതിരുന്നു. കുറെപേരെ ഇൻറർവ്യൂ നടത്തിയതിൽനിന്നും നാലു പേരെ തെരഞ്ഞെടുത്തു. അതിൽ ൩ പേർ തിരുവിതാംകൂറിലുള്ളവരും ഒരാൾ കൊച്ചിഭാഗത്തുള്ള ആളുമാണ്. അവരോടു പറയാത്ത ഒരു കാര്യം അവർ ചെയ്തു. അതു വളരെ നീതിയായിട്ടില്ല എന്നു ബോദ്ധ്യമായതു കൊണ്ടു തിരുവിതാംകൂർഭാഗത്തുനിന്നു രണ്ടാളേയും കൊച്ചിഭാഗത്തുനിന്നു രണ്ടാളേയും ഗവണ്മെൻറ് നിയമിച്ചു.

ശ്രീ. എ. കുഞ്ഞൻനാടാർ: തിരുവിതാംകൂർഭാഗത്തേക്കു എത്ര ആളുകളെ നിയമിക്കാം? കൊച്ചിഭാഗത്തേക്കു എത്ര ആളുകളെ നിയമിക്കാം എന്നു വ്യവസ്ഥയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൧൯൪൯–നു ശേഷം ഉള്ള നിയമനങ്ങളിൽ അങ്ങനെ വ്യവസ്ഥയില്ല. ആ ഡിപ്പാർട്ടുമെൻറിൻെറ സംയോജനം കഴിഞ്ഞതാണ്. ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലല്ല ഗവണ്മെൻറിൻെറ മററുള്ള കാര്യങ്ങളിലാണ്. സീനിയർമോസ്റ്റായിട്ടുള്ളവരെ എടുക്കണമെന്നാണ് നിർദ്ദേശം കൊടുത്തിട്ടുള്ളതു്. അതനുസരിച്ചു മൂന്നുപേരെ തിരുവിതാംകൂറിൽനിന്നും ഒരാളെ കൊച്ചിയിൽനിന്നും തെരഞ്ഞെടുത്തു വന്നപ്പോൾ അതു ശരിയല്ല എന്നു കരുതി ഇൻറഗ്രേഷൻവരെ താൽക്കാലികമായിട്ടു രണ്ടുപേരെ കൊച്ചിഭാഗത്തുനിന്നും രണ്ടുപേരെ തിരുവിതാംകൂർഭാഗത്തുനിന്നും നിയമിച്ചു. അങ്ങനെ രണ്ടുപേരെവീതം നിയമിച്ചപ്പോൾ ആദ്യം തെരഞ്ഞെടുത്തയച്ചവരിൽ ഒരു തിരുവിതാംകൂറുകാരൻ പുറത്തുപോകേണ്ടതായി വന്നു. ആ ഒരാൾ ഒരു ഹരിഹരയ്യർ ആണ്. ആ ഉദ്യോഗസ്ഥനു എട്ടു കൊല്ലവും ഏഴു മാസവും ഇരുപത്തിമൻപത്തു ദിവസവും ആണ് ആകെ സർവ്വീസ് ഉള്ളതു്. ആ ഡിപ്പാർട്ടുമെൻറിൽ

ൽ കൊല്ലത്തെമാത്രം സവ്വീസാണുള്ളതു്. ഒരു ഡിപ്പാർട്ടുമെൻറിലും പെർമനൻസി ഇല്ല. ഇപ്പോൾ ൪൫–൧൫ രൂപാ ഗ്രേഡിൽ ൬൦ രൂപ വാങ്ങുന്നു.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഈ ഹരിഹരയ്യർ കാർപ്പറേഷനിൽനിന്നും മാറിവന്ന ആളല്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെൻറിനുള്ള റെക്കാർഡു് വച്ചുകൊണ്ടു പറയുകയാണു്. പഞ്ചായത്തുഡിപ്പാർട്ടുമെൻറിൽ അഞ്ചു കൊല്ലം മാത്രം സവ്വീസുള്ളയാളും ൪൫ മുതൽ ൧൫ രൂപാ ശമ്പളത്തിൽ അദ്ദേഹം ൬൦ രൂപാ വാങ്ങിക്കുകയും ചെയ്യുന്നു. എന്നാൽ ഇപ്പോൾ കൊച്ചീ വിഭാഗത്തിൽ നിന്നും എടുത്തിട്ടുള്ള കൃഷ്ണമേനോനു് ൨൧ കൊല്ലവും ൧ മാസം ൭ ദിവസവും, സവ്വീസുണ്ടു്. ൩൦–൧൫ വരെ ശമ്പളത്തിൽ ൧൫ രൂപാ വാങ്ങുകയും ചെയ്യുന്നു. പഞ്ചായത്തുഡിപ്പാർട്ടുമെൻറിൽതന്നെ ൨൧ കൊല്ലത്തെ സവ്വീസുണ്ടു്. മി. കൃഷ്ണമേനോൻ എന്തുകൊണ്ടും വളരെ സീനിയറാണു്. എന്നാൽ ആ ഉദ്യോഗം സ്ഥിരപ്പെടുത്തണമെന്നു എനിക്കു ആഗ്രഹമുണ്ടായിരുന്നില്ല. അതുകൊണ്ടു ഇൻറഗ്രേഷൻ നടപ്പിൽ വരുന്നതുവരെ താൽക്കാലികമായി അങ്ങനെ ചെയ്യുതാണു്. ഇതിൽ മന്ത്രി അനർഹമായി കൈകടത്തിയിട്ടില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ : കൃഷ്ണമേനോനേക്കാൾ സീനിയറായി വേലായുധൻ എന്നൊരാൾ ഉള്ളതായി അറിയാമോ ?

Mr. Speaker : Order, order. I would request the hon. Member not to go into the merits or demerits of individual cases. It has been said that it is only a provisional appointment. That should stop further discussion on the point.

ശ്രീ. എൻ. രാജഗോപാലൻനായർ : തിരുവിതാംകൂർ-കൊച്ചിയിലെ പബ്ലിക്ക് സവ്വീസ് കമ്മീഷൻ ചെയർമാൻ കൊച്ചീസ്വദേശിയാണെന്നറിയാമോ ?

Mr. Speaker : It would be well for us to understand that at least hon. Members of the House should not try to create a distinction between Cochin and Travancore.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇനി മി. വേലായുധനെപ്പററി പറയുകയാണെങ്കിൽ അദ്ദേഹം അദ്ദേഹത്തിന്റെ സീനിയറായി അവഗണിച്ചു ജൂനിയറെ Promote ചെയ്യുവയ്ക്കുന്നതിനു സമ്മതിച്ചിട്ടുള്ളതും തിരുവനന്തപുരത്തു വരുന്നതിനും പഞ്ചായത്തു് ഇൻസ്പെക്ടറന്മാരായിരിക്കുന്നതിനും സാദ്ധ്യമല്ല എന്നു പറഞ്ഞു് രണ്ടു പ്രാവശ്യം റിട്ടൺ ആയി അറിയിച്ചിട്ടുള്ളതുമാണു്. അതിനുശേഷം അടുത്ത പിഷാരടിയെ ൧൦–൧൧൦ രൂപാ ഗ്രേഡിൽ നിയമിച്ചുകഴിഞ്ഞിട്ടുണ്ടു്. അടുത്തയാൾ ന്യായമായിട്ടുള്ളതു മി. കൃഷ്ണമേനോനാണു്. അദ്ദേഹത്തോടു് നീതിചെയ്യിട്ടുമുണ്ടു്.

ഇനി എനിക്കു ഡിപ്പാർട്ടുമെൻറു് പ്രവത്തനത്തെ സംബന്ധിച്ചാണു് പറയാനുള്ളതു്. അതിലേക്കു നീക്കിവച്ചിട്ടുള്ള തുക പോരെന്നു ബഹുമാനപ്പെട്ട മെംബറന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. എന്നാൽ അതിന്റെ

[ശ്രീ. കെ. കൊച്ചുകുട്ടൻ]

നിഷേധിക്കുവാൻ ഞാൻ ഒരുക്കമല്ല. ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രാധാന്യം നോക്കുമ്പോൾ പ്രവൃത്തനങ്ങൾക്കെല്ലാംകൂടി ഈ ഡിപ്പാർട്ടുമെൻറിൽ കുറച്ചുകൂടി എമൗണ്ട് അനുവദിക്കുന്നതു നല്ലതായിരിക്കും. വില്ലേജുകളിൽ ചെയ്യേണ്ടതായ പല കാര്യങ്ങളും പല ഡിപ്പാർട്ടുമെൻറുകൾവഴി ചെയ്യുന്നുണ്ട്. അതായതു് വില്ലേജുറോഡുകളാണെങ്കിൽ അതു് വി. ആർ. ഡി. ഫണ്ടിൽനിന്നുംകൂടി ചെലവാക്കുന്നതാണ്. അതിലേക്കു് എട്ടു ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. പിന്നെ മൈനർ ഇറിഗേഷൻ കാര്യങ്ങൾക്കായി ഇറിഗേഷൻ ഡിപ്പാർട്ടുമെൻറിലേക്കു ൧൧ ലക്ഷം രൂപായും അതുപോലെ കിണറുകൾ ഉണ്ടാക്കിക്കൊടുക്കുക മുതലായ കാര്യങ്ങൾക്കാണെങ്കിൽ ഈ ഡിപ്പാർട്ടുമെൻറിൽ കൊള്ളിച്ചിട്ടുള്ളതു കൂടാതെ പബ്ലിക്ക്ഹെൽത്തു ഡിപ്പാർട്ടുമെൻറിലും തുക കൊള്ളിച്ചിട്ടുണ്ട്. ഇങ്ങനെ എല്ലാ ഡിപ്പാർട്ടുമെൻറിലുമായുള്ള ആകെ തുക നോക്കിയാൽ ഒരു നല്ല തുക ഗ്രാമങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി മാററിവച്ചിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: അതിൽ എന്തെങ്കിലും തുക വില്ലേജു് പഞ്ചായത്തുമുഖേന ചെലവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേപ്പററി പറയുകയാണെങ്കിൽ വില്ലേജുറോഡുകളുടെ കാര്യം പഞ്ചായത്തുമുഖേന നടത്തുന്നതിനു് മരാമത്തു് വകുപ്പുമന്ത്രി ആലോചിക്കാമെന്നു ധനാഭ്യർത്ഥനയ്ക്കു മറുപടി പറഞ്ഞ അവസരത്തിൽ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്. അതുമാതിരിയുള്ള കാര്യങ്ങളെപ്പററി ഗവണ്മെൻറാലോചിക്കുന്നതാണ്. അതിനുംപുറമെ ഇനിയുള്ള അവസരങ്ങളിൽ ഗവണ്മെൻറ പഞ്ചായത്തുകളിൽ പണം അധികമായി ചെലവാക്കാൻ ഉദ്ദേശിക്കുന്നുമില്ല. പഞ്ചായത്തിനു് പലപ്രകാരത്തിലും നികുതി പിരിക്കുന്നതിനുള്ള അധികാരവും അവകാശവും കൊടുത്തിട്ടുണ്ട്. അവർ പിരിച്ചുണ്ടാക്കുന്ന അത്രകണ്ടു തുകമാത്രമേ ഗവണ്മെൻറ് ഗ്രാൻറ കൊടുക്കേണ്ടു. എന്നാൽ എത്ര പിരിച്ചാലും രണ്ടായിരം ഉറുപ്പികയിൽ അധികം ഒരു പഞ്ചായത്തിനു് കൊടുക്കേണ്ടതുമില്ല. പഞ്ചായത്തിലേക്കു് എത്ര തുക ആവശ്യമായിരുന്നാലും ഇതിൽ കൂടുതലായ ഒരു സംഖ്യ ഗവണ്മെൻറ് അനുവദിക്കുകയുമില്ല. എന്നാൽ ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ അഭിപ്രായപ്പെട്ടതുപോലെ തുക പോരാതെവന്നാൽ, സപ്ലിമെൻററി ഗ്രാൻറ് കൊണ്ടുവരണമെന്നു പറഞ്ഞതു്, ഗവണ്മെൻറാലോചിക്കുന്നതാണെന്നുമാത്രമേ എനിക്കതേപ്പററി പറയാനുള്ളു.

മറെറാരു കാര്യം എസ്റ്റാബ്ളിഷ്മെൻറചാർജ്ജസ്സിനുവേണ്ടി അധികം തുക ചെലവു ചെയ്യുന്നു എന്നു ബഹുമാനപ്പെട്ട മെംബറന്മാർ പറയുകയുണ്ടായി. ൯ ലക്ഷം ഉറുപ്പിക ചെലവുചെയ്യാൻ ൭ ലക്ഷം ഉദ്യോഗസ്ഥന്മാക്കു് ശമ്പളമായി നീക്കിവച്ചിരിക്കുന്നു എന്നു് മി. വാറണ്ണി പറഞ്ഞു. അതൊന്നും ശരിയല്ല. എന്നാൽ ഏതാനും ബഹുമാനപ്പെട്ട മെംബറന്മാർ പറയുന്നതു് എസ്റ്റാബ്ലിഷ്മെൻറ്ചാർജ്ജസ്സു് വളരെ കുറവാണെന്നാണ്. ഉദാഹരണമായി ബഹുമാനപ്പെട്ട നെടുമങ്ങാട്ടുമെംബർ ചില കണക്കുകൾ ഇവിടെ ഉദ്ധരിച്ചു. അതായതു്, അസിസ്റ്റൻറ് എൻജിനീയർതുടങ്ങിയുള്ള ടെക്കനിക്കൽസ്റ്റാഫിൻെറ ശമ്പളം കൂട്ടി കൊടുക്കണമെന്നാണ്,

അതിനെനിക്കു പറയാനുള്ളതു് ഗവണ്മെന്റിന്റെ സാമ്പത്തികകഴിവുകൾ കൂടി പരിഗണിക്കണമെന്നാണു്. എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജസ്സ് കുറയ്ക്കുവാൻ ഇടയില്ല. അതു സാദ്ധ്യമല്ല.

വില്ലേജ്കമ്മിറ്റി എന്നതിൽ ൩൬ ക്ലാർക്കുമാരും ൨൦൧ സ്വീപ്പേഴ്സും ൨൦൯ തോട്ടികളും ഉള്ളതായും ഇവർക്കെല്ലാംകൂടി ഒരു വമ്പിച്ച തുക കൊള്ളിച്ചിരിക്കുന്നു എന്നും അതു് ഏതു ഭാഗത്തുള്ളവരാണെന്നും പത്തനാപുരം മെമ്പർ ചോദിക്കുകയുണ്ടായി. അതേപ്പറ്റി എനിക്കു പറയാനുള്ളതു്, അതു് ഇപ്പോൾ കൊച്ചീവിഭാഗത്തുള്ളവരാണു്, എന്നാണു്. അവരുടെ ശമ്പളത്തിനുവേണ്ടി നീക്കിവച്ചിരിക്കുന്ന തുകയാണു്. അവർ ആ ഡിപ്പാർട്ടുമെന്റിലെ സ്ഥിരം ജോലിക്കാരാണു്. അവർക്കു് ശമ്പളം കൊടുക്കാതെ നിവൃത്തിയില്ല.

ഇനി പഞ്ചായത്തുകൾക്കു് എസ്റ്റിമേറ്റ് സാംക്ഷൻ ചെയ്യുന്നതിനുള്ള അധികാരത്തെ സംബന്ധിച്ചാണു്. പറഞ്ഞതു് ശരിയാണു്; [illegible] ൨൦൦ രൂപയ്ക്കുമേലുള്ള എസ്റ്റിമേറ്റ് സാംക്ഷനാക്കാൻ അധികാരമില്ല. അക്കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടു്. അതിനാവശ്യമായ നടപടികൾ കഴിയുന്നതും വേഗം ഗവണ്മെന്റെടുക്കുന്നതാണു്.

ചില പഞ്ചായത്തുകളിലെല്ലാം അനുവദിച്ചിട്ടുള്ള പണികൾ താമസിച്ചുനടത്തുന്നു എന്നു് ആക്ഷേപം ഉണ്ടായി. ഒട്ടും താമസമുണ്ടായിട്ടില്ല എന്നു ഞാൻ പറയുന്നില്ല. അതു കഴിയുന്നത്ര പരിഹരിക്കുന്നതിനു വേണ്ടതു് ചെയ്യാം. നാട്ടിലുള്ള എല്ലാ ആവശ്യങ്ങളും പഞ്ചായത്തുമുഖേന നടത്തുവാൻ സാദ്ധ്യതയുണ്ടു്. അതിനു് കഴിവും സേവനസന്നദ്ധതയുമുള്ളവർ അടുത്തുവരുന്ന പഞ്ചായത്തുതെരഞ്ഞെടുപ്പിൽ വിജയിച്ചുവരാൻ ഇടയാകട്ടെ. ഉപക്ഷേപങ്ങളെയെല്ലാം എതിർക്കുന്നു.

The motion of Shri N. Rajagopalan Nair was put to vote and declared lost.

The motion of Shri P. S. Nataraja Pillai was, by leave, withdrawn.

The question that the Government be granted a sum of Rs. 23,29,000 under Demand XXII—Rural Development—was put and carried.

The grant was made.

Demand XIII—Administration of Justice.

Minister for Home Affairs (**Shri T. M. Varghese**): Sir, I move for a grant not exceeding Rs. 40,00,600 under Demand XIII—Administration of Justice.

Chief Minister (**Shri A. J. John**) : I second it.

Shri K. V. Krishnankutty Warrier : Sir, I move to reduce the total allotment of Rs. 40,00,600 under Demand XIII by Rs. 100

[ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ]

സർ, സാധാരണ ബഡ്ജററ സമ്മേളനത്തിൽ നീതിന്യായനിർവ്വഹണം സംബന്ധിച്ച കാര്യങ്ങളെപ്പററി സംസാരിക്കുവാൻ ഈ ഡിമാൻറ സാധാരണയായി ചർച്ചയ്ക്കെടുക്കാത്തതുകൊണ്ട് സാധിക്കാറില്ല. എന്നാൽ ഇക്കൊല്ലം ഇങ്ങനെയൊരു സന്ദർഭം ലഭിച്ചിരിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ച് പല കാര്യങ്ങളും പറയേണ്ടതുണ്ട്.

ഇന്ത്യയിലെ പുതിയ ഭരണഘടനയിൻ കീഴിലാണ് നാം ഭരണം നടത്തുന്നതു്. ഈ ഭരണഘടനയിൽ ഈ രാജ്യത്തെ മനുഷ്യൻെറ പ്രാഥമിക പൗരാവകാശത്തെ സംരക്ഷിക്കുന്ന ചില വകുപ്പുകളുണ്ട്. ആ വകുപ്പുകൾ ഉറപ്പു നൽകുന്ന പൌരാവകാശസംരക്ഷണം ഈ രാജ്യത്തെ നീതിന്യായവകുപ്പ് എത്രമാത്രം നിർവ്വഹിക്കുന്നുണ്ടെന്നു നോക്കുമ്പോൾ, വേണ്ടത്ര ചുമതലയും ശ്രദ്ധയും ഇക്കാര്യത്തിൽ എടുക്കുന്നില്ലെന്നു കാണാം. ഭരണഘടനയിലെ പൗരാവകാശപ്രഖ്യാപനത്തെ മാനിച്ചുകൊണ്ടുപോകുവാൻ ആഗ്രഹിക്കുന്ന ഒരു ഗവണ്മെൻറ് ഈ രാജ്യത്തുണ്ടായിരുന്നുവെങ്കിൽ, ഇന്നു നാം കേട്ടതുപോലെ ഒരു നാടകനിരോധനത്തിനു ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഒരുങ്ങുകയില്ലായിരുന്നു. ഭരണഘടനയിലെ പൗരാവകാശത്തെ സംബന്ധിച്ചുള്ള വകുപ്പു അജ്ഞതകൊണ്ടും ധിക്കാരം കൊണ്ടും ഇവിടത്തെ ഭരണകർത്താക്കൾ, അവരുടെ സ്വന്തം ആഗ്രഹത്തിനനുസരണമായി വ്യാഖ്യാനിച്ചു നടപടികൾ പലതും എടുത്തിട്ടുണ്ട്. പൊതുരക്ഷാനിയമഭേദഗതിയുടെ കാര്യത്തിൽ സുപ്രീം കോടതിയിൽ ചെന്നാണു ഇതിനൊരു പരിഹാരം വരുത്തുകയുണ്ടായതു്.

രണ്ടാമതായി എനിക്കു പറയാനുള്ളതു് ഹൈക്കോടതി മാററക്കാര്യത്തെപ്പററിയാണ്. തിരുവനന്തപുരത്തേക്കു് ഹൈക്കോടതി മാററുന്ന കാര്യത്തെപ്പററി ഇവിടെ ചില വാദങ്ങൾ കേൾക്കാറുണ്ട്. ഈ സഭയിലെ ഭൂരിപക്ഷം അംഗങ്ങൾ യോജിച്ചാലും ശരി, ഇല്ലെങ്കിലും ശരി, എനിക്കു് ഹൈക്കോടതി എവിടെയായാലും തരക്കേടില്ല. സർ, ഇവിടത്തെ ഭൂരിപക്ഷം ജനങ്ങളുടെ നിത്യ ജീവിതത്തെ ബാധിക്കുന്ന ഒരു കാര്യമല്ല അതു്. ഇവിടത്തെ തൊഴിലാളികൾക്കാകട്ടെ, പാവപ്പെട്ട അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കാകട്ടെ ഹൈക്കോടതി എവിടെവേണമെന്നുള്ളതിനെപ്പററി അത്ര ഗൌനിച്ചിട്ടു കാര്യമേയില്ല. അവർക്കത്യാവശ്യമായി വേണ്ടതു് ജോലിചെയ്യുന്നതിനുള്ള അവകാശവും ജോലിസ്ഥിരതയും കൂലിയും മററു ജീവിതാനുകൂല്യങ്ങളുമാണ്. ജീവിക്കാനുള്ള അവകാശമാണവർക്കു് വേണ്ടതു്. അതു് അവർക്കു് നമ്മുടെ നീതിന്യായകോടതികളിൽനിന്നു കിട്ടുന്നില്ല. നീതിന്യായനിർവ്വഹണത്തിൽ കൂടി ഇന്നത്തെ ഭരണാധികാരികൾ പുലർത്തുന്നതും സംരക്ഷിക്കുന്നതും നാടുവാഴികളുടേയും ജന്മികളുടേയും അവകാശങ്ങളേയും താല്പര്യങ്ങളേയും മാത്രമാകുന്നു. ഇവിടെ സാമ്രാജ്യവാഴ്ചക്കാലത്തു പുലർത്തിക്കൊണ്ടുപോകുന്ന അതേ പാരമ്പര്യംതന്നെ ഇപ്പോൾ തുടർന്നുപോകുന്നുവെന്നു കാണാൻ പ്രയാസമില്ല.

ഇത്രയും ഞാൻ പ്രസ്താവിച്ചതു് കുറേക്കാലമായി രാഷ്ട്രീയ പ്രവർത്തകന്മാരുടെ പേരിലും തൊഴിലാളിപ്രവർത്തകന്മാരുടെ പേരിലും നടത്തിയ കേസ്സുകളുടെ സ്വഭാവം മനസ്സിൽ വച്ചുകൊണ്ടാണ്. ഈ സഭ

യിലെ ഒരംഗമായിരിക്കെ ഇ. ഗോപാലകൃഷ്ണമേനോനെ ഗവണ്മെൻറ് ഒരു കേസ്സിൽപിടിച്ചു. അദ്ദേഹത്തിൻെറ പേരിൽകൊണ്ടുവന്ന കേസ്സിനു പരമാവധി കൊടുക്കാവുന്ന ശിക്ഷ ആറു മാസമായിരുന്നു. ആറു മാസത്തിൽ കൂടുതൽ ശിക്ഷകൊടുക്കുവാൻ ആ വകുപ്പനുസരിച്ചു മജിസ്രേട്ടിനധികാരമില്ലായിരുന്നു. കേസ്സു വിധിയാകുന്നതിനുവേണ്ടി നാലുമാസം അദ്ദേഹം ജയിലിൽ കിടന്നു. അതു കഴിഞ്ഞു അദ്ദേഹത്തെ ആറുമാസം ശിക്ഷിച്ചു. മൂന്നുമാസം തടവുശിക്ഷ അനുഭവിച്ചുകഴിഞ്ഞതിനു ശേഷം ഹൈക്കോടതിയിൽ അദ്ദേഹം കൊടുത്ത അപ്പീലിൻെറ ഫലമായി അദ്ദേഹത്തെ വിട്ടയച്ചു. അങ്ങിനെ ആറുമാസം പരമാവധി ശിക്ഷിക്കാവുന്ന ഒരു കേസ്സിനു ഏഴുമാസത്തെ ശിക്ഷ അദ്ദേഹത്തിനു അനുഭവിക്കേണ്ടിവന്നു. ഹൈക്കോടതിയിൽ അദ്ദേഹത്തിൻെറ പേരിൽ ആ വകുപ്പിൽ കേസ്സെടുത്തതുതന്നെ തെററാണെന്നു വാദിക്കുകയും ഹൈക്കോടതി ആ വാദം അംഗീകരിക്കുകയുമാണുണ്ടായതു്.

സർ, ഇനിയൊരു കാര്യം നീതിന്യായനിർവഹണത്തിൽ വരുന്ന കാലതാമസമാണു്. "Justice delayed is justice denied" എന്ന തത്വം നമുക്കറിയാവുന്നതാണു്. പലപ്പോഴും കേസ്സുകൾ തീരുമാനിക്കുന്നതു് വളരെ കാലദൈർഘ്യം കഴിഞ്ഞിട്ടാണു്. പരിയാരം കേസ്സിൽ ൪൮ പ്രതികൾ ഉണ്ടു്. രണ്ടുകൊല്ലക്കാലം അവരെ അണ്ടർട്രയൽ പ്രിസിണറന്മാരായി താമസിപ്പിച്ചു. ദിവസം ഒരാളിനു് ഒന്നേകാൽരൂപ വച്ചു കണക്കാക്കിയാൽ ഗവണ്മെൻറിനു അതിലേക്കു് ഏതാണ്ടു് നാല്പത്തിഅയ്യായിരം രൂപയോളം ചെലവു വന്നിരിക്കും. ഒരുപക്ഷെ, ആ കേസ്സു തീർക്കുന്നതിനു കൂടിയാൽ ആറുമാസം മാത്രം മതിയായിരുന്നു. ഒന്നരക്കൊല്ലം കൂടി കഴിഞ്ഞിട്ടും ആ കേസ്സിൻെറ പ്രിലിമിനറി എൻക്വയറി പോലും കഴിഞ്ഞില്ല. ഒടുവിൽ സ്പെഷ്യൽ മജിസ്രേട്ടിനെ വെച്ചാണു കേസ്സുതീർന്നതു്. ആദ്യമെതന്നെ ഈ സ്പെഷ്യൽ മജിസ്രേട്ടിനെ നിയമിച്ചിരുന്നെങ്കിൽ ഒരാറുമാസംകൊണ്ടു കേസ്സുതീർന്നേനെ. കൂടിയാൽ ഒരു അയ്യായിരം രൂപ ചെലവുവരും. അതിനുപകരം നാൽപ്പത്തിഅയ്യായിരം രൂപ ഗവണ്മെൻറ് ആവശ്യമില്ലാതെ ചെലവാക്കി. "Penny wise, Pound foolish" എന്ന നയമാണു് ഇവിടെ കാണുന്നതു്. വേണ്ടസമയത്തു വേണ്ടതുചെയ്തിരുന്നുവെങ്കിൽ ആ പ്രതികൾക്കു് ഒരു രക്ഷയാകുമായിരുന്നു. നിരപരാധികളായ പലരും എത്രയോ കാലേ സ്വതന്ത്രരാകാൻ കഴിയുമായിരുന്നു.

ക്രിമിനൽ കേസ്സുകൾ വിസ്തരിക്കുന്നതിൻെറ കാലദൈർഘ്യം എന്താണെന്നുകൂടി നോക്കേണ്ടതാണു്. ഇതിലേക്കു് അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിലെ കണക്കുകൾ ഒന്നു പരിശോധിക്കുന്നതു നന്നായിരിക്കും. ഇവിടത്തെ ഡിസ്ട്രിക്ട് മജിസ്രേട്ടുകോടതിയിലും ഫസ്റ്റക്ലാസ് മജിസ്രേട്ടുകോർട്ടിലും ഡിസ്പോസ് ചെയ്ത കേസ്സുകളുടെ എണ്ണം ൧൯൫൧-൫൨-ൽ ൫൪,൧൧൪ ആണ്. പെൻഡിംഗ് കേസ്സുകളുടെ എണ്ണം ൧൯൫൮ ആയിരുന്നു. കഴിഞ്ഞയാണ്ടത്തെ ആവറേജ് ഡ്യൂറേഷൻ ൫൧ ദിവസമാണു്. ൧൯൫൧-൫൨-ലെ കണക്കു് അനുസരിച്ചു് കേസ്സുകളുടെ എണ്ണം വളരെ കൂടിയിട്ടുണ്ടു്. സെക്കൻറ് ക്ലാസ്സ് മജിസ്രേട്ടുകോർട്ടിൽ വിസ്തരിച്ച കേസ്സുകളുടെ ആവറേജ് ഡ്യൂറേഷൻ ൧൬ ദിവസമാണു്, ആവറേജ് ഡ്യൂറേഷനും ഈ ആണ്ടിൽ വാസ്തവത്തിൽ കൂടി

[ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ]

യിരിക്കുകയാണെന്നു കാണാം. പക്ഷെ ഈ ശരാശരി കണക്കു ധനകാര്യ മന്ത്രി പറയാറുള്ള കണക്കുപോലെയാണു്. രണ്ടുകൊല്ലവും മൂന്നുകൊല്ലവും നീണ്ടുനിൽക്കുന്ന കേസുകൾ അനവധിയുണ്ടു്. ഇത്രയുംകാലം പ്രതികൾ തടവിൽ കിടന്നിരുന്ന ഉദാഹരണങ്ങളും കാണും. അഞ്ചുകൊല്ലം കൊണ്ടുതീർന്ന കേസുകളും ഉണ്ടു്. ചാലക്കുടിയിൽ ഫാക്ടറി തൊഴിലാളികളുടെ പേരിൽ കേസ്സെടുത്തതു് ൧൯൪൮ ജനവരിയിൽ ആണു്. ൧൯൫൨ ജനവരിയിൽ ആണു് അതവസാനിപ്പിച്ചതു്. ൧൧൮ പ്രാവശ്യം ആ കേസ്സു മാററിവച്ചു. അഞ്ചുപ്രാവശ്യം മജിസ്ട്രേട്ടന്മാർ മാറി. അങ്ങനെ ഒരുകാലത്തും തീരാത്ത നിലയിലാണു് കേസ്സുകൾ നീട്ടിക്കൊണ്ടു പോകുന്നതു്. ചാലക്കുടികേസ്സിന്റെ അവസാനത്തിനു അഞ്ചുകൊല്ലം എടുത്തു. ൮൦ തൊഴിലാളികളുടെ ആകെ രണ്ടായിരത്തിലധികം ജോലി ദിവസമാണു് നാടിനു നഷ്ടപ്പെട്ടതു്. പ്രതികളുടെ ദുരിതം പറഞ്ഞറിയിക്കുക പ്രയാസമാണു്. ഈ കാലതാമസത്തെപ്പററി പലപ്പോഴും ചോദ്യം ഉണ്ടായിട്ടുണ്ടു്. ഈ കാലതാമസം വരുത്തുന്നതിനുള്ള പ്രധാന കാരണം പ്രാസിക്യൂഷൻകാർതന്നെയാണു്. അവർ കേസു നീട്ടണമെന്നു കോടതിയോടാവശ്യപ്പെടുമ്പോൾ പ്രതികൾ വന്നിട്ടുണ്ടെങ്കിൽ അവക്കു് ചെലവിനു കൊടുക്കണമെന്ന മര്യാദ കോടതി ഒരിക്കലും ചെയ്യാറില്ല. നേരെമറിച്ചു് പ്രതികളാരെങ്കിലുമാണു് കേസു നീട്ടണമെന്നാവശ്യപ്പെടുന്നതെങ്കിൽ പ്രാസിക്യൂഷൻ ഭാഗത്തെയ്ക്കു്, അല്ലെങ്കിൽ ആ ഉദ്യോഗസ്ഥനു് അന്നത്തെ ചെലവുകൂടി കൊടുത്തു് അവരെ സമാധാനിപ്പിച്ചില്ലെങ്കിൽ കേസു നീട്ടുകയില്ല. അതേ ഔദാര്യം പ്രതികളോടു കാണിക്കുകയില്ല.

മുമ്പു് കൊച്ചി ഗവണ്മെന്റു് കേസ്സുകൾ എളുപ്പം തീക്കുന്നതിനു വേണ്ടി സക്കീട്ടുകോടതികൾ ഏർപ്പെടുത്തിയിരുന്നു. തൃശ്ശൂരുള്ള മജിസ്ട്രേട്ടു് ചാലക്കുടിയിൽപോയി അവിടുത്തെ കേസ്സുകൾ വിസ്തരിച്ചുവന്നു. ഈ ഏർപ്പാടു കക്ഷികൾക്കും വളരെ സൗകര്യമായിരുന്നു. ഈ സമ്പ്രദായം കേസ്സുകൾ എളുപ്പത്തിൽ തീക്കുന്നതിനും സഹായകമായിരുന്നു. എന്നാൽ തിരുവിതാംകൂറിൽ അങ്ങനെയൊരു സമ്പ്രദായമില്ലെന്നു പറഞ്ഞു് കൊച്ചിയിലും അതു നിറുത്തിയിരിക്കുകയാണു്. മജിസ്ട്രേട്ടന്മാക്കു് ബത്ത കൊടുക്കേണ്ടതായി വരുന്നതുകൊണ്ടു അധികച്ചിലവു വരരുതെന്നാണു് ഗവണ്മെന്റിന്റെ നയം. പക്ഷെ എത്രയോ ഇരട്ടി സംഖ്യ പ്രതികൾക്കും സാക്ഷികൾക്കും ചിലവാകുന്നുവെന്നു അവർ മനസ്സിലാക്കുന്നില്ല. കേസ്സുകൾ വേഗം തീക്കാൻ സക്കീട്ടുകോടതികൾ ഏർപ്പെടുത്തണമെന്നാണു് എന്റെ അഭിപ്രായം.

ഇനി തൊഴിൽതക്കം സംബന്ധിച്ചുണ്ടാകുന്ന കേസ്സുകളെപ്പററിയാണു് എനിക്കു പറയാനുള്ളതു്. മുതലാളിമാരും തൊഴിലാളികളും തമ്മിൽ തക്കമുണ്ടാകുമ്പോൾ അതു സംബന്ധിച്ചുപല കേസുകളും ഉണ്ടാകാറുണ്ടു്. തൊഴിൽ നിയമമനുസരിച്ചായാലും ശരി മുതലാളിമാരുടെ താൽപ്പര്യം പുലത്തിപ്പോരുന്ന ഒരു നയമാണു കാണുന്നതു്. തൊഴിലാളികൾക്കു് ജോലിചെയ്യുന്നതിനുള്ള അവകാശംപോലും പലപ്പോഴും നിഷേധിക്കപ്പെട്ടിട്ടുണ്ടു്. ഒരു കേസ്സിൽപെട്ടുപോയാൽ ഫാക്ടറിതൊ

ഴിലാളിയെ പിരിച്ചുവിടും. കോട്ടയം സിമൻറ ഫാക്ടറിയിൽ സത്യാഗ്രഹം നടത്തിയെന്നപേരിൽ അറസ്റ്റചെയ്ത തൊഴിലാളികളെ ഫാക്ടറിയിൽനിന്നും പിരിച്ചുവിട്ടപ്പോൾ അവരുടെ പേരിൽ ക്രിമിനൽ കേസ്സു തുടൎന്നു നടത്തിക്കൊണ്ടിരുന്നപ്പോൾ നിയമം ലംഘിച്ച മുതലാളിയുടെ പേരിലുണ്ടായിരുന്ന കേസ്സിൽ രാജപ്രമുഖൻ ദയാദാക്ഷിണ്യം ഉപയോഗിച്ചു കേസ്സു പിൻവലിക്കുകയാണു് ചെയ്തതു്.

സർ, മുതലാളിമാർ ഫാക്ടറി നിയമം ലംഘിച്ചാൽ, അവരുടെ പേരിൽ യാതൊരു നടപടിയും നടത്താതെ, അതേ സമയം കൂലികിട്ടുന്നില്ലെന്നുള്ള പരാതിയിന്മേൽ തൊഴിലാളികൾ പണിമുടക്കു നടത്തുകയോ അല്ലെങ്കിൽ സത്യാഗ്രഹം അനുഷ്ഠിക്കുകയൊ ചെയ്യുകയാണെങ്കിൽ അവരുടെ പേരിൽ നടപടി നടത്തുകയാണു് പതിവു്. അങ്ങനെ നോക്കിയാൽ സ്വാധീനശക്തിയും, ധനശേഷിയുമുള്ളവരുടെമാത്രം നീതിയാണു ഇവിടെ പുലരുന്നതു് എന്നു കാണാം. വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ അനുവദിച്ചുകൊടുത്തിട്ടുള്ള യാതൊരു അവകാശങ്ങളും സംരക്ഷിക്കാനുള്ള നിയമം നമ്മുടെ സംസ്ഥാനത്തു ഇല്ലതന്നെ. മുതലാളിമാൎക്കും, ജന്മിമാൎക്കും ജീവിച്ചാൽ പോരെന്നും, പാവപ്പെട്ട തൊഴിലാളികൾക്കും മനുഷ്യരെപ്പോലെ ജീവിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നും അതിലേക്കുവേണ്ടി അവൎക്കു നിയമാനുകൂല്യങ്ങൾ അനുവദിക്കേണ്ടതാണെന്നും ഗവൺമെൻറ മനസ്സിലാക്കാത്തതിൽ ഞാൻ ഖേദിക്കുന്നു. എല്ലാവൎക്കും തുല്യനിലയിൽ നീതി ലഭിക്കാനുള്ള അവകാശം നിഷേധിക്കുന്ന ഭരണം ഒരു ജനകീയ ഭരണമല്ല. സാധുക്കളായ തൊഴിലാളികളുടെ പേരിൽ, പലപ്പോഴും പല കാരണവശാലും കേസുകൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. സാധുക്കളായ തൊഴിലാളികൾ എന്നു പറഞ്ഞാൽ, ദരിദ്രരും നിർദ്ധനരായ അധകൃതസമുദായാംഗങ്ങളാണു്. സാധുക്കളായ അധഃകൃതസമുദായാംഗങ്ങളിലുള്ളവൎക്കു ഏതെങ്കിലും തരത്തിൽ ഒരു കേസു് നടത്തേണ്ടിവന്നാൽ, ആ കേസ്സു നടത്തുന്നതിലേക്കുള്ള സകല നടപടികളും സൗജന്യമായിട്ടു മുൻപു കൊച്ചി ഗവൺമെൻറ ചെയ്തു വന്നിരുന്നു. ഇന്നാകട്ടെ, ആ ഏൎപ്പാടു ഇല്ലാതാണിരിക്കുന്നതു്. അധഃകൃതസമുദായത്തിൽപ്പെട്ട തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഉണ്ടാകുന്ന കേസുകൾ ഇനി മേലാലെങ്കിലും സൗജന്യമായി നടത്തിക്കൊടുക്കുന്നതിനു് ഏതെങ്കിലും നടപടി സ്വീകരിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളട്ടെ.

സർ, നമ്മുടെ സംസ്ഥാനത്തു് വക്കീൽ പണിക്കുവേണ്ടി ഡിഗ്രിസമ്പാദിച്ചിട്ടുള്ള അനവധി മാന്യന്മാർ അവൎക്കു മതിയാകത്തക്ക ജോലിയില്ലാത്തതുകൊണ്ടു വൃഥാ സമയം കഴിച്ചുകൂട്ടുന്നുവെന്നു എനിക്കുമാത്രമല്ല, നിങ്ങൾക്കെല്ലാം അറിയാവുന്ന ഒരു സംഗതിയാണു്. ഈ അഭിഭാഷകസംഘത്തെക്കൊണ്ടു ഏതെങ്കിലും വിധത്തിൽ അധഃകൃതതൊഴിലാളികളുടെ കേസുകളെ സംബന്ധിച്ചിടത്തോളം സൗജന്യരീതിയിൽ വേണ്ട സഹായങ്ങൾ നൽകുന്നതിനു് നിർദ്ദേശങ്ങൾ നൽകുകയും മററും ചെയ്താൽ അതു അവൎക്കു ഒരു വലിയ ഉപകാരമായിരിക്കുമെന്നു ഞാൻ ഈ സഭയെ അറിയിച്ചുകൊള്ളുന്നു. ഈ സഹായസഹകരണങ്ങൾക്കുവേണ്ടി ഞാൻ അവരോടു അഭ്യൎത്ഥിക്കുകയും ചെയ്യുന്നു. കോടതികളിൽ പെൻഡിംഗായികിടപ്പുള്ള കേസുകൾ തീൎക്കുന്നതിനെ സംബന്ധിച്ചിടത്തോളം, ആഭ്യന്തര

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ]

വകുപ്പുമന്ത്രിതന്നെ പറയുകയുണ്ടായിട്ടുണ്ട്, കാര്യക്ഷമമായി ജോലിചെയ്യുന്നവർക്ക് അർഹിക്കുന്ന പ്രമോഷൻ നൽകപ്പെടുമെന്ന്. ഇങ്ങനെയൊരു മുന്നറിപ്പ് കൊടുത്തിരുന്നിട്ടും പതിനായിരക്കണക്കിനു കേസുകൾ ഇന്നും പെൻഡിംഗായിട്ടാണ് കിടക്കുന്നതു്. ഈ നില അവസാനിപ്പിക്കേണ്ടതാണ്. സർ, ക്രിമിനൽ കേസുകളിൽ, അസാധാരണരീതിയിലുള്ള കാലവിളംബം ഉണ്ടാകാതെ എത്രയുംവേഗം വിചാരണചെയ്തു കേസുകൾ തീർക്കണമെന്നു ഞാൻ ഗവണ്മെൻറിനോടു അപേക്ഷിക്കുന്നു.

ശ്രീ. കെ. പി. പ്രഭാകരൻ: സർ, ഞാൻ ഈ ഖണ്ഡനോപക്ഷേപത്തെ പിൻതാങ്ങുന്നു. ഈ നാട്ടിലെ സാധാരണക്കാർക്ക് വിശേഷിച്ചും പ്രതിപക്ഷ കക്ഷിയിൽപ്പെട്ടവർക്ക് മജിസ്ട്രേട്ടുകോടതിയിൽനിന്നും ശരിയായ നീതി ലഭിക്കാൻ സാദ്ധ്യമല്ലാതായിത്തീർന്നിരിക്കുന്നു. അത്രയ്ക്ക് പോലീസു പക്ഷപാതമാണു ഇന്നു മജിസ്ട്രേട്ടന്മാർ അനുവർത്തിക്കുന്നതു്. പോലീസുകാർ വന്നു പറഞ്ഞാൽ ഇടവും വലവും നോക്കാതെ വാറണ്ട് എഴുതിക്കൊടുക്കുന്ന മജിസ്ട്രേട്ടന്മാരാണ് ഇന്നുള്ളതു്.

ഏതാനും നാളുകൾക്കുമുമ്പ് എന്നെ അറസ്റ്റ്ചെയ്തതിനെ സംബന്ധിച്ച് തൃശ്ശൂർ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ട് കാണിച്ച നിരുത്തരവാദിത്വത്തെപ്പറ്റി ബഹുമാനപ്പെട്ട സ്പീക്കർതന്നെ ഈ സഭയിൽ പ്രസ്താവിച്ചുകഴിഞ്ഞതാണ്. ഈ സഭാദ്ധ്യക്ഷനോടുപോലും ധിക്കാരം കാണിച്ച ആളാണ് അദ്ദേഹം. അതിനെപ്പറ്റിയല്ല എനിക്കിവിടെ പ്രസ്താവിക്കാനുള്ളതു്. എന്നെ ആദ്യം അറസ്റ്റ്ചെയ്തപ്പോൾ അറസ്റ്റിന്റെ കാരണം പറഞ്ഞുകൊണ്ട് ഒരാർഡർ തരികയുണ്ടായി. യാതൊരു നിയമവിരുദ്ധപ്രവർത്തനവും നടത്തിയതായി അതിൽ പ്രസ്താവിച്ചിരുന്നില്ല. എങ്കിലും അങ്ങനെ ഒരാർഡർ കാണിച്ചുതരുന്ന മര്യാദയെങ്കിലും നടത്തി. രണ്ടാമതറസ്റ്റ് ചെയ്തപ്പോൾ അതുപോലും ഉണ്ടായില്ല. റിമാൻഡുചെയ്യാൻ മജിസ്ട്രേട്ടിന്റെ അടുത്തുകൊണ്ടുചെന്നപ്പോൾ ഞാൻ അറസ്റ്റിന്റെ കാരണമെന്താണെന്നു അദ്ദേഹത്തിനോടു ചോദിച്ചു. "നിങ്ങൾ വീണ്ടും കുഴപ്പമുണ്ടാക്കുന്നു എന്നു പോലീസുകാർ പറയുന്നു" എന്നല്ലാതെ വ്യക്തമായ ഒരു കാരണവും അദ്ദേഹത്തിനു പറയാനുണ്ടായിരുന്നില്ല. അവസാനം പറഞ്ഞതിങ്ങനെയാണ്. 'നിങ്ങളെല്ലാം ലീഡേഴ്സാണ് പണിമുടക്കു കഴിയുന്നതുവരെ റിമാൻഡു ചെയ്യാതിരിക്കാൻ നിവൃത്തിയില്ല' എന്നാണ്. എന്നാൽ ൧൦൭-ാം വകുപ്പു നിലവിലുള്ള കാലത്തോളം അദ്ദേഹത്തിനു ഞങ്ങളെ വാറണ്ടു പുറപ്പെടുവിക്കാൻ അധികാരമുണ്ടെന്നു ഞാൻ സമ്മതിക്കുന്നു. അതിൽ ഞാനദ്ദേഹത്തെ കുറ്റപ്പെടുത്തുന്നില്ല. എന്നാൽ ഒരാളെ ഒരു കേസ്സിൽ ചാർജ്ജുചെയ്യുകയാണെങ്കിൽ അയാൾക്കു തന്റെ നിരപരാധിത്വം തെളിയിക്കാൻ ഉള്ള എല്ലാവിധ സൗകര്യങ്ങളും അവസരവും നൽകേണ്ടതു് ഒരു സാധാരണ മര്യാദയാണെന്നു ഞാൻ കരുതുന്നു. അതുപോലും തൃശ്ശൂർ ഒന്നാംക്ലാസ്സുമജിസ്ട്രേട്ട് ചെയ്യുന്നില്ലയെന്നാണു എനിക്കുള്ള പ്രധാന ആക്ഷേപം. സർ, പ്രസ്തുത കേസ് കഴിഞ്ഞ ഫെബ്രുവരി ൧൯-ാംനു വിചാരണക്കുവെച്ചിരുന്നു. കേസുവിസ്താരം തുടങ്ങുന്നതിനു മുമ്പ് അദ്ദേഹം ഞങ്ങളുടെ വക്കീലിനെ വിളിച്ചുപറയുകയാണു അവർ കുറ്റം സമ്മതിച്ചുകൊണ്ട് എഴുതിവച്ചിട്ടു പൊയ്ക്കൊള്ളട്ടെ എന്നു്; അതു്

പറകയില്ലെന്ന പറഞ്ഞപ്പോൾ 'വാദിച്ചിട്ടെന്താണ കാര്യം' എന്നാണ ചോദിച്ചതു്. സർ, ഞങ്ങൾ കുറ്റക്കാരാണെന്ന മജിസ്ട്രേട്ട മുൻകൂട്ടി പ്രസ്താവിച്ചിരിക്കുന്ന എന്നല്ലേ ഞങ്ങൾ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്? ഒടുവിൽ കേസു വിസ്തരിക്കാൻ തുടങ്ങിയപ്പോഴാകട്ടെ ഞങ്ങൾക്ക കേസ്സിന്റെ യാതൊരു വിധിപ്പകർപ്പുകളും തന്നിരുന്നില്ല.

Mr. Speaker : Has the hon. Member engaged any lawyer?

ശ്രീ. കെ. പി. പ്രഭാകരൻ : വക്കീലിനെ ഏർപ്പെടുത്തിയിട്ടുണ്ടായിരുന്നു. അപേക്ഷ കൊടുത്തിട്ട അതു നിരസിക്കുകയാണ ചെയ്തതു്. പ്രതിഭാഗത്തുനിന്നും സാക്ഷികളെ എതിർവിസ്താരം ചെയ്യുന്നതിന്റെ മൊഴി എഴുതാൻപോലും അദ്ദേഹം കൂട്ടാക്കിയില്ല. ഇതു ഞാൻ ചൂണ്ടിക്കാണിച്ചപ്പോൾ മജിസ്ട്രേട്ട പറയുന്നതു്, എനിക്ക ഇഷ്ടമുണ്ടെങ്കിലേ എഴുതുകയുള്ള എന്നും ഇതു് സമ്മറിവിചാരണയാണ്, പകർപ്പൊന്നും തരേണ്ട കാര്യമില്ല, എന്നും മറ്റുമാണ്.

Mr. Speaker : As the case is pending in the court, the matter is *sub judice*. The hon. Member may discuss the department in a general way excluding the Member's personal matters.

ശ്രീ. കെ. പി. പ്രഭാകരൻ : ഒടുവിൽ വിസ്തരിച്ചാലും ഇതുതന്നെയല്ലേ ഫലം എന്ന മജിസ്ട്രേട്ട പറഞ്ഞപ്പോൾ എത്ര വിസ്തരിച്ചാലും ഞാൻ ശിക്ഷിക്കപ്പെടുമെന്നുള്ള അർത്ഥത്തിലാണ കോടതിയിൽവെച്ചു് അദ്ദേഹം തുറന്ന പ്രസ്താവിച്ചതു്. ഈ സംഭവങ്ങൾക്ക് പ്രസ്തുത മജിസ്ട്രേട്ടിൽനിന്നും ഞങ്ങൾക്ക് നീതി ലഭിക്കുകയില്ലെന്ന ബോദ്ധ്യമാകുകയും കോടതി മാറ്റിക്കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു് മേൽക്കോടതിയിൽ പെറ്റിഷൻകൊടുക്കാൻ ഇടയായിട്ടുള്ളതും ആകുന്നു.

Mr. Speaker : Because the hon. Member does not understand the intricacies of the law, I asked the hon. Member whether he had engaged a lawyer, who would have instructed him on the subject.

ശ്രീ. കെ. പി. പ്രഭാകരൻ : സർ, ഈ മജിസ്ട്രേട്ട് ഇങ്ങനെ കമ്യൂണിസ്റ്റുകാരോട പകവെച്ചു പെരുമാറുന്നതിനും പോലീസാജ്ഞാനുവർത്തിയായി പ്രവർത്തിക്കുന്നതിനും ഒരു നീണ്ട ചരിത്രംതന്നെയുണ്ടു്. പോലീസു് പറയുന്നതാണ് അദ്ദേഹത്തിന്റെ വിശ്വാസപ്രമാണം. അന്തിക്കാട്ടെ കേസുകളുടെ കാര്യത്തിൽതന്നെ ആദ്യം ഡി. എസ്സ്. പി. കേസുകൾ പിൻവലിക്കാൻ നടപടി എടുക്കാമെന്നു് സഖാവു ടി. വി. യോട സമ്മതിച്ചപ്പോൾ മജിസ്ട്രേട്ട് എല്ലാപേരെയും വേഗം ജാമ്യത്തിൽവിട്ടു. ഡി. എസ്സ്. പി. വാക്കുമാറിയപ്പോൾ മജിസ്ട്രേട്ടിന്റെ നിലയും മാറി. വിസ്തരിക്കാതെതന്നെ ശിക്ഷിക്കുമെന്നുള്ള നിലയായി. പോലീസ് നിറം മാറുന്നതിനോടൊപ്പം മജിസ്ട്രേട്ടും നിറം മാറുന്ന എന്ന ചൂണ്ടിക്കാണിക്കാനാണ് ഞാൻ ഇത്രയും പറയുന്നതു്. ഈ മജിസ്ട്രേട്ടിന്റെ ചരിത്രം സഭ മനസ്സിലാക്കേണ്ടതാണ്. ൧൯൪൮-ൽ ഇരിങ്ങാലക്കുടയിൽ സഖാവു പി. കെ. കുമാരനെ അറസ്റ്റുചെയ്തു മർദ്ദിച്ചതിനുശേഷമാണ് പോലീസുകാർ അദ്ദേഹത്തെ കോടതിയിൽ കൊണ്ടുചെന്നതു്.

Shri A. A. D. Luiz: On a point of order, Sir. Is the Member right in making such charges?

Mr. Speaker: The hon. Member is not a lawyer. He should not be expected to know the intricacies of the law.

Shri A. A. D. Luiz: But this is an impeachment of a judicial officer.

Mr. Speaker: Fortunately this is a legislature and you are completely protected in making any statements here.

Shri M. M. Abdul Khader: Is the Magistrate an Anglo-Indian?

Shri K. P. Prabhakaran: Yes. അന്നു് ഈ മജിസ്ട്രേട്ടു് അവിടത്തെ രണ്ടാംക്ലാസ്സ് മജിസ്ട്രേട്ടായിരുന്നു. സഖാവു് കുമാരൻ തനിക്കു് ലാക്കപ്പിൽ അനുഭവിക്കേണ്ടിവന്ന മർദ്ദനത്തെ സംബന്ധിച്ചു സുദീർഘമായി കോടതിയിൽ പ്രസ്താവിച്ചു. ഉടൻ മജിസ്ട്രേട്ടു പറഞ്ഞു എഴുതിത്തരണമെന്നു്. കടലാസ്സു ചോദിച്ചപ്പോൾ, ലാക്കപ്പിൽ കടലാസ്സു തരാൻ ഇൻസ്പെക്ടരെ ഏൽപ്പിക്കാമെന്നു പറഞ്ഞു. എന്നാൽ സഖാവു കുമാരൻ തിരിയെ ലാക്കപ്പിൽ ചെന്നപ്പോൾ കടലാസ്സല്ല കിട്ടിയതു്. ഒരു ഡസനിലധികം പോലീസുകാർ ആ സഖാവിനെ കുനിച്ചുനിറുത്തി മുതുകിൽ കയറി താണ്ഡവനൃത്തം ചവിട്ടുകയായിരുന്നു. ഇങ്ങനെ ലാക്കപ്പിലിട്ടു പ്രതികളെ മർദ്ദിക്കുന്നതിനുപോലും കൂട്ടുനിന്നിട്ടുള്ള ആളാണു ആ മജിസ്ട്രേട്ടു്.

ഈയിടെ മറെറാരു സംഭവമുണ്ടായി. കേരളത്തിലെ അദ്ധ്വാനിക്കുന്ന ജനങ്ങൾക്കു് ആരാദ്ധ്യനായ പി. ഗംഗാധരന്റെ കേസും ഈ മജിസ്ട്രേട്ടിന്റെ കോടതിയിൽ വിധിപറയുകയുണ്ടായി. രാജവാഴ്ചക്കാലത്തു ക്ഷേത്രപ്രവേശനത്തിനുവേണ്ടി പ്രസംഗിച്ചതിനു അദ്ദേഹം സഖാവിനെ ശിക്ഷിച്ചതോ പോകട്ടെ. കേസ്സു വിധിപറയാൻ മൂന്നുപ്രാവശ്യം അവധി നീട്ടിനീട്ടി അവസാനം കോടതി പൂട്ടുന്ന ദിവസം അതും ഡിസ്ട്രിക്ട് ജഡ്ജി അവധിയിൽ പ്രവേശിച്ച തക്കംനോക്കിയാണു വിധി പ്രസ്താവിച്ചതു്. ഏതുവിധമായാലും സഖാവിനു അപ്പീൽകൊടുത്തു ജാമ്യത്തിൽ പുറത്തുവരാൻ അവസരം കൊടുക്കാതെ ജയിലിൽ പാർപ്പിക്കണമെന്നു നിശ്ചയമായ ഉദ്ദേശമാണു മജിസ്ട്രേട്ടിനുണ്ടായിരുന്നതു്. അത്രയും ക്രൂരമായ പക വെച്ചുകൊണ്ടാണു അദ്ദേഹം കമ്മ്യൂണിസ്റ്റു പ്രതികളോടു പെരുമാറുന്നതു്.

സർ, ഈ മജിസ്ട്രേട്ടു വളരെക്കാലം വിയ്യൂർ ജയിലിലെ ജയിലറായിരുന്നു. തടവുകാരോടു നികൃഷ്ടമായും നിർദ്ദയമായും പെരുമാറിയ പരിചയമാണദ്ദേഹത്തിനുള്ളതു്. ഇന്നു മജിസ്ട്രേട്ടായപ്പോഴും പഴയ ജയിലറുടെ മനോഭാവംതന്നെയാണദ്ദേഹത്തിനുള്ളതു്. കോടതിയിൽ കാണുന്നവരെല്ലാം തടവുപുള്ളികളാണെന്നാണു അദ്ദേഹത്തിന്റെ വിചാരം. ജയിലറെ പിടിച്ചു ന്യായാധിപതിയാക്കിയാൽ ഇങ്ങിനെയൊക്കെ സംഭവിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. അതുകൊണ്ടു് ഈ നാട്ടിൽ നീതിയും ന്യായവും പുലരണമെന്നു ഗവൺമെന്റു ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടെങ്കിൽ, നീതിന്യായസ്ഥാപനങ്ങളുടെ അന്തസ്സു് പരിപാലി

ക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ, ഒന്നുകിൽ ഇത്തരം മജിസ്ട്രേട്ടുമാരെ കർശനമായി നിയന്ത്രിക്കുകയോ അല്ലാത്തപക്ഷം അവരെയൊക്കെ മാററി ശരിക്കും നീതിന്യായബോധമുള്ളവരെ ആ സ്ഥാനത്ത് നിയമിക്കുകയോ ചെയ്യണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

Shri M. Gopalan Nair : I want to speak about the judiciary. I think I can do so under this head.

Shri Speaker : You can speak.

Shri M. Gopalan Nair : When I speak about the judiciary, the first thing that I wish to bring to the notice of the Government is the negligence of this Government in implementing certain provisions of the Constitution contained in the directive principles *i.e.*, the separation of the judiciary from the executive. In a report that was published immediately after the integration of the first year, they said that the separation of the judiciary from the executive is the accepted policy of Government and they said that so far as the Trichur District was concerned, that has been implemented, but so far as the other Districts are concerned, they are going to implement it in the course of a few years. They have now published the report for the third year, and yet the separation of the judiciary from the executive has not been implemented. So far as Kottyam, Quilon and Trivandrum Districts are concerned, the Congress Government is following a policy of discrimination. That is the first charge that I would bring against this Government. Why this delay in separating the judiciary from the executive, I ask. The reasons for that are not available. So far as I am concerned, that is one of the fundamental ingredients for the personal liberty of a citizen. The fundamental liberties of the citizen have to be protected and so long as the judiciary is subordinate to the executive it is not possible to give in all matters the same treatment, the same fairness, the same justice, that is expected from an independent judiciary. Separation of the judiciary from the executive was one of the planks of agitation, one of the planks of propaganda of the Congress even before the attainment of independence, and we have got it in Art. 50 and the Directive Principles ; and in spite of that, this Government is even now not only negligent but also unwilling to implement that. Why? That is what I am asking. I have learned from certain reports that in regard to certain cases the Ministers have interfered with administration of justice, they have asked the court to let the accused on bail, to transfer the cases from one court to another, etc. There are such instances. Those instances are fresh in my memory. What I want to bring to the notice of this House is this. If the judiciary is not separated from the executive, Government interference with the administration of justice is possible,

[Shri M. Gopalan Nair]

So, I say that Government have to implement that without delay, because this is one of the fundamental rights. We have after 150 years secured a Constitution, which guarantees political liberty. Even that political liberty would be endangered if the judiciary is not separated from the executive and if an independent judiciary is not functioning in this State. This is the case especially in criminal cases, and I again emphasise this fact that the Government should not delay this matter any further. Any delay in this matter would be viewed with great concern. So far as my party is concerned, our policy regarding the administration of justice is that justice must be made cheaper and accessible to the poor and that the laws should be simplified. Of course, simplification of law is a problem. With our complicated land tenures, it is not possible to simplify laws—and make justice cheap. The policy is still only in the womb. Unless that policy is a *fait accompli*, there is no possibility of simplifying laws. Codification of laws and simplification of laws can be achieved only after this and justice can be made cheap and accessible to the poor only after this land policy has been settled for ever.

Another aspect of the matter is that in order to make this justice cheap and accessible to the poor the economic side of the people has to be attended to. We have attained only political liberty. Under the Constitution, though there are certain principles —the principle of equal distribution , equal opportunity for every citizen—these are not accomplished facts, and until these facts are accomplished, justice will not be cheap, justice will not be accessible to all. Under this Constitution we make certain provisions by which justice can be made accessible to all people. In the last session we moved a Bill to have a Bench of the High Court at Trivandrum and now that is before the Central Legislature, and I do not mean to discuss about that. But even there, I may bring to the notice of this House, the unfortunate fact that the wishes of the various Districts have not been taken into consideration and only the Trivandrum District is included therein. The wishes of the people of the various Districts so far as they are concerned, their conveniences ought to have been consulted before any Bill is introduced in the Central Legislature. My friend Mr. Warrier was saying that there are quite a number of lawyers who are unemployed. But I say people are still in the clutches of unqualified lawyers and many people are ruined on account of the advice which they seek from unqualified lawyers. There is still much scope for lawyers. I would advise these lawyers to go to the countryside

and help the people and protect them from the ill advice of unqualified lawyers.

Sir, a Law College at Trivandrum is another inevitable necessity. Perhaps it may be argued that this is not within the purview of this demand. But I would like to bring to the notice of this House that steps should be taken to implement that. Law education is already one of the necessary ingredients of public life, and for a full and accomplished life, education on the fundamental principles of law, on the fundamental principles of our Constitution, on the fundamental principles of Civil and Criminal Jurisprudence, some sort of education on these lines has to be imparted. For that, separate institutions must exist. Unless that is made available we are not going to have cheap law..................

Mr. Speaker : Which is the provision in the Constitution where it is stated that the citizens must be given legal education ?

Shri M. Gopalan Nair : That is only my opinion. What the provision of the Constitution says is there should be equal opportunities, equal distribution of wealth ; and until that is made, it is not possible to make everybody equal in the eye of law. Everybody cannot go to the law courts. For example, a party wants to file a suit in the Supreme Court. He cannot directly approach the Supreme Court. He has to engage agents. The agents must draft the appeal memorandum. He must deposit the cost there. The minimum is Rs. 2,000. He has to deposit the cost there. Then only the Judges will consider the question whether the appeal must be heard or not. He has to engage counsels. The senior counsel must be paid Rs. 80 a day and juniors something less. That means that it will be possible only for a rich man. So far as the rich man is concerned, he can make the law an instrument for the oppression of the poor people. That is why justice must be made cheap and accessible to all. It is the clear policy of our party that this system of justice should not go on. At least within the framework of this Constitution, it would be very desirable if these High Courts and District Courts were made circuiting courts, and that is the practice in Britain. Criminal sessions are conducted by circuiting courts throughout the country and cases are taken up and disposed of locally. Some provision has to be found by which this law is made easily accessible to poor people. There is another method by which this can be developed, *i.e.*, the Panchayat system. There was a Bill last time. That Bill was still-born. Even now there is no chance of its being passed. It seems Government are unwilling to invest the Panchayats with great powers. The local people who have elected us to this august position who elected us

[Shri M. Gopalan Nair.]

to this responsible position, should not be entrusted with the administration of justice of their locality. People who know the ins-and-outs of every property, ins-and-outs of every person and transaction should be given powers to decide cases. The Government's attitude has to be condemned. Local panchayats should be developed and they should be given powers to arbitrate in cases. I do not say arbitration can develop to a very large extent, but it will minimise litigation. That will make law accessible to the people. Imagine a man has to get Rs. 200 from another person and he does not pay it. Then he has to file a suit. He has to file a list of witnesses, he has to attend the court, he has to travel all the way to the court and see that the witnesses are examined. Sometimes he loses and sometimes he wins in the lower court. Even after the lower court has decided, sometimes he has to go to the appellate court to fight his opponent. That is the position. But by developing arbitration, all those troubles can be avoided, because the local Panchayats consisting as they are of local people, will be able to know what is the true state of affairs in a dispute between two parties. They can have direct information and they will be able to arrive at a decision quickly, without resorting to the expensive procedure laid down in the Civil Procedure Code or the Criminal Procedure Code.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: വില്ലേജുകോടതികൾക്കു ക്രിമിനൽ ജൂറിസ്ഡിക്ഷൻ നൽകുന്നതു ശരിയാണെന്നാണോ മെമ്പറുടെ അഭിപ്രായം?

Shri M. Gopalan Nair : I think my point is clear. Arbitration can only go to a certain extent. It cannot go all the way. It cannot be perfectly legal. Arbitrator's decision will not be legal. My faith and my belief is that 75 per cent. of the litigation will be stopped if some provision is made for arbitration of these petty cases.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ക്രിമിനൽ ജൂറിസ്ഡിക്ഷനെപ്പററിയാണു് ഞാൻ ചോദിച്ചതു്.

Shri M. Gopalan Nair : Even in criminal cases I read recently in a journal that somewhere near Sholapur there was a dispute in a market. The person who was selling the vegetables was a woman and the person who purchased the vegetables was a man. There was some dispute between the buyer and the seller, the seller dealt a blow to the buyer, and a complaint was made before a criminal court. The court was 60 miles away from the place. They had to

attend the court 25 or 30 times, a vakil had to be engaged, witnesses had to be examined, etc. It was reported in the newspapers that certain people of the locality intervened in the affair and the whole matter was settled by asking the accused to pay Rs. 50 or Rs. 60 to the complainant. In such a manner criminal cases also can be settled. It is not the function of the arbitrators to give legal decisions but to settle disputes. So, it would be better if such a policy was adopted by this Government. Instead of doing that, Government want to develop the High Court, the District Courts and Munsiffs' Courts, but they do not want to develop the system of investing the Panchayats with civil powers, and thereby try to make justice cheap and accessible to the poor people.

(Mr. Deputy Speaker in the Chair)

Another matter I wish to bring to the notice of the House is

3 P.M. that corruption is rampant especially among the ministerial staff of the judiciary. They are not to be blamed for that. If these under paid people are corrupt, they are to be sympathised with. It is not their fault. It is the fault of the Government. No Government will be able to put a stop to their corruption unless living wages are paid to them. I remember a statement of an N.G.O. that either their pay should be increased or they should be allowed to receive bribes. There is the story of a jenmi who when he appointed his manager said that though the salary he gave was only very trivial he would get a lot of money from the tenants and thus become a rich man in course of time. That was in bygone days. Corruption must be rooted out. That is what I have to bring to the notice of the House.

Another thing I have to bring to the notice of the House in this connection is about the staff of the High Court who are labouring under very difficult conditions at Ernakulam. When the High Court was shifted from Trivandrum the whole staff was transferred. There is no living condition at Ernakulam. Their condition is worse than that of cattle. They are living in sheds which are not habitated by human beings. They are living in the office itself because they cannot afford other quarters. City allowance is not given to these peole. They are always complaining and trying for transfer to the mofussil. But that is impossible.

In this connection I wish to point out that so far as the Munsiffs are concerned their pay has been increased. But still they are murmuring. They are the most heavily worked people in the Department. Caesar's wife must be above suspicion. Similarly their pay must be made adequate so that there may not be room for any complaint or any necessity to become corrupt.

[Shri M. Gopalan Nair]

I wish to bring another matter to the notice of the House. So far as the batta to be paid to witnesses in criminal cases, especially criminal cases in which Government are the complainants is concerned, there is a lot of complaints. Some notice is issued. The police constable goes to the village and the notice is served on certain people. They come to the court and wait there from morning till evening. They are not provided with food. In the evening they go their own way. Sometimes on account of the absence of the Prosecutor and sometimes on account of the absence of the Magistrates who happened to be Tahsildar the case is not taken. The poor witness will have to wait all the time in the court. Some provision must be made for the payment of batta. Something must be provided for at least noon meal. But nothing is paid. That is my information. These things must go.

Another thing I have to mention is about buildings. So far as the courts of the Judicial Department are concerned, many are situated in rented houses. They have no accommodation or proper ventilation. There is no electric lighting. In Neyyattinkara there are two courts functioning in two houses. There is great conjestion There is no arrangement for lighting or enough space. Still, all the clients, the Munsiff and the vakils are having their court conducted in this house. Something must be done to mend these things.

ശ്രീ. ആർ. കേശവപിള്ള: തിരുവിതാംകൂർ-കൊച്ചി ഹൈക്കോടതിയെ സംബന്ധിച്ചിടത്തോളം ഒരു റീ ആർഗനൈസേഷൻ സ്കീം നടപ്പിൽ വരുത്തുവാൻ പോകുന്നുണ്ടെന്നാണ് ഞാനറിയുന്നത്. തിരുവിതാംകൂറിലേയും, മൈസൂറിലേയും ഹൈക്കോടതിജഡ്ജിമാരുടെ ശമ്പളത്തോടു താരതമ്യേന ഒന്നാണെങ്കിലും ഹൈക്കോടതി ഒഴിച്ചുള്ള സ്ഥാനങ്ങളിൽ ഇവിടെ ഏതാണ്ടു കുറവാണ്.

മൈസൂറിൽ ചീഫ് ജസ്റ്റീസിന് ൨,൦൦൦ രൂപയും, ഡിസ്ട്രിക്ട് കോടതി ജഡ്ജിമാരിൽ ൧-ാംഗ്രേഡിന ൧,൨൦൦ രൂപയും, ൨-ാം ഗ്രേഡിന ൧,൦൦൦ രൂപയും, ൩-ാംഗ്രേഡിന് ൮൦൦ രൂപയും ആണ്. നമ്മുടെ രാജ്യത്ത് ഹൈക്കോടതി ചീഫ്ജസ്റ്റീസിന ൨,൦൦൦ രൂപയും, ഹൈക്കോടതിയിലെ മററു ജഡ്ജിമാക്ക് ൧,൫൦൦ രൂപയും ഡിസ്ട്രിക്ട് ജഡ്ജിമാക്ക് ൪൫൦-൬൫൦ രൂപയും, സീനിയർ ഡിസ്ട്രിക്ട് ജഡ്ജിക്ക് ൮൦൦ രൂപയും, അഡിഷണൽ ഡിസ്ട്രിക്ട്ജഡ്ജിക്ക് ൩൫൦; ൪൫൦ രൂപയും ആണ് ശമ്പളം കൊടുത്തുവരുന്നത്. കൊച്ചിയിൽ ഡിസ്ട്രിക്ട് ജഡ്ജിക്ക് ൫൦൦-൭൦൦ രൂപയും അഡിഷണൽ ഡിസ്ട്രിക്ട് ജഡ്ജിക്ക് ൪൦൦ രൂപയുമാണ് കിട്ടുന്നത്.

ഇന്നത്തെ നിലവച്ചു നോക്കിയാൽ നമ്മുടെ രാജ്യത്ത് ഡിസ്ട്രിക്ട് ജഡ്ജിമാരുടെ ശമ്പളം വളരെ കുറവാണ്. അതു കൂട്ടികൊടുക്കേണ്ടതു്

വളരെ ആത്യാവശ്യമായ ഒരു സംഗതിയാണ്. കൂടാതെ ഡിസ്ട്രിക്ട് കോടതി ജഡ്ജിമാരുടെ വയസ്സ് ൬൦ ആക്കി ക്ലിപ്തപ്പെടുത്തുന്നതു നന്നായിരിക്കുകയില്ലേ എന്നുള്ള ഒരു അഭിപ്രായമുണ്ട്. പക്ഷെ ഇന്ത്യയിൽ ഉദ്യോഗസ്ഥന്മാരുടെ വയസ്സ് ൬൦ ആക്കി നിശ്ചയിക്കുന്നതിനുള്ള ആലോചനകൾ കൊണ്ടുവന്നിട്ടുണ്ടെന്നാണ് അറിയുന്നതു്. അതുകൊണ്ട് ഡിസ്ട്രിക്ട്ജഡ്ജിമാരുടേയും അവരുടെ സബോർഡിനേറ്റ് സ്റ്റാഫിന്റേയും വയസ്സുകൂടി ൬൦ ആക്കാൻ കഴിയുമോ എന്നുള്ള കാര്യം ആലോചിക്കേണ്ടതാണ്. മുൻസിഫ്മാരുടെ കാര്യംകൂടി അതിൽ ഉൾപ്പെടുന്നതാണ്.

ബഹുമാനപ്പെട്ട നേമം മെംബർ എക്സിക്യൂട്ടീവിനെ ജുഡിഷ്യറിയിൽനിന്നു പിരിയ്ക്കണമെന്നുള്ള കാര്യത്തെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. നമ്മുടെ നീതിന്യായവകുപ്പമന്ത്രി അതിലേയ്ക്കുവേണ്ടി ചിലതൊക്കെ ചെയ്തിട്ടുള്ളതായി ബഡ്ജററിൽ നിന്നും കാണാൻ കഴിയുന്നുണ്ട്. കൊട്ടാരക്കര, ചങ്ങനാശ്ശേരി മുതലായ സ്ഥലങ്ങളിൽ അങ്ങനെ എക്സിക്യൂട്ടീവിൽ നിന്നും ജുഡിഷ്യറിയെ മാററാൻ പോകുന്നതായിട്ടാണ് ഈ ബഡ്ജററിൽ നിന്നുംനമുക്ക് അനുഭവപ്പെടുന്നതു്. അങ്ങനെയുള്ള ഒരു പരിഷ്കാരം നടപ്പിൽ വരുത്തുകയും, അതു കാലക്രമേണ സ്റ്റേററിന്റെ എല്ലാഭാഗത്തും നടപ്പാകയും ചെയ്യുന്നതു വളരെ നന്നായിരിക്കും. പിന്നെ എനിക്കു തിരുവനന്തപുരത്തു സ്ഥാപിക്കുവാൻ പോകുന്ന തിരുവിതാംകൂർ-കൊച്ചി ഹൈക്കോടതിയുടെ വിഭാഗത്തിൽ കൊല്ലം ഡിസ്ട്രിക്ട് കോർട്ടിന്റെ അധികാരാതിർത്തികൂടി ഉൾപ്പെടുത്തണമെന്നു അപേക്ഷയുണ്ട്. തിരുവനന്തപുരത്തു നിന്നും ൨൦ മൈൽ പോയാൽ കൊല്ലം താലൂക്കും ൩൦ മൈൽ പോയാൽ കൊട്ടാരക്കര താലൂക്കും തുടങ്ങും. ആ താലൂക്കുകൾ കൊല്ലം ഡിസ്ട്രിക്ട്കോർട്ടിന്റെ അധികാരാതിർത്തിയിൽ ഉൾപ്പെട്ടവയാണ്. ഈ കോടതിയുടെ അതിർത്തിയിൽ ചെങ്കോട്ട, പത്തനാപുരം മുതലായ താലൂക്കുകളും ഉൾപ്പെടും. ഇവയെല്ലാം തിരുവനന്തപുരത്തിനോടു വളരെ തൊട്ടുകിടക്കുന്നതുകൊണ്ട് തിരുവനന്തപുരത്തു സ്ഥാപിക്കുവാൻ പോകുന്ന ഹൈക്കോടതിയുടെ വിഭാഗത്തിൽ കൊല്ലം ഡിസ്ട്രിക്ട്കോട്ട് അധികാരാതിർത്തികൂടി ഉൾപ്പെടുത്തണം. അങ്ങനെ ചെയ്യുന്നതു വളരെ ഔചിത്യമായിട്ടുള്ളതുമാണ്. ഇപ്പോൾ കൊല്ലത്തു നിന്ന് ഒരാൾക്ക് എറണാകുളത്തുപോകണമെങ്കിൽ ൯൦ മൈലോളം സഞ്ചരിക്കണം. ആ തരത്തിലുള്ള അസൌകര്യങ്ങളെല്ലാം പരിഗണിച്ചായിരിക്കണം അധികാരാതിർത്തി നിർണ്ണയിക്കുന്നതു്. അതേപ്രകാരംതന്നെ കൊല്ലം ഡിസ്ട്രിക്ടിന്റെ അധികാരാതിർത്തിയിൽ പെട്ടതും, തിരുവനന്തപുരം ഹൈക്കോടതിവിഭാഗത്തിൽ ഉൾപ്പെടുത്താൻ കഴിയുന്നതുമായ സ്ഥലങ്ങളെ അതിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്. ഇതു് വളരെ നാളായിട്ടു ചെയ്തുവരുന്ന ഒരു അപേക്ഷയായതുകൊണ്ട് അതിന്റെ സാദ്ധ്യതകളെപ്പററി പ്രത്യേകം പര്യാലോചിച്ച് വേണ്ട നടപടികൾ എടുക്കണമെന്നും ഞാനപേക്ഷിക്കുന്നു.

ഇപ്പോൾ നാം ഇവിടെ സ്വീകരിച്ചുവരുന്ന നിയമങ്ങൾ ഇൻഡ്യൻ നിയമത്തോടു യോജിച്ചതരത്തിലുള്ളവയാണ്. ഈ രാജ്യത്തെ നീതിന്യായത്തെ സംബന്ധിച്ച് ആർക്കും യാതൊരാക്ഷേപവും ഉണ്ടായിട്ടില്ല. നമ്മുടെ T. P. C. യിൽ മരണശിക്ഷ ചില കുററങ്ങൾക്ക് ഉണ്ടായിരുന്നില്ല. അതു് വീണ്ടും നടപ്പിൽ വരുത്തുന്നതിനു പ്രസിഡന്റിനോട് അപേക്ഷിക്കേണ്ടതാണ്,

Shri Nedumangad R. Kesavan Nair : Sir, I support the motion. After having heard my hon. Friend, the Member for Chadayamangalam, I thought I should also rise to make a few observations in this House. We have now to reconsider a proposed Bill that is now sought to be introduced in the Centre wherein it has been provided that a Division of the High Court is to be constituted in Trivandrum with territorial jurisdiction only in the Trivandrum District. That, Sir, is definitely against the assurance given by the hon. Chief Minister.

Shri A. J. John : May I know what is the assurance given by the hon. Chief Minister?

Shri Nedumangad R. Kesavan Nair : Sir, this is the assurance : I am reading from the Proceedings of the Travancore-Cochin Legislative Assembly, Vol. VI, page 527. :

> "Government however have noted the strong feeling amongst the people of the southern parts of the State to have at least *a Division Bench* and *Single Bench* of the High Court in Trivandrum."

Shri A. J. John : The Bill also says :

> "Provided that such Judges of the High Court, not exceeding three in number, as may from time to time be nominated by the Chief Justice, shall sit at Trivandrum, in respect of cases arising in the district of Trivandrum, the jurisdiction and powers conferred by this Act on a single Judge or a Division Bench of two Judges, as the Chief Justice may determine."

Shri Nedumangad R. Kesavan Nair : If a provision is made for a single Judge in single Bench also, then that assurance has been fulfilled. The matter is settled there. But from what I heard from the hon. Member for Chadayamangalam I thought that provision was made only for a Division Bench.

Then, Sir, there is another thing. The jurisdiction of this single Bench has been provided as the District of Trivandrum only. As represented by the hon. Member for Chadayamangalam, I am also of the opinion that the District of Quilon should also be included in the Trivandrum Bench. We have been noting many discussions that have taken place in this House when that Bill was under consideration. It was on the 1st April 1952 that Shri Nataraja Pillai's Bill was introduced in this House. There were so many objections, obstructive tactics, solemn assurances and promises to the effect that a Bill for the same purpose would be passed by the Centre. Then a definite understanding or rather an assurance was given as to the territorial jurisdiction. That was more or less

understood in the statement made by the Chief Justice. But nobody anticipated that Trivandrum alone was to be included and Quilon and Mavelikkara are to be left out.

Shri O. C. Ninan : May I know whether the territorial jurisdiction has to be fixed by this Government, or by the Chief Justice, or in the Bill that is to be passed by the Central Assembly ?

Shri Nedumangad R. Kesavan Nair : Certainly in the Bill that is to be passed.

Shri O. C. Ninan : Who fixes the extent of the jurisdiction ? Is it by the Minister ?

Shri Nedumangad R. Kesavan Nair : Certainly, it is by the Centre. We have to tell the Central Government the desire of this House regarding the jurisdiction. They do not know where Mavelikkara, Quilon or Trivandrum is. It is for us to say that if a Division Bench is situated at Trivandrum possibly it would be more convenient for Quilon and Mavelikkara to come under its jurisdiction. I don't want to go at present into further details regarding that matter. I do not know why some M. P.s from Travancore and Cochin are opposing this proposal. Whatever it is, we are concerned here only with the opinion that is expressed by this House. At least the majority of the Members of this House stated that it is desirable to have a Division Bench at Trivandrum. But they have not gone into the details of the question. The Centre having decided the question, the next thing we have to consider is to see how best to utilise this to the convenience of all concerned. And, we have made a representation to the Centre that certain districts which happen to be situated near Trivandrum should be included within the territorial jurisdiction of the proposed Trivandrum Bench. If, by accident or deliberate intention, matters are not properly placed before the Centre, it is the duty of this House to inform the Centre that as a matter of convenience, at least two territorial divisions also are to be included in the proposed Division Bench at Trivandrum, *viz.*, Quilon and Mavelikkara.

Now, Sir, before closing I should like to make one more observation on the representation made by the hon. Member for Chadayamangalam. I am entirely at one with him when he says that the system of trial by assessors here should be completely abolished. The assessors deal only with facts. They give their verdict only on facts. Most of them are persons who have absolutely no knowledge of law and incapable of understanding English. It is virtually an ordeal for them to remain at work for six or seven days and that too for being put a single question. Sir, a certain knowledge of law is absolutely necessary for an assessor. Suppose

[Shri Nedumangad R. Kesavan Nair]

there is a case of murder. The accused admits the act but pleads extenuation of the offence. Here, the act was admitted but not the offence. The assessor who may be an up-country man has to make an invidious distinction between the admission of the act and the offence. When such intricate questions of law come in, the assessors are found to be incapable of dealing with such cases. But, Sir, we have to call in line with the rest of India in this respect also. A concrete remedy would be to ask the Collectors and Tahsildars in the respective taluks to see that a person who is capable of understanding things may be chosen as an assessor.

Shri O. C. Ninan : What is the method now adopted in the selection of assessors ?

Shri Nedumangad R. Kesavan Nair : Any man who pays a certain amount of tax is appointed as an assessor.

Shri M. M. Abdul Khader : Sir, I support the motion moved by Mr. Warrier. In supporting the motion, I would like to point out the inordinate delays caused in the trial of cases, and it would be wrong to throw the entire blame on the Criminal Procedure Code or the Civil Procedure Code. These codes are no doubt, involved, complex and cumbersome. In the courts in the Cochin area before the integration and in the Madras State where the same codes of procedure are followed, the cases used to be very expeditiously disposed of. If only we adopt some of the wholesome practices obtaining in courts in Madras State which in no way militate against the provisions of the Civil Procedure Code, much of the avoidable delay can be prevented. For instance, the plaintiff may be asked to write the process forms and submit them to court with the plaint. So, then much of the delay in courts in this respect can be done away with. So also in the case of summoning witnesses. The parties could be given the processes to be served on their witnesses. That is the practice in other States, Madras for instance. This has been a very salutary practice there to get rid of the delay in serving processes to the witnesses.

Shri A.A.D. Luiz : May I ask, why this delay ?

Shri M. M. Abdul Khader : I am sorry the hon. Member is so very ignorant about all these things.

Shri Nedumangad R. Kesavan Nair : On a point of order! Is it parliamentary to say that the hon. Member is ignorant ?

Mr. Deputy Speaker : It can be put in more polite terms.

Shri M. M. Abdul Khader : Another thing is about the delay in the trial in Civil Courts. This can be very easily avoided by having continuous day to day trial. It is the practice obtaining in the Madras State.

Shri A.A.D. Luiz : Is there any difficulty at present ?

Shri M. M. Abdul Khader : That also shows the ignorance of the hon. Member. I will explain that. At present the court examines one witness and adjourns the case for a distant date. The second witness is examined after a month or more and so on and on.

Shri O. C. Ninan : Is there any procedure at present ?

Shri M. M. Abdul Khader : The correct procedure is not now being acted upon by the Courts. If the correct procedure has been followed and day to day trial adopted once the case comes on for evidence even more important cases could be disposed of within a week or two.

Another point which I wish to bring to the notice of the hon. Minister is that law books are not being supplied to the various courts in the State. Copies of recent editions of text books are not supplied to the District Courts and to the offices of the Government Pleaders. There is much difficulty in getting copies of depositions and copies of judgments. There is much delay and expense. I know of several such instances in the Sessions Court at Parur where in order to get a certified copy of a judgment, one has to spend not less than sixty or seventyfive rupees if one wants to get it in a day or two for urgent bail application to be made in the High Court. This is because of the dearth in the number of copyists. The same old complement of copyists are now to serve the District as well as the additional court.

Then again Sir, as regards the Criminal Courts. The Administration Reports, no doubt, show that there is delay of 56 days or so. This will include uncontested cases also which would form the overwhelming majority. The delay is particularly inordinate in prosecution cases. The Inspector of Police who might have investigated the cases would have, in the meanwhile, been transferred to some other place. He would not bother to attend to give evidence and the cases go on adjourned time after time while the accused would be languishing in lockups. This is a matter which ought to be considered very seriously.

Another practice obtaining in the Magistrate Courts, especially in regard to prosecution cases is this. In non-bailable cases wherein bail is usually granted, if the prosecution wants to vindictively harass the accused by remanding the accused to custody, the Police very cleverly manages by asking the Public Prosecutor to take leave. He will not be there for a number of days with the result that the accused are deliberately being put into tremendous hardship. This is a highly reprehensible practice that should be checked.

[Shri M. M. Abdul Khader]

Sir, Perjury and false witnesses are on the increase in the State. This is because even in most blatant cases no action is being taken by the Courts. It would be possible to avoid the delay caused by false oral evidence if prosecution is launched against some of the criminal perjurers.

My friends expressed their opinion as regards the High Court. I for one put that the Government should not have allowed itself to be cowed down by some politicians in agreeing to the bifurcation of the High Court. But once it has been decided upon let it be done to the convenience of the people and let convenience be the criterion. People who come under the territorial jurisdiction of District Courts of Mavelikkara and Quilon can more conveniently come to Trivandrum. The jurisdiction of these Courts may be made over to the Bench sitting at Trivandrum.

So also is the matter of assessor trials. Assessors are chosen in such a manner that they seem to be under the impression that they are there only to say "Yes" to the prosecution. Even in most plain cases, in which from the evidence it is so patent that prosecution cannot be sustained, every one of these assessors when questioned declare the accused guilty. What is the use of assessors of this kind?

As regards the separation of judiciary, it must be taken up as soon as possible. Even from primitive days the very fundamental of justice has been considered to be impartiality. The Home Minister may say that impartiality is a psychological condition. But before the psychological condition itself comes into play there should prevail certain institutional conditions which could be brought about only by the separation of the judiciary from the executive so that all our magistracy and all our Judges would feel that they are subject only to the legal doctrines and the legislative enactments and dispense justice without fear or favour of the bureaucratic executive.

ശ്രീ. ടി. കെ. ദിവാകരൻ: ആദ്യമായി ബഹുമാനപ്പെട്ട ചടയമംഗലം മെമ്പറും ബഹുമാനപ്പെട്ട ആര്യനാട് മെമ്പറും പറഞ്ഞതുപോലെ ഇപ്പോൾ കേന്ദ്രപാർലമെന്റിന്റെ ആലോചനയിലിരിക്കുന്ന ഹൈക്കോടതിയുടെ ഒരു ബെഞ്ച് തിരുവനന്തപുരത്തു സ്ഥാപിക്കുന്നതു സംബന്ധിച്ച ബില്ലിൽ കൊല്ലം ഡിസ്ട്രിക്ട്കോടതികൂടി അതിന്റെ അധികാരപരിധിയിൽ ഉൾപ്പെടുത്തേണ്ടതു വളരെ അത്യാവശ്യമാണെന്നു ഞാനും അഭിപ്രായപ്പെട്ടുകൊള്ളുന്നു. കൊല്ലം, കരുനാഗപ്പള്ളി, കുന്നത്തൂർ, പത്തനാപുരം, ചെങ്കോട്ട, കൊട്ടാരക്കര എന്നീ ന്ന താലൂക്കുകളിലെ ആളുകൾക്കും യാതൊരു അഭിപ്രായവ്യത്യാസവുമില്ലാത്ത ഈ കാര്യം നിർവ്വഹിക്കുന്നതിനുവേണ്ടി ഈ ഗവണ്മെന്റു തീർച്ചയായും കേന്ദ്രഗവ

ണ്മെൻറിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് കൊല്ലം ബാർഅസോസിയേഷൻ ഐകകണ്ഠ്യേന ഒരു തീരുമാനമെടുത്തിട്ടുണ്ട്. ഇന്നത്തെ നിയമവകുപ്പുമന്ത്രി ഈ മന്ത്രികസേരയിൽ അല്ലായിരുന്നുവെങ്കിൽ അദ്ദേഹംകൂടി ഉൾപ്പെട്ടമായിരുന്ന കൊല്ലം ബാർഅസോസിയേഷൻ ആവശ്യപ്പെട്ടിട്ടുള്ള ഈ പ്രദേശങ്ങൾകൂടി തിരുവനന്തപുരത്തു സ്ഥാപിക്കുന്ന ഹൈക്കോടതിയുടെ കീഴിൽ കൊണ്ടുവരുന്നതിന് അദ്ദേഹം മുന്നിട്ടുനിന്നു പ്രവർത്തിക്കുമായിരുന്നു. ആ നിലയിൽ ഇപ്പോൾ കൊല്ലം ബാർഅസോസിയേഷൻ പസ്സാക്കിയിട്ടുള്ള പ്രമേയം നടപ്പിൽ വരുത്തുന്നതിനു ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി അദ്ദേഹത്തിന്റെ എല്ലാ സ്വാധീനവും ഉപയോഗിക്കുമെന്നു കരുതുന്നു. ഏതാണ്ട് ആറ് താലൂക്കുകളിലെ ജനങ്ങളുടെ താൽപ്പര്യം ഉൾക്കൊള്ളുന്ന ഈ കാര്യത്തിൽ ഗവണ്മെൻറ് അതർഹിക്കുന്ന പരിഗണന നൽകേണ്ടതാണ്.

നീതിന്യായകാര്യത്തെപ്പററി പറയുമ്പോൾ അതിനു രണ്ടുവശം ഉണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഒന്നു സിവിലും മറെറാന്നു ക്രിമിനലുമാണ്. സിവിൽ കേസുകളെപ്പററി പ്രധാനമായി എനിക്കു പറയാനുള്ളതു് ഇന്നു സാധാരണ ആളുകൾക്ക് താങ്ങാനാവാത്ത കോടതിച്ചെലവു ഉണ്ടാകുന്നുവെന്നാണ്. അതുപോലെതന്നെ വളരെക്കാലം ഒരു തീരുമാനമുണ്ടാകാതെ കേസ് നീട്ടിക്കൊണ്ടു പോകുന്നതായും സാർവ്വത്രികമായ പരാതി ഈ രാജ്യത്തു കേൾക്കുന്നുണ്ട്. ഒരു സിവിൽകേസ് കൊടുത്തു കഴിഞ്ഞാൽ ന്യായമായി ഒരു പരിഹാരം കിട്ടുന്നതിന് അയാളുടെ സകല സ്വത്തുക്കളും നഷ്ടപ്പെട്ടു വളരെക്കാലം കോടതികളിൽ കയറിയിറങ്ങി വക്കീലിനും വക്കീൽ ഗുമസ്തനും ഫീസും കോടതിയിലെ ഉദ്യോഗസ്ഥന്മാർക്ക് കൈക്കൂലിയും കൊടുത്തു് തറവാട് കുളംതോണ്ടിയാലേ ഒക്കുകയുള്ളുവെന്ന ഒരു നിലയാണുള്ളതു്. ഈ സിവിൽകേസുകളിൽ ഇങ്ങനെയുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനു ഗവണ്മെൻറ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതുപോലെതന്നെ ഇന്നുള്ള കോർട്ടുഫീസ് ചിലവു കുറയ്ക്കുന്നതിനും, ഗവണ്മെൻറ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ക്രിമിനൽ ജസ്റ്റീസിനെപ്പററി പറയുമ്പോൾ ഏററവും പ്രധാനമായ പങ്ക് അതിൽ പോലീസുവകുപ്പാണ് വഹിക്കുന്നതെന്നുള്ളതിനെ ആരും നിഷേധിക്കുമെന്ന് എനിക്കു തോന്നുന്നില്ല. ഒരു ക്രിമിനൽ കേസ്സിൽ ശരിയായ നീതി ലഭിക്കണമെങ്കിൽ ആ ക്രിമിനൽ കേസ്സ് അന്വേഷിക്കുന്ന പോലീസ് ന്യായമായും, കക്ഷിപിടിക്കാതെയും പ്രവർത്തിക്കേണ്ടതാണ്. പ്രധാനമായും ക്രിമിനൽ ജസ്റ്റീസ് പോലീസിന്റെ ഇൻവെസ്റ്റിഗേഷനേയും ചാർജ്ജുചെയ്യുന്ന രീതിയേയും അടിസ്ഥാനമാക്കിയാണ് കിട്ടുന്നതെന്നു നമുക്കെല്ലാം അറിവുള്ളതാണ്. ഇന്നു പോലീസിന്റെ ചാർജ്ജുഷീററിലുള്ള പിശകുമൂലം ന്യായമായ പല കേസുകളും കോടതിയിൽനിന്നും തള്ളിപോകുന്നുണ്ട്. പല കൊലക്കേസ്സുകളിലും പോലീസു ന്യായമായ നിലയിൽ ചാർജ്ജുഷീററ തയ്യാറാക്കി കൊടുക്കുന്നില്ല. അതുകൊണ്ടു പല കൊലക്കേസ്സുകളും കോടതിയിൽ നിന്നും ശിക്ഷിക്കാതെ വിടുന്നതായി നമുക്കു കാണാൻ കഴിയും. ക്രിമിനലും സിവിലും ആയ കേസുകളിൽ പോലീസു് നീതിപൂർവ്വം പ്രവർത്തിക്കുന്നില്ലെന്നും, അവരുടെ ഇടപെടൽകൊണ്ടു പല തരത്തിലുള്ള കുഴപ്പങ്ങൾ ഉണ്ടാകുന്നുണ്ടെന്നും കാണുന്നതു ഖേദകരമാണ്. രാജ്യക്ഷേമത്തിനു പോലീസിന്റെ ഈ

[ശ്രീ. ടി. കെ. ദിവാകരൻ]

മന്തിരിയുള്ള കയ്യേററങ്ങളെ നിയന്ത്രിക്കേണ്ടതു് അത്യാവശ്യമാണു്. പോലീസു ബഡ്ജററിനെപ്പററി ചർച്ചനടന്ന അവസരത്തിൽ ആ കാര്യം ഇവിടെ പ്രസ്താവിച്ചിട്ടുള്ളതാണു്.

പോലീസുകാർ ക്രിമിനൽ കേസുകളിലെ തെളിവു നശിപ്പിക്കുക മാത്രമല്ല, പല സിവിൾകേസുകളിലും ഇടപെട്ടു് തെളിവു നശിപ്പിക്കാൻ ശ്രമിക്കുന്നുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട പോലീസുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണമെന്നു ഞാനാഗ്രഹിക്കുന്നു. ഇതിനു ധാരാളം തെളിവുകളുണ്ടു്. ഒരു ഉദാഹരണം ഞാൻ പറയാം. കൊട്ടാരക്കര മുൻസിഫ് കോർട്ടിൽ, ൧൧൨൦-ൽ ഒ. എസ്. ൧൯൭-ാംനമ്പരായി ഒരു സിവിൽ കേസു നടക്കുന്നുണ്ടു്. ഈ കേസിലെ വാദിയെ വിസ്തരിച്ച അവസരത്തിൽ ഈ കേസിനു ആസ്പദമായ വസ്തു, പ്രതിയുടെ കൈവശത്തിലിരിക്കുകയാണെന്നു്, വാദി കോർട്ടിൽ സമ്മതിച്ചിട്ടുണ്ടു്. പ്രതിയുടെ പേരിൽ വസ്തുവിലെ ആദായമെടുക്കുന്ന കാര്യത്തിനു വേണ്ടി ഇൻജംഗ്ഷനു വാദി കോർട്ടിൽ അപേക്ഷിച്ചു. കോടതി അനുവദിച്ചില്ല. വസ്തു പ്രതിയുടെ കൈവശത്തിൽനിന്നും മാററി, റിസീവറെ നിയമിക്കണമെന്നു വാദി ആവശ്യപ്പെട്ടു. അതും കോടതി അനുവദിച്ചില്ല. പ്രതിയെ വസ്തുവിൽ നിന്നും ഇറക്കാൻ കഴിയാതെ വന്നു. വസ്തുവിൻെറ കൈവശാവകാശം വാദിക്കു ലഭിക്കേണ്ടതു് സിവിൽകേസിൻെറ വിജയത്തിനു് ആവശ്യമായും വന്നു. ഒടുവിൽ പോലീസിനെ സമീപിച്ചുനോക്കാമെന്നുകരുതി. വാദി പോലീസിനെ സ്വാധീനംചെയ്തു്, മേൽപ്പറഞ്ഞ വസ്തുവിൽ താമസിച്ചു കൊണ്ടിരിക്കുന്ന പ്രതി അന്യായമായി, ബലാൽക്കാരമായി വസ്തുവിൽ പുതുതായി പ്രവേശിച്ചുവെന്നും, ഉടൻതന്നെ അയാളെ വസ്തുവിൽ നിന്നും ഇറക്കിക്കിട്ടണമെന്നും മററും കാണിച്ചു, പുനലൂർ സർക്കിൾ ഇൻസ്പെക്ടറുടെ നിർദ്ദേശമനുസരിച്ചു കൊട്ടാരക്കര പോലീസുസ്റ്റേഷനിൽ ഒരു പെററിഷൻ കൊടുത്തു. മുൻപറഞ്ഞ സിവിൽക്കേസു നിലവിലിരിക്കെതന്നെ കൊട്ടാരക്കര പോലീസ്സ്റ്റേഷനിൽ ൧൧൨൦-ൽ ൧൦൪-ാംനമ്പരായി ഒരു കേസു് രജിസ്റ്റർ ചെയ്തു. സിവിൽകേസിൽ വാദിതന്നെ സമ്മതിച്ചിട്ടുള്ള തെളിവിനു വിപരീതമായി, പോലീസ് ഇടപെട്ടു് സിവിൽകേസിൻെറ തെളിവു നശിപ്പിക്കുന്നതിനു വേണ്ടിയാണു് ഈ കേസുണ്ടാക്കിയതു്. ഇതിൽ നിന്നും പോലീസിൻെറ ഇടപെടൽ നിമിത്തം ക്രിമിനൽ കേസുകൾ മാത്രമല്ല, സിവിൽകേസുകളും തെളിവില്ലാതെയും, ഉള്ള തെളിവുകൾ നശിപ്പിച്ചും കുഴപ്പത്തിലാക്കുന്നുണ്ടെന്നു മനസ്സിലാക്കാവുന്നതാണു്.

ശ്രീ. ആർ. കേശവപിള്ള: ഈ കേസിൽ മുൻസിഫ്കോർട്ടിൽ നിന്നും ഇൻജംഗ്ഷൻ കൊടുത്തുവെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. ദിവാകരൻ: ഇൻജംഗ്ഷൻ കൊടുത്തിട്ടില്ല.

സർ, പോലീസു ഡിപ്പാർട്ടുമെൻറിൽനിന്നും പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടർമാരെ കേസുകൾക്കു വക്കീലന്മാരായി വയ്ക്കുന്നപതിവു് അവസാനിപ്പിക്കണമെന്നാണു എൻെറ അഭിപ്രായം. ഡിസ്ട്രിക്ട്കോടതികളിലും മററും ഉള്ളതുപോലെ, ജൂനിയർ ഗവണ്മെൻറു പ്ലീഡർമാരെ പ

ലീസു ചാർജ്ജ് ചെയ്യുന്ന കേസുകൾ നടത്താൻ കോടതികളിൽ നിയമിക്കണം. പോലീസു ചാർജ്ജ് ചെയ്യുന്ന കേസുകളിൽ, എപ്പോഴും പോലീസിന്റെ ആനുകൂല്യവും പ്രേരണയുമുണ്ടായിരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. പോലീസിന്റെ പല കൃത്രിമങ്ങൾക്കും പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടർമാർ കൂട്ടുനിൽക്കുന്നതു് അവരും നാളെ പോലീസ് ഇൻസ്പെക്ടർമാരായി കേസു ചാർജ്ജ് കൊടുക്കേണ്ടിവരുമെന്നുള്ളതുകൊണ്ടാണ്. ഈ പ്രാസിക്യൂട്ടിംഗ് ഇൻസ്പെക്ടർമാർക്കു പകരം, അസിസ്റ്റൻറ ഗവണ്മെൻറ പ്ലീഡർമാരെ ക്രിമിനൽ കോടതികളിൽ നിയമിക്കണമെന്നാണു എന്റെ അഭിപ്രായം.

കോടതികളിലെ കൈക്കൂലിയെപ്പററി പറയുകയാണെങ്കിൽ, സാധാരണയായി മജിസ്ട്രേട്ടുകോടതികളിലാണു കൈക്കൂലി കൂടുതലായി കാണുന്നതു്. മജിസ്ട്രേട്ടു കോടതിയിൽ ഹെഡ്ക്ലാർക്കാണു പ്രതികൾക്കു ജാമ്യക്കച്ചീട്ട് എഴുതി വയ്പിക്കുന്നതു്. ജാമ്യം എഴുതിവയ്ക്കാൻ കരപ്പററവച്ചീട്ടി എത്രതന്നെ കൊടുത്താലും, സമ്മതിക്കുകയില്ല. ആരെല്ലാം ജാമ്യം നിൽക്കാൻ ചെന്നാലും തടസ്സങ്ങൾ പറയും. പക്ഷെ, അഞ്ചോ, പത്തോ രൂപാ കൊടുത്താൽ യാതൊരു വിഷമവും കൂടാതെ ജാമ്യം എഴുതിവയ്പിക്കും. ഈ കാര്യത്തിനുവേണ്ടി വളരെ അധികം കൈക്കൂലി വാങ്ങുന്നുണ്ടെന്നുള്ള കാര്യം എല്ലാവർക്കും അറിവുള്ളതാണ്. വക്കീലന്മാർതന്നെ, ഹെഡ്ക്ലാർക്കിനും, ക്ലാർക്കന്മാർക്കും ഇത്ര ഇത്ര രൂപാവീതം കൊടുക്കണമെന്നു കക്ഷികളെ ഉപദേശിക്കാറുണ്ട്. ഇതിലേക്കു ഓരോ ക്ലാർക്കിനും, ഓരോ കേസിനും ഒരു ഫീസുതന്നെ അവർ നിശ്ചയിച്ചിട്ടുണ്ട്. ഈ വക കാര്യങ്ങളെപ്പററി കൂടുതലായി ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

സർ, തടവുപുള്ളികളുടെ ബാററാ വകയ്ക്കു് ൪,൭൦,൦൦൦ രൂപയാണു കണക്കിൽ കൊള്ളിച്ചിരിക്കുന്നതു്. ഒരു തടവുകാരനു് ഒന്നേകാൽ രൂപാ ആഹാരത്തിനു് നിശ്ചയിച്ചിട്ടുണ്ടെങ്കിലും ഈ തുകയുടെ പകുതിപോലും തടവുപുള്ളികൾക്കായി ചെലവുചെയ്യുന്നതായി കാണുന്നില്ല. പകുതിയിലധികവും, കണ്ട്രാക്ടർമാരും, മജിസ്ട്രേട്ടുകോടതികളിലെ ക്ലാർക്കന്മാരും, പോലീസുസ്റ്റേഷനിലെ റൈട്ടർ, ഹെഡ്കാൺസ്റ്റബിൾ മുതൽപേരും പങ്കിട്ടെടുക്കുകയാണ്. ഇതിനെപ്പററി വേണ്ട അന്വേഷണം നടത്തി, ന്യായമായി ഈ തുക ചെലവു ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നാണു എനിക്കു പറയുവാനുള്ളതു്.

ക്രിമിനൽ കേസിലെ പ്രതികളെ ലാക്കപ്പിലിടുന്നതുകൊണ്ടു പല വിഷമങ്ങളുമുണ്ട്. അവരെ പോലീസു കസ്റ്റഡിയിൽനിന്നും മാററിയിടണം. പോലീസിന്റെ നിർദ്ദേശമനുസരിച്ച് അവർ കോടതിയിൽ മൊഴി കൊടുക്കേണ്ടിയിരിക്കുന്നു. അതിനു വിപരീതമായി മൊഴി കൊടുക്കുകയാണെങ്കിൽ, കോടതിയിൽനിന്നും തിരിയെ ലാക്കപ്പിൽ വരുമ്പോൾ മർദ്ദനമാണനുഭവം. ഈ മർദ്ദനത്തെ ഭയന്നു് വാസ്തവത്തിൽ യാതൊരു തെററും ചെയ്തിട്ടില്ലാത്തവർ പോലും കുററം സമ്മതിച്ചു കോടതികളിൽ മൊഴികൊടുക്കുന്ന ഒരവസ്ഥയാണു ഇന്നുള്ളതു്. അതിനാൽ അറസ്ററുചെയ്തു ജാമ്യമില്ലാതെ തടവിൽ കിടക്കേണ്ടിവരുന്ന പുള്ളികളെ എററവുംവേഗം സബ്ജയിലിലേക്കു മാററണം.

കൂടാതെ, തൊണ്ടിസാധനങ്ങൾ പോലീസ്സ്റ്റേഷനിൽനിന്നു ചുമന്നു മജിസ്ട്രേട്ടുകോടതിയിലേക്കും, അവിടെനിന്നും തിരിയെ പോലീ

[ശ്രീ. ടി. കെ. ദിവാകരൻ]

സ്റ്റേഷനിലേക്കും കൊണ്ടുപോകുന്ന പതിവു നിറുത്തലാക്കി, കോടതിയിൽതന്നെ തൊണ്ടിസാധനങ്ങൾ സൂക്ഷിക്കുന്ന ഒരേർപ്പാടു ഉണ്ടാക്കുന്നതു നന്നായിരിക്കും. അതിന്റെ സൂക്ഷിപ്പിന് ഒരു പ്രത്യേക മുറിയും ഒരു ഉദ്യോഗസ്ഥനും ഉണ്ടായിരിക്കുന്നതു നന്നായിരിക്കുമെന്നും എനിക്കഭിപ്രായമുണ്ട്.

കോടതികളിൽ വരുന്ന കക്ഷികൾക്ക് വിശ്രമിക്കാനുള്ള സൗകര്യങ്ങൾ ഒന്നുംതന്നെ ഇല്ലാതെയാണിരിക്കുന്നതു്. വിശ്രമത്തിനു ഒരു ഷെഡ്ഡുപോലുമില്ലെന്നുള്ളതിനെക്കാൾ, മലമൂത്രവിസർജ്ജനത്തിനുള്ള അസൗകര്യത്തെയാണു ബഹുമാനപ്പെട്ടമന്ത്രിയുടെ ശ്രദ്ധയിൽപെടുത്തുന്നതു്. ഈ വിഷമതകൾ പരിഹരിച്ചു് ഉടനടി വേണ്ട നടപടികൾ നടത്തണമെന്നു അപേക്ഷിക്കുന്നു.

സർ, ഇനി എനിക്കു പോലീസ് നീതിനടത്തുന്ന കാര്യത്തെപ്പററിയാണു പറയുവാനുള്ളതു്. ഏററവും മിതമായ ഭാഷയിൽ ഗവൺമെൻറിന്റെ ശ്രദ്ധയിൽപെടുത്താനുള്ളതു്, ഇന്നു പോലീസ് നിയമം നടത്തുന്നതു് പാവപ്പെട്ടവന്റെ പേരിൽ മാത്രമാണെന്നാണു്. ഉള്ളവനും ഇല്ലാത്തവനും ഒരുപോലെ ബാധിക്കുന്ന നിയമങ്ങളാണു് ഒരു ജനകീയ ഗവൺമെൻറിന്റെ ഭരണത്തിൽ ജനങ്ങൾ പ്രതീക്ഷിക്കുന്നതു്. ഇന്നാകട്ടെ, ഉള്ളവന്റെ പേരിൽ സൌമ്യതയോടും, വിട്ടുവീഴ്ചകളോടും, ഇല്ലാത്തവന്റെ പേരിൽ ക്രൂരമായും കക്കശമായും നീതിനടത്തുന്ന ഒരു സംപ്രദായമാണു പോലീസ് സ്വീകരിച്ചിരിക്കുന്നതു്. ഒരു ഉദാഹരണം ഞാൻ പറയാം. കൊല്ലത്തു് സംമിൽ തൊഴിലാളികളുടെ ഒരു തൊഴിൽ കുഴപ്പം ഉണ്ടായി. കൊല്ലത്തെ വ്യവസായ പ്രമുഖനായ ശ്രീ. വെണ്ടർ കൃഷ്ണപിള്ളയാണു ഈ തൊഴിൽ കുഴപ്പംസൃഷ്ടിച്ചതെന്നു മനസിലാക്കിയ തൊഴിലാളികളിലാരോ അദ്ദേഹം കാറിൽപോയ അവസരത്തിൽ കല്ലേറുനടത്തി. അവർ ചെയ്തതു ശരിയോ, തെററോ, എന്നുള്ളതു പോകട്ടെ. അതിനെ പോലീസ് നേരിട്ട നടപടിക്രമത്തെപ്പററിയാണു എനിക്കു പറയുവാനുള്ളതു്. അന്നു രാത്രിയായപ്പോൾ, ജീപ്പുകളും, പോലീസ് വാനുകളും കൊല്ലം പട്ടണത്തും പരിസരങ്ങളിലും പാഞ്ഞുതുടങ്ങി. പോലീസുകാർ സംശയിക്കപ്പെട്ട ചില തൊഴിലാളികളുടെ വീട്ടിൽചെന്നു്, ഉറങ്ങുന്നവരെ വിളിച്ചുണത്തിയും ചെററപൊളിച്ചും പിടിച്ചുകൊണ്ടുപോയി. അവരെ ശ്രീ. വെണ്ടർ കൃഷ്ണപിള്ളയുടെ ഇരുനില മാളികയുടെ മുററത്തു്, അദ്ദേഹത്തിന്റെയും, ഭാര്യയുടെയും മുൻപിൽ നിറുത്തി കഠിനമായി മർദ്ദിക്കുകയുണ്ടായി. കൂടാതെ Attempt to murder, conspiracy, എന്ന ചില വകുപ്പുകൾ അനുസരിച്ചു നാലു തൊഴിലാളികളുടെ പേരിൽ ഒരു കേസും ചാർജ്ജുചെയ്തു.

സർ, ഇക്കഴിഞ്ഞ [illegible]-ാംനു നടന്ന വേറൊരു സംഭവം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു വിചാരിക്കുന്നു. കൊല്ലം പോളത്തോട്ട് കള്ളുഷാപ്പിൽ, ശമ്പളത്തോടുകൂടിയ അവധി സംബന്ധിച്ചു് ലേബർ ആഫീസറുടെ തീരുമാനം കൺട്രാക്ടർ അനുസരിക്കാത്തതുനിമിത്തം, അവിടെ തുടർന്നുണ്ടായ തൊഴിൽ കുഴപ്പത്തിനു് ചെത്തുതൊഴിലാളി യൂണിയൻ സെക്രട്ടറി സഖാവു കരുണാകരനെ ഷാപ്പു കൺ

ടാക്ടർ തൊഴിൽ തർക്കം പറഞ്ഞുതീർക്കാനായി വീട്ടിൽ ക്ഷണിച്ചുവരുത്തി, കൺട്രാക്ടറും, മകനും, മററു ചില സിൽബന്തികളുംകൂടി കഠിനമായി മർദ്ദിക്കുകയുണ്ടായി. കഠിനമായ മർദ്ദനത്തിനുശേഷം സഖാവു കരുണാകരനെ ഒരു വയലിൽ എടുത്തെറിഞ്ഞു. അന്നു രാത്രിയിൽതന്നെ ഈ വിവരം കാണിച്ചു് പരവൂർ പോലീസുസ്റ്റേഷനിൽ പരാതിപ്പെട്ടു. പക്ഷെ, പോലീസുകാർ യാതൊരു നടപടിയും എടുത്തില്ല. സർ, അന്നും ജീപ്പും, വാനുകളും, പോലീസും കൊല്ലത്തുണ്ടായിരുന്നു. പക്ഷെ അവർ അനങ്ങിയില്ല. പാവപ്പെട്ട ഒരു തൊഴിലാളിയുടെ കാര്യത്തിൽ പോലീസുകാർ എങ്ങനെ നീതി നടത്തിയെന്നാണു ഞാൻ ചോദിക്കുന്നതു്. നിയമം അവിച്ഛിന്നമായി—എല്ലാവരെയും ഒരുപോലെ—ബാധിക്കേണ്ടതാണെന്നാണു നാം വിശ്വസിക്കുന്നതു്. സഖാവു കരുണാകരനെ മേഹോപദ്രവം ഏല്പിച്ചുവെന്നു പോലീസിനു ബോദ്ധ്യം വന്നിട്ടും, അടുത്തദിവസം പോലും അതേപ്പററി അന്വേഷണം നടത്താതിരുന്നതു എന്താണെന്നു ഞാൻ ചോദിക്കുന്നു. സർ, ഒരു മുതലാളിയുടെ കാറിനു കല്ലെറിഞ്ഞതിന്റെ പേരിൽ attempt to murder and Conspiracy കണ്ടെത്തിയ പോലീസ് ഒരു തൊഴിലാളിനേതാവിനെ രാത്രിയിൽ വീട്ടിൽ സംഭാഷണത്തിനു വിളിച്ചുകൊണ്ടുപോയി കൊല്ലാൻ ശ്രമിച്ചുവെന്നു പരാതിപ്പെട്ടിട്ടും ഈ വകുപ്പുകളൊന്നും ബാധകമാക്കുന്നില്ല; അതിനെപ്പററി ഒരന്വേഷണംപോലും നടത്തുന്നില്ല. സർ, നാട്ടിൻപുറങ്ങളിൽ ഒരു ചൊല്ലുണ്ടു്, 'വെള്ളമുണ്ടിനു തട്ടുക്കിടുന്നു' എന്നു്. ഇതിൽനിന്നും വെള്ള മുണ്ടിനുമാത്രം തട്ടുക്കിടുന്ന ഒരു ഭരണക്രമമാണു ഇന്നു ഇവിടെ നടക്കുന്നതെന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. പോലീസിന്റെ ഈ രീതി മാററുന്നതിനും, പോലീസുകാർ അവരുടെ ചുമതല ആത്മാർത്ഥതയോടും സത്യസന്ധതയോടും നിർവ്വഹിക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രി വേണ്ട നടപടി സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

(Mr. Speaker in the Chair)

സോഷ്യൽ ജസ്റ്റിസിനെപ്പററിയും ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. ഇൻഡസ്ട്രീയൽ ട്രിബ്യൂണലാണു് ഇതിൽ പ്രാധാന്യം വഹിക്കുന്നതു്. ഇതിൽ ഡിസ്ട്രിക്ററ ജഡ്ജിമാരുടെ നിലയ്ക്കു തുല്യമായ യോഗ്യതയുള്ളവരെ നിയമിക്കണമെന്നാണു നിയമമെങ്കിലും ശമ്പളം അതുപോലില്ല. അവർക്കു ഡിസ്ട്രിക്ട് ജഡ്ജിമാരുടെ ശമ്പളമെങ്കിലും അനുവദിച്ചുകൊടുക്കേണ്ടതാണു്. (Bell).

4 P. M.]

Mr. Speaker : We will now take up the Adjournment Motion, Mr. Govindan Nair.

ADJOURNMENT MOTION *RE* WITHDRAWAL OF PERMISSION BY THE DISTRICT MAGISTRATE, TRIVANDRUM FOR THE PERFORMANCE OF THE DRAMA

"നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി"

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, "നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി" എന്ന സംഗീതനാടകം തിരുവനന്തപുരം ഡിസ്ട്രിക്ടിൽ അഭിനയിക്കുന്നതിനുള്ള അനുമതി പിൻവലിച്ചിരിക്കുന്നതുമൂലം ഉളവായിരിക്കുന്ന ഗുരുതരമായ സ്ഥിതിഗതികളെപ്പറ്റി ചർച്ച ചെയ്യുന്നതിനു വേണ്ടി സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു. സർ, ഈ പ്രശ്നം ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ എന്നെ നിർബന്ധിച്ച സാഹചര്യങ്ങളെപ്പറ്റി രണ്ടുവാക്കു ആദ്യമായി പറഞ്ഞുകൊള്ളുന്നു. ഇവിടത്തെ ഭരണകക്ഷിയുടെ പിൻതുണയോടും പ്രേരണയോടും നേരിട്ടുള്ള ഇടപെടലിനു വിധേയമായിട്ടും മറുപക്ഷത്തുള്ള ആക്രമണങ്ങൾ ഇന്നു നടന്നുകൊണ്ടിരിക്കുകയാണ്. പല വലിയ ആളുകളുടേയും സ്വാധീനശക്തികൊണ്ടുനിരവധി കൈയ്യേറ്റങ്ങൾ തന്നെ ഇന്നു നാട്ടിന്റെ നാനാഭാഗങ്ങളിൽ നടന്നുവരുന്നതായി ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. പക്ഷെ ഇതിനൊക്കെ ഒരു ഉപായംവഴിയുണ്ട്. എല്ലാ കാര്യങ്ങളും കോടതിമുഖാന്തിരം സാധിക്കാമെന്നൊരു പ്രതീക്ഷയുമുണ്ട്.

ഇന്ന് ഈ നാടകത്തിന്റെ നിരോധനത്തെ സംബന്ധിച്ചിടത്തോളം ആ പ്രതീക്ഷയ്ക്കു വഴിയില്ലാത്തവണ്ണം സ്ഥിതിഗതികൾ ഇരിക്കുന്നതുകൊണ്ടാണ് ഈ സഭയുടെ ശ്രദ്ധയിൽ ഈ പ്രമേയം കൊണ്ടുവരാൻ ഇടയായിട്ടുള്ളത്. ഈ നാടകത്തിന്റെ നിരോധനത്തെപ്പറ്റി പറയുമ്പോൾ ഈ നാടകത്തിന്റെ ചരിത്രം അല്പമായി പറയേണ്ടതായിട്ടുണ്ട്. ഈ നാടകം ഡിസംബർ ൩-ാംനു-യാണ് ആദ്യമായി അഭിനയിച്ചത്. അതിനുശേഷം തിരുവിതാംകൂർ–കൊച്ചിയുടെ നാനാഭാഗങ്ങളിൽ വളരെ പ്രദേശങ്ങളിൽ ഈ നാടകം അഭിനയിച്ചിട്ടുണ്ട്. അവിടെ ഒരു സ്ഥലത്തും സമാധാനലംഘനം ഉണ്ടായിട്ടില്ലെന്നു മാത്രമല്ല ഇതുപോലെ ഒരു നാടകം ഇരുപത്തിഅഞ്ചുകൊല്ലത്തിനിടയിൽ മലയാളക്കരയിൽ ഉണ്ടായിട്ടില്ലെന്നു കലാകുശലന്മാരും പല പ്രമുഖ പത്രങ്ങളും അഭിപ്രായപ്പെട്ടിട്ടുണ്ട്. ആ നാടകത്തിന്റെ കഥ ഞാൻ പറയാം. "നിങ്ങൾ എന്നെ കമ്മ്യൂണിസ്റ്റാക്കി" എന്ന നാടകം ഒരു പുസ്തകത്തിന്റെ രീതിയിൽ ഏതാനും മാസങ്ങൾക്കു മുൻപ് പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. ആ പുസ്തകം പല ബുക്കുസ്റ്റാളുകളിലും കിട്ടുന്നതുമാണ്. അതു പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകമായതുകൊണ്ടു ആർക്കും മേടിച്ചു വായിക്കാവുന്നതാണ്. എന്നാൽ ഈ പുസ്തകത്തിനും ഈ നാടകത്തിനും തമ്മിൽ കുറെ വ്യത്യാസങ്ങൾ ഉണ്ട്. ആ പുസ്തകം ഇവിടെ ഡിസ്ട്രിക്ട് കളക്ടർ പരിശോധിച്ച് അതിൽ ഇന്നയിന്ന ഭാഗങ്ങൾ എല്ലാം ഉപേക്ഷിക്കണം എന്നു നിർദ്ദേശിച്ചതനുസരിച്ചാണു ഈ നാടകം അഭിനയിച്ചുവരുന്നത്. അതായതു ഇപ്പോഴത്തെ നിയമം അനുസരിച്ച്

പോലീസ് റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയുള്ള കളക്ടരുടെ അനുവാദം കൂടാതെകണ്ട ഇത്തരം നാടകങ്ങൾ അഭിനയിക്കുവാൻ നിർവ്വാഹമില്ല. അതിനാൽ ഈ ഡിസ്ട്രിക്ടുകളക്ടരുടെ ഉത്തരവു പാലിക്കണം. അങ്ങിനെയുള്ള നിയമം പാലിച്ചുകൊണ്ടാണ് ഇതു നാട്ടിന്റെ നാനാഭാഗങ്ങളിലും ആക്ററ ചെയ്തിട്ടുള്ളതു്. പോലീസിനു എതിരായിട്ടും ഇന്നഭിനയിക്കാനിരുന്ന നാടകത്തിൽ ഒന്നുമില്ല. ഇതിലുള്ളതു് നാട്ടിൻപുറത്തുള്ള സാധാരണക്കാരായ ആളുകളുടെ അവശതകളും യാഥാർത്ഥ്യങ്ങളും അവരെ ബോദ്ധ്യപ്പെടുത്തുന്നതിനുതകത്തക്ക ചില വസ്തുതകളാണ്. അതു വളരെ കലാഭംഗിയോടുകൂടി അഭിനയിക്കയും ചെയ്യുന്നുണ്ടു്. ഈ നാടകത്തെപ്പററിയും കലയെപ്പററിയുമൊക്കെ വിദഗ്ദ്ധമായ അഭിപ്രായം പലരും പുറപ്പെടുവിച്ചിട്ടുണ്ടു്. ഇതിനെക്കുറിച്ചു അഭിപ്രായം പറയാൻ അർഹതയുള്ളവർ എല്ലാവരുംതന്നെ ഇതിനെ അനുകൂലിച്ചിട്ടുണ്ടെന്നുള്ളതും വളരെ വ്യക്തമാണ്. ശ്രീ. സി. ഐ. പരമേശ്വരൻപിള്ള തന്നെ ഈ നാടകത്തെപ്പററി പറഞ്ഞിട്ടുള്ളതിൽ പ്രസക്തമായ വാചകം ഞാൻ ഇവിടെ വായിക്കാം.

Mr. Speaker: You may make that sentence as your own and put it to the House.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അമെച്ച്വർ നടൻ എന്നുള്ള നിലയിൽ കഴിഞ്ഞ ൨൫ വർഷമായി നാടകവേദിയിൽ എനിക്കുള്ള—

Shri T. M. Varghese: Is it from a book?

Mr. Speaker: If the quotation is not from a publication available to the Members of the House, that should not be quoted. But the matter can be made as your own.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അപ്പോൾ ശ്രീ. സി. ഐ. പരമേശ്വരൻപിള്ളയുടെ അഭിപ്രായം കഴിഞ്ഞ ൨൫ കൊല്ലത്തിനകം ഇതുപോലെയുള്ള ഒരു നാടകം മലയാളനാടകവേദിയിൽ ഇറങ്ങിയിട്ടില്ല എന്നാണ്. ഈ അഭിപ്രായം കേരളകൗമുദിയിൽ അദ്ദേഹം എഴുതി പരസ്യം ചെയ്തിട്ടുള്ളതാണ്. അതു എല്ലാവർക്കും കിട്ടുന്ന ഒരു രേഖയാണ്.

Mr. Speaker: The point is, it should be an authorised publication.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: അതുപോലെതന്നെ കമ്മ്യൂണിസ്ററുകാർ ആരെങ്കിലും അനുകൂലിക്കുന്നുണ്ടെന്നു പറയുന്നതിനുള്ള അവസരവും ഇതിൽ വന്നിട്ടില്ലെന്നു ഒരു പ്രമുഖ പത്രമായ "മലയാളി" തന്നെ പറയുന്നു. അവർ തന്നെ ഈ നാടകത്തെ വളരെ സ്തുതിച്ചെഴുതിയിട്ടുണ്ടു്. അതുപോലെതന്നെ മറെറാരു പത്രം, കമ്മ്യൂണിസ്ററുപത്രമല്ല, "കേരളകൗമുദി" തന്നെ മീനം ൧൦-ാംതീയതി—

Mr. Speaker: All these are not going to add importanee of your motion.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: ഇതു മലയാളനാടകവേദിക്കുതന്നെ ലഭിച്ച ഒരു സംഭാവനയാണെന്നു കൗമുദി പത്രക്കാരും അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ നാട്ടിൽ കക്ഷിഭേദംകൂടാതെ രാഷ്ട്രീയപരിഗണനകൾ കൂടാതെ ഈ നാടകത്തെപ്പററിയും കലയെപ്പററിയും ബോധമുള്ള ആളുകൾ എല്ലാം ഒന്നുപോലെ അഭിപ്രായപ്പെടുന്നതാണ്. ഈ കഴിഞ്ഞ പത്തുമുപ്പതുകൊല്ലത്തിനകം നാടകവേദിയിൽവച്ചു ഏററവും സമുന്നതമായ ഒരു നാടകമാണിതെന്നാണ് അഭിപ്രായപ്പെട്ടിട്ടുള്ളതു്.

പത്തൊൻപത്തഞ്ചു നാടകം നിരോധനമൊന്നും കൂടാതെ അരങ്ങുനടന്നു. അതുകഴിഞ്ഞു് ഇതു് നിരോധിക്കുന്നതിന് ഒരു ചരിത്രം ഉണ്ടു് സാർ. ഈ നാടകത്തിന് ലക്ഷക്കണക്കിന് ആളുകൾ കാണാൻ പോകുന്നു എന്നും കാൺഗ്രസ്സ് സംഘടനയ്ക്കു ഇതുകൊണ്ടു ആപത്തുണ്ടാകുവാൻ ഇടയുണ്ടെന്നും ചില കാൺഗ്രസ്സ് കക്ഷിയിൽപ്പെട്ട ആളുകളുടെ ഭീതിയാണ് ഇന്നീ നിരോധനത്തിന് കാരണമായിരിക്കുന്നതു്.

ശ്രീ. ഒ. സി. നൈനാൻ: ഈ നാടകം നിരോധിച്ചിരിക്കുന്നതായി ഗവൺമെൻറിൽനിന്നും നിരോധനഉത്തരവുണ്ടായിട്ടുണ്ടോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: നിരോധനമാണെങ്കിൽ അതുണ്ടു്. നാടകം നടത്തുന്നതിനുള്ള അനുമതി, അതാണു നിരോധനം എന്നു പറഞ്ഞതു്.

ശ്രീ. ഒ. സി. നൈനാൻ: പ്രൊഹിബിഷൻ ഉണ്ടായിട്ടുണ്ടോ എന്നാണു ഞാൻ ചോദിച്ചതു്?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: മാർച്ച് ൮-ാംതീയതി കൂടിയ കാൺഗ്രസ്സ് പാർലമെൻററി പാർട്ടിയിൽ ആ പാർട്ടിയിലുള്ള ചില അംഗങ്ങൾ അഭിപ്രായപ്പെട്ടതു ഈ നാടകം നടത്താൻ അനുവദിക്കുകയാണെങ്കിൽ കാൺഗ്രസ്സ് സംഘടനയ്ക്കുതന്നെ ആപത്തായിത്തീരുമെന്നാണ്. അതനുസരിച്ച് ആ പാർലമെൻററി പാർട്ടിയുടെ ലീഡറായ ചീഫ്മിനിസ്റ്റർ ആവശ്യമായ നടപടികൾ എടുക്കുന്നതാണെന്നു പാർട്ടിയിൽ ഉറപ്പു പറയുകയും ചെയ്തതായി പത്രങ്ങളിൽ കണ്ടു. അതു കണ്ടപ്പോൾ ഞാനതു വിശ്വസിച്ചില്ല.

Mr. Speaker: I have been telling from the beginning of this session not to advance arguments based on newspaper reports.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, ഞാൻ അതു വിശ്വസിച്ചില്ല. ഈ തരം ഒരു മര്യാദകേടു നമ്മുടെ മുഖ്യമന്ത്രി പറയുമെന്നു ഞാൻ വിശ്വസിച്ചില്ല. എന്നാൽ അതു കഴിഞ്ഞപ്പോൾ മുതൽ പോലീസ് റിപ്പോർട്ടുകൾ വരുന്നതായി നമ്മുടെ ആഭ്യന്തരകാര്യമന്ത്രി പ്രസംഗിക്കുന്നതു കേട്ടു. മാർച്ച് ൰-ാംതീയതിക്കു ശേഷമല്ലേ ഈ നാടകം നടത്തിയാൽ സമാധാനലംഘനമുണ്ടാകുമെന്നും ഈ നാടകത്തിൽ മേററു ചെയ്തിട്ടുള്ള ഭാഗങ്ങൾ കൂട്ടിച്ചേർത്തു എന്നും പോലീസിൽനിന്നും റിപ്പോർട്ടു കിട്ടിത്തുടങ്ങിയതു് എന്നു ഞാൻ ആഭ്യന്തരമന്ത്രിയോടു ചോദിക്കുന്നു?

ഇതേക്കുറിച്ചു് ഒരു തീരുമാനമുണ്ടായാലുമില്ലെങ്കിലും ഭരണകക്ഷിക്ക ഇഷ്ടംപോലെ പോലീസിനേയും മററുദ്യോഗസ്ഥന്മാരെയും കൊണ്ടു് റിപ്പോർട്ടു ചെയ്യിക്കാം. അതിന്റെ ഫലമായിട്ടാണു് ഇന്നീ നിരോധന മുണ്ടായിട്ടുള്ളതു്.

ശ്രീ. പി. ചാക്കോ : മാർച്ചു് ന്റ-ാംതീയതിക്ക മുമ്പു് ഇതു നിരോധിച്ചിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അതു കോട്ടയത്തു നിരോധിച്ചിട്ടില്ല. എന്നാൽ മുണ്ടക്കയത്തു തൊഴിലാളിയൂണിയനിൽനിന്നും ഇതു കളിപ്പിച്ചു് ആ യൂണിയനു സാമ്പത്തികശേഷി വർദ്ധിക്കുമെന്നുള്ള ഭീതി കൊണ്ടു് അവിടത്തെ കാൺഗ്രസ്സുകാരുടേയും ഐ. എൻ. ടി. യു. സി.-ക്ക് ദോഷമുണ്ടാകുമെന്നു വിചാരിച്ചു് അവരുടെയും സ്വാധീനംകൊണ്ടു് കലക്ടർ അതു് അവിടെ നിരോധിക്കുകയാണുണ്ടായതു്.

ശ്രീ. നെടുമങ്ങാട്ടു ആർ. കേശവൻനായർ : അതിന്റെ മാനുസ്ക്രിപ്റ്റ കാപ്പിയുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : അതെന്തിനാണു്.

ശ്രീ. നെടുമങ്ങാട്ടു് ആർ. കേശവൻനായർ : മാനുസ്ക്രിപ്റ്റ കല്പിക്ക അധികൃതസ്ഥാനത്തുനിന്നും പരിശോധിച്ചു് അനുവാദം കിട്ടിട്ടുണ്ടോ ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ആദ്യം പുസ്തകം അച്ചടിച്ചു. അതു പരിശോധിച്ചതിൽ ഇന്നയിന്ന ഭാഗങ്ങൾ അഭിനയിക്കരുതെന്നു അവർ പറഞ്ഞു.

ശ്രീ നെടുമങ്ങാട്ടു് ആർ. കേശവൻനായർ : കാട്ടാക്കടനടന്ന നാടകത്തിൽ മാനുസ്ക്രിപ്റ്റിൽ ഉള്ളതിനെക്കാൾ പ്രതീക്ഷക്ക വിപരീതമായി പലഭാഗങ്ങളും കൂട്ടിച്ചേർത്തു് അഭിനയിച്ചിട്ടുള്ളതായറിയാമോ ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : എനിക്കറിയാം അവിടെ ഉണ്ടായതു്. ഭാഗ്യവശാലൊ, നിർഭാഗ്യവശാലോ ഈ കഥയിലെ നായകൻ വലിയ വീട്ടിൽ കേശവൻ നായർ എന്ന പേരുകാരനാണു്. ആ കേശവൻ നായർ ഒരു ജന്മിയുമാണു്. നാടകം കളിച്ച സ്ഥലത്തുള്ള നിയമസഭാമെംബറും ഒരു കേശവൻ നായരാണു്. അദ്ദേഹവും ഒരു ജന്മിയാണെന്നാണു് പറയുന്നതു്. അവിടെ നാടകം അഭിനയിച്ചപ്പോൾ ഈ കേശവൻ നായർ പറയുന്നതും അഭിനയിക്കുന്നതുമെല്ലാം അവിടത്തെ നിയമസഭാമെംബറായ കേശവൻ നായരെ സൂചിപ്പിച്ചുകൊണ്ടാണോ എന്നു അവിടെയുള്ളവർ സംശയിക്കുകയുണ്ടായി. ഒടുവിൽ അങ്ങനെയല്ല, പുസ്തകത്തിലുള്ള പേരുകാരൻ കേശവൻ നായരുതന്നെയാണു്, ~~അല്ലാതെ~~ ഇവിടെയുള്ള ആരേയും ഉദ്ദേശിച്ചല്ല എന്നു ഞങ്ങൾ അവരെ പറഞ്ഞു മനസ്സിലാക്കി.

ശ്രീ. എ. താണുപിള്ള : ഈ കേശവൻനായരെപ്പററി ചോദ്യം ഉണ്ടായതെന്തിനെയാണു് ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: നാടകം നടന്നുകൊണ്ടിരിക്കുമ്പോൾ ഈ കേശവൻനായരുടെ പാർട്ടു കണ്ടപ്പോൾ കൈകൊട്ടിയും ബഹളവും ഒക്കെ ഉണ്ടായി.

ശ്രീ. എ. താണുപിള്ള: അതു് കേശവൻനായരെപ്പററിയുള്ള ചോദ്യമാണെന്നു എങ്ങിനെ മനസ്സിലായി?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: കൈയ്യടിക്കും ബഹളത്തിനും ഉള്ള കാരണം അതാണെന്നു ആളുകൾ പറഞ്ഞറിഞ്ഞു.

ശ്രീ. എ. താണുപിള്ള: ഒടുവിൽ പുറത്തുവന്നു സമാധാനപ്പെടുത്തത്തക്കവണ്ണം അത്ര ബഹളമുണ്ടായോ?

Mr. Speaker: This is not a Tutorial College.

ശ്രീ. ടി. കെ. ദിവാകരൻ: എല്ലാ ഡിസ്ത്രിക്ട് മജിസ്ട്രേട്ടന്മാരും ഒമിററ ചെയ്യണമെന്നു പറഞ്ഞ കാര്യം ഒന്നുതന്നെയാണോ? അതോ ഓരോ ഡിസ്ത്രിക്ട് മജിസ്ട്രേട്ടും ഓരോരോഭാഗം ഒമിററ ചെയ്യണമെന്നാണോ പറഞ്ഞതു്?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഓരോരുത്തരും അവരവർക്കു തോന്നിയ ഭാഗമാണു് ഒമിററ ചെയ്യണമെന്നു പറഞ്ഞതു്. അതുകൊണ്ടു് നാടകത്തിനു് കാൺഗ്രസ്സ് ഭാഗത്തുനിന്നും ഉദ്യോഗസ്ഥന്മാരിൽനിന്നും വരുന്ന തടസ്സങ്ങൾ കണ്ടപ്പോൾ ഇതേസംബന്ധിച്ചു് എന്തെങ്കിലും തെററിദ്ധാരണയുണ്ടെങ്കിൽ അതു നീക്കാൻവേണ്ടി ഞങ്ങൾ ഒരു പ്ലാൻ ആലോചിച്ചു. ഇത്ര നല്ല ഒരു നാടകം തെററായ ധാരണ വച്ചുകൊണ്ടു് നിരോധിക്കുകയും തടയുകയും ചെയ്യുന്നതിൽ നിന്നു രക്ഷ നേടാമോ എന്നുള്ള വിചാരത്തിൽ ഇവിടത്തെ എം. എൽ. എ. മാരേയും മന്ത്രിമാരേയും മററു കലാകാരന്മാരേയും ടിക്കററില്ലാതെ സൗജന്യമായ നിലയിൽ വി. ജെ. ടൗൺ ഹാളിൽ വെച്ചു് ഇന്നലെ നടത്തുവാൻ നിശ്ചയിച്ചിരുന്ന നാടകത്തിൽ ക്ഷണിക്കണമെന്നു തീർച്ചയാക്കി. പക്ഷെ, ഞങ്ങൾക്കു് ആ നാടകം നടത്താൻ സാധിച്ചില്ല. ആ നാടകം സ്റ്റേജു ചെയ്യാൻപാടില്ല എന്നു് ഡിസ്ത്രിക്ട് മജിസ്ട്രേട്ടിന്റെ ആർഡർ വന്നു. ടിക്കററില്ലാതെ ഒരു പ്രയിവററ നാടകമെന്നനിലയിൽ നടത്തുന്നതിൽ വിരോധമുണ്ടോ എന്നു ചോദിച്ചപ്പോൾ "The cantonment Police will see to it" എന്നാണു പറഞ്ഞതു്.

Shri M. M. Abdul Khader: Shame, shame.

Mr. Speaker: I have warned the hon. Member more than once that to call out "shame, shame" is unparliamentary.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഈ നിരോധനത്തിനു് മറെറാരു വിശേഷംകൂടി ഉണ്ടായി. ജൂബിലിടൗൺഹാൾ ഞങ്ങൾ ആവശ്യപ്പെട്ടപ്പോൾ വേറെ ആരും അതു് ആവശ്യപ്പെട്ടിരുന്നില്ലെന്നു ഞങ്ങൾക്കറിയാം. എന്നിട്ടും ആ സ്ഥലം നാടകത്തിനു് അനുവദിക്കുവാൻ നിവൃത്തിയില്ലെന്നു് ചീഫ് സെക്രട്ടറി ഇന്നലെ ഞങ്ങളെ അറിയിച്ചു.

ശ്രീ. എൻ. രാജഗോപാലൻ നായർ: അനുവാദം കിട്ടുമെന്നു് നിങ്ങൾ പ്രതീക്ഷിച്ചിരുന്നോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : എന്നായിരുന്നു ഞങ്ങളുടെ പ്രതീക്ഷ. ഇങ്ങനെ ഈ നാടകം നിരോധിക്കുവാൻവേണ്ടി ഗവൺമെൻറു ഭാഗത്തുനിന്നും എടുത്ത നടപടികളെല്ലാം കാണുമ്പോൾ ഇതിലെന്തോ സംഗതിയുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. ഇന്നു രാവിലെ ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി, ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അങ്ങനെ തെററു ചെയ്തിട്ടുണ്ടെങ്കിൽ അതു് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയാൽ ഗവൺമെൻറ് അതു് തിരുത്തും എന്നു്. അതുകൊണ്ടാണു് ഞാൻ ഈ അടിയന്തിരപ്രമേയം അവതരിപ്പിച്ചതു്. ഇതിനു മുമ്പു് ഇക്കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടു്. ബാലരാമപുരത്തുവച്ചു് ഈ നാടകം കളിക്കുവാൻ നിരോധനാജ്ഞ വന്നപ്പോൾ രണ്ടു രൂപയുടെ സ്റ്റാമ്പു് ഒട്ടിച്ചു് ഇവിടെവച്ചുതന്നെ ഈ ആഭ്യന്തരമന്ത്രിയുടെ അടുക്കൽ ഞാൻ തന്നെയാണപേക്ഷ കൊടുത്തതു്. അപ്പോളദ്ദേഹം പറഞ്ഞതു്, ക്യാബിനററുകൂടി ഇതിനെപ്പററി ആലോചിക്കാമെന്നാണു്. അതിനു ശേഷം ഞാനദ്ദേഹത്തെ കണ്ടുചോദിച്ചപ്പോൾ ഇക്കാര്യത്തിൽ ഞങ്ങൾക്കൊന്നും ചെയ്യാൻ നിവൃത്തിയില്ലെന്നു അദ്ദേഹം പറഞ്ഞു. ഈ നാടകം നടക്കരുതെന്നുള്ള ഉദ്ദേശത്തോടുകൂടി ഗവൺമെൻറ് മനഃപൂർവ്വമായി ഇതു് നിരോധിക്കുകയാണു് ചെയ്തതു്. ഈ നിരോധനത്തിനു് കാരണമായി പറഞ്ഞിട്ടുള്ള കാര്യങ്ങൾ വാസ്തവവിരുദ്ധങ്ങളാണു്.

Mr. Speaker : Please conclude. Standing Order 20 (2) reads: "No speech during the debate shall exceed 15 minutes in duration." The hon. Members will bear this in mind.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ : ഞാൻ ഇപ്പോൾ നിർത്തിയേക്കാം. ഒരൊററക്കാര്യം മാത്രം ആലോചിച്ചാൽ മതി, ഗവൺമെൻറിൻെറ ഉദ്ദേശം നല്ലതല്ലെന്നു കാണാം. ബാലരാമപുരത്തും മാവേലിക്കരയും അതുപോലെയുള്ള മററു സ്ഥലങ്ങളിലും ഈ നാടകം നിരോധിക്കുന്നതു് ഒരു പ്രത്യേക രീതിയിലാണു്. ആ നാട്ടിലെ എല്ലാ ആളുകളും നാടകസ്ഥലത്തു വന്നുകൂടി നാടകം തുടങ്ങുന്നതിനു് ഒന്നോ രണ്ടോ മണിക്കൂറിനു മുമ്പു മാത്രമായിരിക്കും നിരോധനാജ്ഞ വരുന്നതു്. ആളുകൾ അക്ഷമരായി സമാധാനലംഘനം ഉണ്ടാകണമെന്നുള്ള മനഃപൂർവ്വഉദ്ദേശം ഗവൺമെൻറിനുണ്ടെന്നു തോന്നിപ്പോകുന്നു. അതിനാൽ അർഹിക്കുന്ന പ്രാധാന്യം ഇക്കാര്യത്തിൽ ഈ സഭ കൊടുക്കുമെന്നു വിശ്വസിക്കയും ഗവൺമെൻറ് ഒരു തരത്തിലും ഉള്ള ക്ലാസ്സുപ്രസ്റ്റീജു് ഇതിനു നൽകാതെ കലയെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയെങ്കിലും ഈ നാടകം നടത്തുന്നതിനു് അനുവദിക്കണമെന്നപേക്ഷിക്കുകയും ചെയ്തുകൊണ്ടു് ഞാൻ ഈ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ബഹുമാനപ്പെട്ട ഭരണിക്കാവു മെംബർ അവതരിപ്പിച്ചിട്ടുള്ള ഈ പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഈ പ്രമേയത്തിനാസ്പദമായ നിരോധനം ആദ്യമായി ഉണ്ടായതു് കോട്ടയം ഡിസ്ട്രിക്ടിലാണു്. കോട്ടയം ഡിസ്ട്രിക്ടിൽ ആദ്യം നിരോധിച്ചതു് മുണ്ടക്കയം എന്ന സ്ഥലത്താണു്. ഈ നാട്ടിലെ പലർക്കും അറിയാവുന്ന ഒരു വ്യക്തിയുടെ പ്രേരണയിലാണു് ഈ നാടകം നിരോധിക്കുവാനിടയായതു്. ആ വ്യക്തി ഈ നാട്ടിൽ സുപ്രസിദ്ധമായ അഞ്ചരലക്ഷക്കേസുമായി ബന്ധപ്പെട്ട

[ശ്രീ. എൻ. രാഘവക്കുറുപ്പു്.]

ഒരു പ്രസിദ്ധവ്യക്തിയാണെന്നു ഞാൻ പറയുമ്പോൾ അദ്ദേഹം ആരാണെന്നു നിങ്ങൾക്കെല്ലാം മനസ്സിലായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അവിടത്തെ പോലീസ് ഇൻസ്പെക്ടറെ സ്ഥലം മാറ്റണമെന്നുണ്ടായ ഉത്തരവ് ഒരു വ്യക്തി പോലീസുവകുപ്പുമന്ത്രിയെ സമീപിച്ചു് പിൻവലിപ്പിക്കുകയുണ്ടായി എന്നു ബഹുമാനപ്പെട്ട കാഞ്ഞിരപ്പള്ളി മെമ്പർ ഇവിടെ പ്രസ്താവിച്ചതു് ബഹുമാനപ്പെട്ട മെമ്പറന്മാർക്കു് ഓർമ്മയുണ്ടായിരിക്കുമല്ലോ. അതേ വ്യക്തി തന്നെയാണു് മുണ്ടക്കയത്തെ നാടകനിരോധനത്തിന്റെ പിന്നിലും ഉള്ളതു്. അടുത്തതായി നിരോധനം ഉണ്ടായതു് ചങ്ങനാശ്ശേരിയിലാണു്. ആ നാടകം കാണുന്നതിനു് അനവധിയാളുകൾ അവിടെ കൂടിയിരുന്നു. അക്കൂട്ടത്തിൽ ഞങ്ങളിൽ കുറെപ്പേരും ഉണ്ടായിരുന്നു. നാടകം തുടങ്ങുന്നതിനു് അൽപ്പസമയം മുമ്പാണു് ഡിസ്ട്രിക്റ്റ് മജിസ്ട്രേട്ടിന്റെ നിരോധനാജ്ഞ വന്നതു്. ഈ നിരോധനാജ്ഞ വന്നപ്പോൾ അവിടെ സന്നിഹിതനായിരുന്ന ഏകദേശം ൭൫ വയസ്സു പ്രായം വരുന്ന വൃദ്ധനായ ഒരാൾ അവിടെവച്ചു പറഞ്ഞതു് "ഈശ്വരാ ഈ ഉത്തരവു പുറപ്പെടുവിച്ചവന്റെ തലയിൽ വെള്ളിടി വീഴണേ" എന്നാണു്. ഈ നാടകത്തിന്റെ കലാപരമായ വൈശിഷ്ട്യത്തെപ്പറ്റിയോ അല്ലെങ്കിൽ ഇതിന്റെ രാഷ്ട്രീയമായ ഉദ്ദേശത്തെപ്പറ്റിയോ ഒന്നും ഈ അവസരത്തിൽ പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. നിയമപരമായിപോലും ഈ നിരോധനത്തിനു് ചില തടസ്സങ്ങളുണ്ടു്. ഈ സഭാസമക്ഷം കാണിക്കുവാൻവേണ്ടി ഞാൻ ശ്രമിക്കാം. ഇവിടെ ഡ്രമാററിക് പർഫോർമൻസ് ആക്റ്റ് എന്നൊരു ആക്റ്റുണ്ടു്. ആ ആക്ടിലെ മൂന്നാം വകുപ്പുപ്രകാരം ഈ സംസ്ഥാനത്തെയോ ഇൻഡ്യാ ഗവണ്മെന്റിന്റെയോ അധികാരപ്പെടുത്തപ്പെട്ട ഒരു ഉദ്യോഗസ്ഥനു് ഏതെങ്കിലും ഒരു ഡ്രാമ കളിക്കരുതെന്നു നിരോധിക്കാം. ആ ഉത്തരവിനെ ലംഘിച്ചാൽ അവരുടെ പേരിൽ ക്രിമിനൽ കേസ്സു എടുത്തു് ശിക്ഷിക്കാവുന്നതുമാണു്. നമ്മുടെ നാട്ടിലെ നിയമങ്ങൾക്കെല്ലാം അടിസ്ഥാനമായി നിൽക്കുന്നതു് ഇൻഡ്യൻ ഭരണഘടനാ ആക്ടാണു്. നമുക്കു് സ്വാതന്ത്ര്യം സമ്പാദിച്ചു തന്നിട്ടുള്ളതും, കോൺഗ്രസ്സുകാർ ഇവിടത്തെ ജനങ്ങൾക്കു് പ്രത്യേകമായി കാഴ്ചവച്ചിട്ടുള്ളതും ആണെന്നു വീമ്പിളക്കുന്ന ഒരു നിയമമാണു് അതു്. ഇൻഡ്യൻഭരണഘടനയിൽ ഇതു് സംബന്ധിച്ച ചില നിയമങ്ങൾ ഉണ്ടു്. നിയമങ്ങളുടെയെല്ലാം നിയമമായ ആ ഭരണഘടനാ നിയമത്തിന്റെ വെളിച്ചത്തിൽ ഈ ഡ്രമാററിക് പർഫോർമൻസ് ആക്ടിലെ ചില വകുപ്പുകൾ നിയമവിരുദ്ധമാണു്. ഇൻഡ്യൻ ഭരണഘടനയിലെ ൧൯-ാം വകുപ്പു് ചില സ്വാതന്ത്ര്യങ്ങൾ ഇവിടത്തെ നാട്ടുകാർക്കു് നൽകുന്നുണ്ടു്. നാടകം അഭിനയിക്കുകയെന്നു പറഞ്ഞാൽ ആംഗ്യം, പാട്ടു്, സംസാരം ഈ മൂന്നു മാർഗ്ഗത്തിൽക്കൂടി ഒരാളിന്റെ ആശയം മറ്റൊരാളിനെ ധരിപ്പിക്കുകയെന്നതാണല്ലോ. ഈ മൂന്നു വിധത്തിൽ കൂടി ഒരാളിന്റെ ആശയം മറ്റൊരാളിനെ അറിയിക്കുന്നതിനുള്ള സ്വാതന്ത്ര്യത്തിനാണു് ഇൻഡ്യൻ ഭരണഘടനയിൽ "Fireedom of speech and expression" എന്നു പറയുന്നതു്. ഭരണഘടന "19 (1) All citizens shall have right to freedom of speech and expression." അതു് ഇവിടത്തെ എല്ലാ ആളുകളേയും ബന്ധിക്കുന്നതാണു്, എന്നാൽ അതിനു് ചില റെസ്ട്രിക്ഷൻ

വച്ചിട്ടുണ്ട്. അതു് വായിച്ചാൽ നമുക്കു മനസ്സിലാക്കുവാൻ കഴിയും. കോട്ടയം ഡിസ്ട്രിക്റ്റ് കളക്ടറും തിരുവനന്തപുരം ഡിസ്ട്രിക്റ്റ് കളക്ടറും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് നിയമവിരുദ്ധമായിട്ടുള്ളതാണെന്നു്.

ഈ ഡ്രാമാ ഇവിടെമാത്രമല്ലാ ഇൻഡ്യയിൽ മററു രാജ്യങ്ങളെ സംബന്ധിച്ചുള്ള നയതന്ത്രബന്ധങ്ങൾക്കുകൂടി ബാധിക്കുന്ന ഒന്നാണ് എന്നു പോലീസ് മന്ത്രിക്കു ആക്ഷേപമില്ല. അങ്ങിനെ യാതൊരു ആക്ഷേപങ്ങളും പോലീസുമന്ത്രി കാണുന്നില്ല. പിന്നെ, ഏതെങ്കിലുംതരത്തിൽ അസമാധാനം ഈ ഡ്രാമ മുഖാന്തിരം ഉണ്ടാക്കിയിട്ടില്ല. ആർട്ടിക്കിൾ ൧൯–ൽ ഉള്ള വ്യവസ്ഥകൾ വിപരീതമായി പ്രവർത്തിച്ചാൽ മാത്രമെ നിരോധിക്കാൻ സാധിക്കയുള്ളു. ആ ആർട്ടിക്കിൾ എന്താണെന്നുകൂടി ഞാൻ ഇവിടെ വായിക്കാം.

"Article 19 (1) (a) which says that all citizens shall have right to freedom of speech and expression is subject to the restrictions contained in sub-clause (2). Sub.clause (2) reads as follows:—"Nothing in sub-clause (a) of clause (1) shall affect the operation of any existing law in so far as it relates to, or prevent the State from making any law relating to, libel, slander, defamation, contempt of court or any other matter which offends against decency or morality or which undermines the security of, or tends to overthrow, the State."

ഇതനുസരിച്ച് യാതൊരു നിയമലംഘനവും ഉണ്ടാകത്തക്കവണ്ണം ഈ ഡ്രാമായിൽ യാതൊന്നുംചെയ്തിട്ടില്ല. മറെറാരു കാര്യം ലൈസൻസ് ക്യാൻസൽ ചെയ്യാനുണ്ടായ കാരണങ്ങളെപ്പററി ഡി: മജിസ്ട്രേട്ടിന്റെ order-നെപ്പററിയാണ്. ഈ ലെട്ടറിന്റെ ഒരു copy എന്റെ കൈവശമുണ്ട്. അതുംകൂടി ഞാൻ ഈ സഭയിൽ വായിക്കാം.

"From the reports cited above it is seen that several additions are made to the approved text in actual enactment both in songs and speeches, that portions which are specifically directed to be omitted in the approved text are not actually omitted while staging the drama, that the drama as staged tends to create strong disaffection, hatred and contempt towards the existing Government as also feelings of class hatred among the public, that as a direct result of the class hatred created by the performances so far conducted in several places, strong oppostions from large section of the public have already come to the notice and is tending to increase in intensity so that breaches of the public peace are seriously apprehended."

[ശ്രീ. എൻ. രാഘവക്കുറുപ്പ്.]

ഈ ലെറ്ററിനെ ആസ്പദമാക്കി എനിക്കു പറയാനുള്ളത് ഇന്ന് നിലവിലിരിക്കുന്ന ഗവൺമെന്റിനോടു ഈ നാട്ടിലെ ജനങ്ങൾക്കു ഈ നാടകം നിരോധിച്ചിരിക്കുന്നതുനിമിത്തം വളരെ പുച്ഛവും അവജ്ഞയുമാണുള്ളത് എന്നാണ്. ഇൻഡ്യൻ ഭരണഘടനം നിയമമനുസരിച്ച് ഒരു പൗരനു അനുവദിക്കപ്പെട്ടിട്ടുള്ള സകലവിധ സ്വാതന്ത്ര്യങ്ങളേയും ഈ ഗവൺമെന്റു നിഷേധിക്കുകയാണ് ചെയ്യുന്നത്. പൗരാവകാശ സ്വാതന്ത്ര്യം ഹനിക്കുന്നതിനു ഇവിടത്തെ പോലീസിന് എന്തവകാശമാണുള്ളതെന്നു എനിക്കു മനസിലാകുന്നില്ല. ഈ ഡ്രാമാ നടത്തൽ ഈ സ്റ്റേറ്റിന്റെ സെക്യൂരിറ്റിയെ ബാധിക്കുന്നതാണെന്ന് ഇവിടത്തെ മന്ത്രിക്കോ പോലീസ് മേധാവികൾക്കും തർക്കമില്ലാ. സർ, ഈ ജനകീയ ഭരണയുഗത്തിൽ സകല സ്വാതന്ത്ര്യങ്ങളേയും നിഷേധിച്ചുകൊണ്ടു ഭരണം നടത്തുന്നതു നിമിത്തം നാട്ടുകാർക്കു ഗവൺമെന്റിനോടു ഉണ്ടായിട്ടുള്ള നീരസത്തേയും ബഹുമാനക്കുറവിനേയും ആണ് ഈ ഡ്രാമ എടുത്തു കാണിക്കുന്നത്. ഇങ്ങനെയുള്ള ഒരു ഡ്രാമാ കണ്ടെങ്കിലും ഇവർ പഠിക്കട്ടെയെന്നു വിചാരിച്ചാണു നാട്ടുകാർ ഇതിനു പ്രോത്സാഹനം നൽകിക്കൊണ്ടിരിക്കുന്നത്.

Mr. Speaker: Your time is up. You have only half a minute more.

ശ്രീ. എൻ. രാഘവക്കുറുപ്പ്: മറ്റൊരുകാര്യം എനിക്കു പറയുവാനുള്ളത് ഈ ഡ്രമാറ്റിക് പെർഫോമൻസ് ആക്ററുതന്നെ Ultravires ആണെന്നാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ ൧൯ (൨) അനുസരിച്ച് പ്രസംഗസ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഏതുനിയമവും reasonable ആയിരിക്കണം. Executive-ന് ഒരു നിരോധനം ഏർപ്പെടുത്തുന്നതിന് അധികാരം കൊടുക്കുന്ന ഒരു നിയമത്തിൽതന്നെ ആ നിരോധനം ശരിയല്ലെന്നു തെളിയിക്കുന്നതിന് സങ്കടക്കാരന് അവകാശം കൂടി കൊടുത്തില്ലെങ്കിൽ അതു reasonable അല്ലാ എന്നു അനേകം കോടതികൾ വിധിച്ചിട്ടുള്ളതാണ്. ഈ കാരണത്താലാണ് സർ, സംഘടനകളെ നിയമവിരുദ്ധമാക്കുന്നതിന് ഗവൺമെന്റിന് അധികാരം കൊടുത്തിരുന്ന പബ്ലിക്ക് സേഫ്റ്റിമെഷേഴ്സ് ആക്റ്റിന്റെ വകുപ്പുകൾ Ultravires ആണെന്ന് കോടതികൾ വിധിച്ചിട്ടുള്ളത്. ഡ്രമാറ്റിക് ആക്ടനുസരിച്ച് ഒരു ഡ്രാമാ നടത്തുന്നതു് ഇവിടത്തെ ഗവൺമെന്റിനു ഇഷ്ടമില്ലെങ്കിൽ നിരോധിക്കാം. അതിനെ ലംഘിച്ചാൽ ശിക്ഷിക്കാം. എന്നാൽ നിരോധനമോ ശിക്ഷയോ ശരിയല്ലെന്നു വാദിക്കാനും തെളിയിക്കാനുമുള്ള അവസരം ഈ നിയമപ്രകാരം ഇല്ലാ. അതുകൊണ്ടാണു ഞാൻ പറഞ്ഞതു് ഇതൊരു ജനായത്ത ഗവൺമെന്റല്ലെന്ന്. സർ, ഈ ഗവൺമെന്റു ഈനിലതന്നെ തുടരുന്നപക്ഷം ഭയാനകമായ ഒരു ഭാവിയാണുണ്ടാകാൻപോകുന്നതെന്നും അതിനെല്ലാം കാരണം ഇന്നത്തെ ഈ ഗവൺമെന്റാണെന്നും ഞാൻ ഈ അവസരത്തിൽ താക്കീതു ചെയ്യുന്നു. ഇവർ ന്യായമായ ഒരു നില സ്വീകരിച്ച് നിരോധനം പിൻവലിക്കാത്തപക്ഷം ചങ്ങനാശ്ശേരിയിലെ വയസ്സൻ പറഞ്ഞതാണിവർക്കും അനുഭവം എന്നു ഒന്നുകൂടി ഞാൻ അവരെ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. എൻ. രാജഗോപാലൻ നായർ: "നിങ്ങൾ എന്നെ കമ്മ്യൂണിസ്റ്റാക്കി" എന്ന സംഗീതനാടകം തിരുവനന്തപുരം ഡിസ്ട്രിക്ടിൽ നടത്താൻ പാടില്ലെന്ന് നിരോധിച്ചിരിക്കുന്നതിനെപ്പററിയാണ് ഇവിടെ ഒരു അടിയന്തിരപ്രമേയം കൊണ്ടുവന്നിരിക്കുന്നതു്. ഈ നാടകം ഉൾക്കൊള്ളുന്നതു് ഏതെല്ലാം സംഗതികളാണെന്നോ, അതു നിരോധിക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്നോ പറയുന്നതിനു മുമ്പായി, "ഏതു നിയമം അനുസരിച്ചാണ് അനുവാദം ചോദിക്കുന്നതു്" എന്നൊരു ചോദ്യമുണ്ടായതിന് ആദ്യമായിട്ടു മറുപടി പറഞ്ഞുകൊള്ളട്ടെ.

സർ, മൈസ്രായി എക്സിക്യൂട്ടീവ് കൌൺസിലിൽ പാസ്സാക്കിയിട്ടുള്ള ഡ്രാമാററിക്ക് പെർഫാർമൻസ് ആക്ടിന്റെ വെളിച്ചത്തിൽ ഇവിടെയും ട്രാവൻകൂർ ഡ്രാമാററിക്ക് പെർഫോർമൻസ് ആക്ട് എന്നൊരു ആക്ട് ൧൧൧൯-ലെ രണ്ടാം ആക്ടായി പാസ്സാക്കപ്പെട്ടു. ഈ ആക്ട് ഇവിടെ നടപ്പിലാക്കുന്നതിനു ഒരു പ്രത്യേക കാരണമുണ്ടായിരുന്നു. ഈ കാരണങ്ങൾ മറുവശത്തിരിക്കുന്നവർക്ക് അറിയാൻ ഇടവന്നിട്ടില്ലായിരിക്കാം. സർ, അന്ന്, കാൺഗ്രസ്സിലെ ഒരു പ്രമുഖാംഗമായ ശ്രീ. രാമകൃഷ്ണപിള്ള "വെള്ളപ്പൊക്കം" എന്നൊരു ഡ്രാമ എഴുതുകയും അഭിനയിക്കാൻ തുടങ്ങുകയും ചെയ്തു. അനുവാദം കൊടുക്കാൻ പാടില്ലെന്നുള്ള മനഃപൂർവ്വ വിചാരത്താൽ സർ സി. പി. കേന്ദ്രത്തിൽ പാസ്സാക്കിയ ആക്ടിനെ പകർത്തിയെഴുതി ഇവിടെ പാസ്സാക്കിയതാണ്. ഇങ്ങനെയാണ് ഈ ആക്ടിന്റെ ഉത്ഭവം.

സർ, ഈ ആക്ടിലെ സെക്ഷൻ ൩-ൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണ്.

> "Our Government may by notification published in our Government Gazette order that no dramatic performance shall take place in any place of public entertainment except under a licence to be granted by our Government or such officer as it may empower in this behalf."

ഈ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അൾട്രാവയേഴ്സ് ആണെന്ന് ഒരു കോടതി തീരുമാനിക്കുന്നതുവരെ ഈ നാടകത്തിന് അനുമതി വാങ്ങി നടത്തുമെന്നുതന്നെയാണ് ഞങ്ങൾ ഉദ്ദേശിച്ചതു്. സർ, ഞങ്ങൾ ഈ നാടകത്തിന്റെ കോപ്പി എല്ലാ ഡിസ്ട്രിക്ട് മജിസ്ട്രേട്ടുമാർക്കും കൊടുത്തിട്ടുണ്ട്. അതിൽ ഇന്നയിന്ന ഭാഗങ്ങൾ എടുത്തു കളയണമെന്നും അവർ നിർദ്ദേശിച്ചിട്ടുണ്ട്. അതിനുമുമ്പ് ഈ നാടകത്തിന്റെ ഉള്ളടക്കം എന്താണെന്നുകൂടി പറയാമെന്നു വിചാരിക്കുന്നു. ഒരുപക്ഷേ, പോലീസുമന്ത്രിയുടെ ഒഴിഞ്ഞുതിരിഞ്ഞുള്ള മറുപടികളും മററും വിളിച്ചുപറയുന്ന ഒരു നാടകമായിരിക്കും ഇതെന്ന് അദ്ദേഹത്തിനു തോന്നിയേക്കാം. നിയമവകുപ്പു മന്ത്രിയായിരിക്കുന്ന അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ചിത്രീകരിക്കുന്നതാണ് ഈ നാടകമെന്ന് അദ്ദേഹത്തിനു തോന്നിയേക്കാം. തൊഴിൽവകുപ്പു മന്ത്രി അദ്ദേഹത്തിന്റെ കാര്യം ഇതിൽ പറയുന്നുണ്ടെന്നു വിചാരിക്കുമായിരിക്കാം. അതുപോലെതന്നെ ൫൦൦ രൂപാവരെ കൈക്കൂലി വാങ്ങുന്ന മെമ്പർമാരെപ്പററി പറയുന്നു എന്ന് അവരും ധരിച്ചിരിക്കും. എന്നാൽ അതൊന്നും ഇതിലില്ല. ഈ നാടകത്തിൽ ഒരു കൃഷിക്കാരൻ നശിക്കുന്ന ഒരു ഘട്ടം വരുന്നു. ആ ഘട്ടത്തിൽ

[ശ്രീ. എൻ. രാജഗോപാലൻനായർ]

ഒരു കർഷകൻ അവന്റെ വസ്തു വേറൊരാൾക്കു പണയപ്പെടുത്തുന്നു. വസ്തു പണയം വാങ്ങിയ ആൾ ഒരു കള്ളപ്രമാണം ഉണ്ടാക്കി; അതായതു്, വില വാങ്ങിച്ചതായിട്ടു് ഒരു കള്ളപ്രമാണം ചമയ്ക്കുന്നു. അതിൻപ്രകാരം വസ്തു കൈവശപ്പെടുത്തുന്നു. പണയപ്പെടുത്തിയ ആളിന്റെ മകൻ ഒരു തൊഴിലാളിപ്രവർത്തകനാണു്. ഈ വിവരമറിഞ്ഞു് തൊഴിലാളി പ്രവർത്തകനായ തന്റെ മകനെ കർഷകൻ കുററപ്പെടുത്തുന്നു. മകന്റെ പ്രവർത്തനങ്ങളും പ്രസംഗങ്ങളുംകൊണ്ടാണു് നാട്ടിൽ ഇങ്ങനെയുള്ള അനീതികളും മററുമുണ്ടാകുന്നതെന്നു് മകനെ അദ്ദേഹം കുററപ്പെടുത്തി. അനുഭവങ്ങൾ ആ കൃഷിക്കാരനെ പലതും പഠിപ്പിച്ചു. അദ്ദേഹം മാനസാന്തരപ്പെട്ടു് ഏതാണ്ടു് മകനെ അനുകരിക്കാൻ തുടങ്ങിയതിന്റെ ലക്ഷണമായി "എടാ ഇങ്ങനെയൊരു സംഘടന വന്നാലേ നാട്ടിനു ഗുണമുണ്ടാവുകയുള്ളു" എന്നുവരെ എത്തി. 'നീ പറഞ്ഞിട്ടുള്ളതിലും കുറെ കാര്യങ്ങളില്ലാതില്ല.' എന്നുള്ള പിതാവിന്റെ വ്യതിയാനം എടുത്തുകാട്ടി ഈ ഘട്ടംവരെ എത്തിയ ഒരു മാനസിക വളർച്ചയെയാണു് ഈ നാടകത്തിൽ കാണിക്കുന്നതു്. ഇവിടത്തെ ജന്മിത്വത്തിന്റെ ദോഷവശങ്ങളെപ്പററി പ്രകടമായിട്ടു പറയാതെ പരോക്ഷമായിട്ടു പറയുന്ന ഒരു നാടകമാണു് ഇതു്. ഈ നാടകത്തിന്റെ കലാവശം കുറേക്കൂടി രസാവഹമാണു്. പക്ഷേ, കലയെപ്പററി ഇവരോടു പറഞ്ഞിട്ടു പ്രയോജനമില്ലല്ലോ, അതു മനസ്സിലാക്കാനുംകൂടി ആളുകൾ വേണമല്ലൊ. യഥാർത്ഥത്തിൽ ഈ നാടകം എന്തുകൊണ്ടാണു് നാട്ടുകാരുടെയിടയിൽ ഒരു അനിതരസാധാരണമായ സ്ഥാനം ആർജ്ജിച്ചിട്ടുള്ളതു് എന്നു നോക്കുകയാണെങ്കിൽ കലാസുഭഗത്വവും കല്പനാവൈഭവവും ഒരുമിച്ചു സമ്മേളിച്ചു് ജനങ്ങളുടെ വികാരത്തെയും ഹൃദയത്തെയും ആകർഷിക്കുവാൻ പര്യാപ്തമായ ഓജസ്സും ജീവനും ഈ നാടകം നൽകുന്നുണ്ടെന്നുള്ളതുകൊണ്ടാണു്. സർ, പരസ്യമായ പ്രചരണം കൂടാതെ അല്ലെങ്കിൽ പ്രചരണത്തിനുവേണ്ടി ഒരൊററ വാചകം കൂടാതെ മനുഷ്യന്റെ മനസ്സിൽ കൈവയ്ക്കുന്ന ഒരു കലാസമ്പത്താണു് ഈ നാടകം, കഴിഞ്ഞ ൫൦ കൊല്ലത്തിനിടക്കു് നമ്മുടെ സാഹിത്യത്തിലുണ്ടായിട്ടുള്ള ഏററവും നല്ല കവിതകൾ ഈ നാടകത്തിലുണ്ടെന്നു് പല സാഹിത്യകാരന്മാരും അഭിപ്രായപ്പെടുന്നു. മാത്രമല്ല, പല നാടകവേദികളിലും അഭിനയിച്ചിട്ടുള്ള നാടകങ്ങളിൽ ഇത്രത്തോളം തന്മയത്വത്തോടുകൂടിയ അഭിനയം വളരെ വിരളമാണെന്നും ഇവിടത്തെ പല കലാകാരന്മാരും അഭിപ്രായപ്പെട്ടിട്ടുണ്ടു്. സർ, കഴിഞ്ഞ ഡിസംബർ ൩൧-ാംതീയതി ചവറയിൽവെച്ചാണു് ഈ നാടകം ആദ്യമായി അഭിനയിച്ചതു്. ഇതിന്റെ ആരംഭകാലംമുതൽക്കുതന്നെ ഇക്കൂട്ടർ നാട്ടുകാരെ പറഞ്ഞു വിശ്വസിപ്പിച്ചിരുന്നതു് ഇതു വളരെ മോശമായ ഒരു നാടകമാണെന്നാണു്. എന്നിട്ടും കൂട്ടംകൂട്ടമായി ആളുകൾ ടിക്കററുവാങ്ങി കൊട്ടകകളിൽ പ്രവേശിച്ചു. ബഹളംകൂട്ടുവാനും കൂവാനും ആയിട്ടുമാത്രം വേറെയും കുറെപേർ അതിനുള്ളിൽ കടന്നു. അവർ നാടകം കണ്ടു കയ്യടിച്ചുപോയി. ഈ സഭയിലെ അംഗങ്ങളിൽ ചിലരും നാടകം കാണുവാനായി വന്നിട്ടുണ്ടായിരുന്നു. അവരെല്ലാം വാസ്തവത്തിൽ ഈ നാടകത്തെ പ്രശംസിക്കയേ ചെയ്തിട്ടുള്ളു. എന്തിനു്! പോലീസ് ഇൻസ്പെക്ടർപോലും ഇതിലെ ചില രംഗങ്ങൾ കണ്ടു് കണ്ണുനീർ വാർക്കുകയാണു് ഉണ്ടായതു്. ആ ഇൻസ്പെക്ടർ എന്റെ ഒരു സ്നേഹിതനും എന്നോടൊന്നിച്ചു് പഠിച്ച ആളുമാണു്. അദ്ദേഹംപോലും ആ കൊട്ടകയുടെ മറുവശത്തു വന്നുനിന്നു

കൊണ്ടു് എന്നോടു പറയുകയാണു്, ഇവിടെ നിന്നാൽ ഇനിയും ഞാൻ കരഞ്ഞുപോകുമെന്നുള്ളതിനാൽ ഞാൻ പോകുകയാണു് എന്നു്. കരയാൻ പോലും സ്വാതന്ത്ര്യമില്ലാത്തവരാണല്ലോ നമ്മുടെ പോലീസുകാർ.

ഈ രീതിയിൽ കലാസുന്ദരമായ നാടകം വേറെയില്ല സർ, ആ സ്ഥിതിക്കു് ഇതു നിരോധിച്ചതു് വാസ്തവത്തിൽ തെററാണു്. മുണ്ടക്കയത്തു് ഈ നാടകം നടത്തുന്നുണ്ടെന്നു കേട്ടപ്പോൾ അവിടെയുള്ള തോട്ടം ഉടമസ്ഥന്മാരെ കൂട്ടുപിടിച്ചുകൊണ്ടു് ഈ സഭയിൽ തന്നെയുള്ള ചില അംഗങ്ങൾ കോട്ടയം ഡിസ്ട്രിക്ടു മജിസ്ട്രേട്ടിന്റെ അടുക്കൽപോയി നാടകം നിരോധിക്കുന്നതിനുള്ള ഉത്തരവു പുറപ്പെടുവിക്കുവാൻ വേണ്ടി പരിശ്രമിച്ചിട്ടുള്ളതായി എനിക്കു് ആളിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറയുവാൻ കഴിയും. ഈ സഭയിൽതന്നെയുള്ള ചിലരാണു് അവിടെ ഈ നാടകം നടത്തുന്നതിനെ നിരോധിക്കുവാൻ വേണ്ടി ഓടിനടന്നു പ്രവർത്തിച്ചിട്ടുള്ളതു്. എനിക്കു് ഒരു കാര്യം ഈ സഭയുടെ ശ്രദ്ധയിൽപെടുത്തുവാനുണ്ടു്.

"That portions which are specifically directed to be omitted in the approved text are not actually omitted while staging the drama."

ഈ നാടകത്തിലെ ഒരു ഭാഗം ഇങ്ങനെയാണു്. "ഒരു കേശവൻ നായരാണു് ഇതിലെ കഥാപാത്രം. കർഷക തൊഴിലാളികളെ ഉപദ്രവിക്കുവാൻ അയാൾ തുടങ്ങുന്നു. അവരുടെ നേതാവിനെ മർദ്ദിച്ചവശനാക്കുന്നു. ഒരു വയസ്സായ കർഷകതൊഴിലാളി കറമ്പനു് അതു സഹിച്ചില്ല. അവൻ കേശവൻ നായരെ ഒന്നു നേരിട്ടു കാണാൻ തീർച്ചപ്പെടുത്തി പുറപ്പെടുന്നു. കമ്മ്യൂണിസ്റ്റ് സഖാവു് മാത്യു അയാൾക്കു് നേർവഴി കാട്ടിക്കൊടുക്കുന്നു. പെട്ടെന്നുള്ള ആവേശംകൊണ്ടു് അയാളുമായി വഴക്കുപിടിക്കുന്നതുകൊണ്ടു് പ്രയോജനമില്ലെന്നും, നാട്ടുകാരെ അണിനിരത്തുകയാണു് നമ്മുടെ പരിപാടിയെന്നും ഉപദേശിച്ചു് തടഞ്ഞു നിറുത്തുന്നു."

ഇതു മാററിക്കളയണമെന്നാണു് ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനു തോന്നിയതു്. അങ്ങിനെ ചെയ്തു. സർ, ആ നിർദ്ദേശം ഒരു ആയുധമായി വെച്ചുകൊണ്ടാണു് ഈ നാടകം ഇവിടെ നടത്തുവാൻ പാടില്ലെന്നു നിരോധിക്കാൻ ഇവിടത്തെ ഡിസ്ട്രിക്ട് മജിസ്ട്രേട്ടു് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതു്. മജിസ്ട്രേട്ടിനെ സംബന്ധിച്ചു് ഞാൻ ഇപ്പോൾ ഒന്നും പറയുന്നില്ല.

Mr. Speaker He is the District Magistrate.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഡി. എസ്സ്. പി. പറഞ്ഞു, ഡിസ്ട്രിക്ട് മജിസ്ട്രേട്ടു് അനുസരിക്കുകയും ചെയ്തു. ഇവിടത്തെ ഭരണത്തിന്റെ തലവനായ ശ്രീ. എ. ജെ. ജാൺ പാർട്ടിയോഗത്തിൽ വച്ചു് ഇതിന്റെ സൂചന നൽകി. ഉദ്യോഗസ്ഥന്മാർ അതിനു വഴങ്ങുകയാണു് ഉണ്ടായതു്.

ശ്രീ. എ. ജെ. ജാൺ: അങ്ങിനെയൊന്നും ഞാൻ പ്രസ്താവിച്ചിട്ടില്ല സർ. അദ്ദേഹം പറയുന്നതു പച്ചക്കള്ളമാണെന്നു് സ്പീക്കർ അവർകരം അറിഞ്ഞാൽ കൊള്ളാം.

Mr. Speaker : It has been pointed out that it is unfounded.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഞാനായാലും നിങ്ങളായാലും തെററായ ഒരു കാര്യം പറഞ്ഞാൽ പ്രസ്താവനയെ നിഷേധിക്കണം. മാർച്ച് ന്ന-ാം തീയതി നടന്ന ഈ സംഭവം ഇതുവരെ നിഷേധിക്കപ്പെട്ടിട്ടില്ല. ഞാൻ നിങ്ങളെ തെററിദ്ധരിച്ചുകൊണ്ടുള്ള ഒരു പ്രസ്താവനയല്ല ഇവിടെ ചെയ്യുന്നതു്. ആരോപണങ്ങളുണ്ടാകുമ്പോരം ഒഴിഞ്ഞുമാറുന്നതു് ഇവിടത്തെ മന്ത്രിമാരുടെ പതിവാണു്. സർ, മന്ത്രിമാർ കൈക്കൂലി വാങ്ങിച്ചുവെന്നു് ഇവിടെ പരാതികരം ഉണ്ടായിട്ടുണ്ടു്. അതു ശരിയല്ല എന്നു തെളിയിക്കത്തക്ക എന്തെങ്കിലും ഒരു മറുപടി അവർ പറഞ്ഞിട്ടുണ്ടോ? "എന്നെപ്പററിയോ! അങ്ങിനെ പറഞ്ഞോ? എന്നായിരുന്നു മറുപടി. കൂട്ടമന്ത്രി പറഞ്ഞു "പണം വാങ്ങിയതു കാൺഗ്രസ്സ് ഫണ്ടിനാകാം, പഴയ വക്കീൽഫീസാകാം, കടംകൊടുത്തതു തിരിച്ചു് മേടിക്കുന്നതാകാം" എന്നൊക്കെ. ഇത്രയുമായപ്പോരം നാട്ടുകാർ പറഞ്ഞു, "എന്നാൽ ഇതു കൈക്കൂലിയുമാകാം" എന്നു്. അതുപോലെ ഇതുവരെ നിഷേധിക്കാതെ ഇവിടെ വന്നു നിന്നു പ്രധാനമന്ത്രി ഇങ്ങനെ പറയുന്നതിൽ അതിശയിക്കാനൊന്നുമില്ല. കാൺഗ്രസ്സ് പാർട്ടി അംഗങ്ങളോടു് ഞാൻ ചോദിക്കയാണു് ചങ്കിനു കൈവച്ചുകൊണ്ടു് ഇതു നിഷേധിക്കണമെന്നു പറയാൻ നിങ്ങരംക്കു കഴിയുമോ? നിങ്ങരംക്കു് ആണത്തമുണ്ടെങ്കിൽ—

Mr. Speaker : Will you please withdraw that word "ആണത്തം ഉണ്ടെങ്കിൽ"

Shri N. Rajagopalan Nair : Yes, I withdraw.

അതുകൊണ്ടു് ഈ നിരോധനം പിൻവലിക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നു.

Mr. Speaker : You have exceeded your time.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇരിക്കാം, ഇരിക്കാം. നാട്ടുകാർതന്നെ നാട്ടുകാരുടെ മുമ്പിൽ നാട്ടുകാർക്കുവേണ്ടി നടത്തുവാൻ തീരുമാനിച്ച നാടകത്തെ നിരോധിക്കുകയാണെങ്കിൽ അതിനുത്തരവാദപ്പെട്ട ആളുകരം നാട്ടുകാരോടു് ഉത്തരം പറയേണ്ടിവരും. അതിനു് ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. നിങ്ങരംക്കു ജനങ്ങളുടെ മുന്നിലേക്കു വരാമോ? നിങ്ങരം കലയുടെ കശാപ്പുകാരാണു്. സംസ്കാരത്തിന്റെ ഘാതകന്മാരാണു്. നിങ്ങരംക്കു ജനങ്ങളുടെ കലാനുഷ്ഠാനത്തിൽ തലയിടാനവകാശമില്ല (Bell)

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: സർ, വാസ്തവത്തിൽ ഞാൻ ഈ സഭയിലെ ഒരു മെമ്പർ എന്നുള്ള നിലയിൽ മാത്രമാണു് ചില സംഗതികരം പ്രസ്താവിക്കുന്നതു്. അല്ലാതെ നിരോധിക്കപ്പെട്ട നാടകത്തിലെ ഒരു നടൻ എന്ന നിലയിൽ ഒരു മറുപടി പറയുകയല്ല. ഈ നാടകം

നടത്തുന്നതിന് തുടർച്ചയായി നേരിട്ടുകൊണ്ടിരിക്കുന്ന നിരോധനങ്ങളെ സംബന്ധിച്ചും അതു നിമിത്തം ഉണ്ടായിക്കൊണ്ടിരിക്കുന്ന പ്രയാസങ്ങളെക്കുറിച്ചും ഇവിടെ പല മെമ്പറന്മാരും സംസാരിച്ചു കഴിഞ്ഞു. എനിക്കു ഈ നാടകസമിതിയുമായിട്ടുള്ള ബന്ധംകൊണ്ട് ഒരു സംഗതി വളരെ വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

Shri J. T. Moraes: What is the part the hon. Member plays in the drama?

<u>ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ:</u> അതു നിങ്ങളെ നേരിൽ കാണിക്കണമെന്നുണ്ടായിരുന്നു. പക്ഷെ, സർക്കാർ അതു സമ്മതിക്കുന്നില്ല. ബഹുമാനപ്പെട്ട സ്പീക്കർ സമ്മതിക്കുന്ന പക്ഷം ഇതിനകത്തുതന്നെ ഒന്നു കളിക്കാം. (ചിരി)

ഈ നാടകം നിരോധിക്കുന്നതിനു മുണ്ടക്കയത്തും, ചങ്ങനാശേരിയിലും, ബാലരാമപുരത്തും പറഞ്ഞതു് ഒരേ കാരണങ്ങളാണ്. അവിടങ്ങളിലുള്ള ഡിസ്ത്രിക്ട് മജിസ്ട്രേട്ടന്മാർ തന്നിട്ടുള്ള ഓർഡറിൽ നാടകം കളിക്കുന്നതിനെക്കുറിച്ച് ചില പരാതികൾ ഉണ്ടായിട്ടുണ്ടെന്നു ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മുണ്ടക്കയത്തു് തോട്ടം ആരോ ൪ പേരെക്കൊണ്ട് നാലു് ഒപ്പിടുവിച്ചു് അല്ലെങ്കിൽ നാല്പതു ഒപ്പിടുവിച്ചു് ഒരു പരാതി ഡിസ്ത്രിക്ട് മജിസ്ട്രേട്ടിനെ ഏൽപ്പിച്ചതിന്റെ ഫലമായിട്ടാണ് ഡിസ്ത്രിക്ട് മജിസ്ട്രേട്ട് അതു നിരോധിച്ചതു്. നമ്മുടെ രാജ്യത്തെ എല്ലാ ഡിസ്ത്രിക്ട് മജിസ്ട്രേട്ടുമാരും അല്ലെങ്കിൽ എക്സിക്യൂട്ടീവ് അതോറിട്ടി ഈ നാടകം കളിക്കുന്നതിനു പൊതുവായ അംഗീകാരം തന്നിട്ടുള്ളതാണ്. ഈ നാടകം എവിടെയും കളിക്കാൻ കൊള്ളാവുന്നതാണ്, കാണാൻ കൊള്ളാവുന്നതാണ് എന്നാണ് എക്സിക്യൂട്ടീവ് അതോറിട്ടി അംഗീകാരം തന്നിട്ടുള്ളതിന്റെ അർത്ഥം. അദ്ദേഹത്തിന്റെ അനുവാദം കിട്ടിയതനുസരിച്ചു് ഈ നാടകത്തിന്റെ ചുമതല വഹിക്കുന്ന ആളുകൾ ആയിരത്തിൽ പരം രൂപാ ചെലവാക്കി നാടകം സ്റ്റേജു് ചെയ്യുന്ന സമയമാകുമ്പോഴാണ് നാടകം കളിക്കാൻ പാടില്ലായെന്നു് അവസാനനിമിഷത്തിൽ മറ്റൊരു ഓർഡർ വരുന്നതു്. നാടകം കളിക്കുന്നതിനു അനുവദിച്ചുകൊണ്ട് ഒരു എക്സിക്യൂട്ടീവ് ഓർഡർ ഉണ്ടായി കഴിഞ്ഞാൽ, അതിനെതിരായി സമാധാനലംഘനം ഉണ്ടാക്കുവാൻ മൂന്നു നാലു റൌഡികൾ വരികയാണെങ്കിൽ തീർച്ചയായും ആ റൌഡികളെ അമർത്തുകയാണോ, ഈ കലാപ്രസ്ഥാനത്തെ അമർത്തുകയാണോ ഏതാണു വേണ്ടതെന്നാണ് അതു സംബന്ധമായി വിവരമുള്ള ബഹുമാനപ്പെട്ട മെമ്പർമാരോട് എനിക്കു ചോദിക്കുവാനുള്ളതു്. റൌഡിത്തരം കാണിക്കുന്ന ചിലരുടെ ഉപായത്തെ അടിസ്ഥാനമാക്കി അതു നിരോധിക്കുകയാണ് ഇന്നു ചെയ്യുന്നതു്. സർക്കാർ കല്പനയെ ലംഘിക്കുമെന്നു് പറയുന്ന റൌഡികളെ തടയുകയല്ലേ വേണ്ടതു്? മറ്റൊരു അനുഭവം കാണുന്നതു് ഈ രാജ്യത്തെ എക്സിക്യൂട്ടീവ് അതോറിററി പോലീസിനു സബ്ബ്മിസിവ് ആകുന്നു എന്നുള്ളതാണ്. നാടകം കളിക്കുന്നതിനു ഏതാനും നിമിഷങ്ങൾക്കു് മുമ്പ് നാടകം കളിക്കുന്നതിനെ നിരോധിച്ചിരിക്കുന്നു എന്നു ഓർഡർ കിട്ടിയപ്പോൾ, അങ്ങിനെ ചെയ്യുവാനുള്ള കാരണം എന്താണെന്നു ഈ

[ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ.]

രാജ്യത്തെ ഒരു ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനോടു ചോദിച്ചപ്പോൾ പോലീസിന്റെ നിർബന്ധംകൊണ്ടാണ് അങ്ങനെ ചെയ്തതു് എന്നാണ് പറഞ്ഞതു്. ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെ പോലെയുള്ള ഒരാൾ പോലീസിന്റെ ആജ്ഞാനുവർത്തിയായി, അവരുടെ നിർബ്ബന്ധത്തിനു സ്വയം വശംവദനാകുന്ന അവസ്ഥ വളരെ ദയനീയമാണ്. പോലീസു അതിനു നിർബ്ബന്ധിക്കുന്നതു് അവരുടെ മനഃപൂർവ്വം കൊണ്ടാണോ എന്നു ചോദിച്ചാൽ അവർക്കു യാതൊരു മനഃപൂർവ്വവും ഇതിനോടില്ല എന്നു പറയാൻ എനിക്കു കഴിയും. ഇവിടത്തെ കാൺഗ്രസ്സ് പാർട്ടിയോഗത്തിൽ എന്തു നടന്നു എന്നറിയുവാൻ കാരണമായി. ഏതു സ്ഥലത്തു ഞങ്ങൾ ചെല്ലുമ്പോഴും അവിടെ കാൺഗ്രസ്സിന്റെ ചില നേതാക്കന്മാർ വളരെയേറെ കുഴപ്പങ്ങൾ സൃഷ്ടിക്കാൻ നോക്കാറുണ്ടു്. ഒന്നു രണ്ടു സ്ഥലങ്ങളിൽ അവർ ഞങ്ങളെ വളഞ്ഞിട്ടുണ്ടു്. പക്ഷെ ആ സ്ഥലങ്ങളിൽ ഞങ്ങളെ നാട്ടുകാർ രക്ഷിക്കുകയാണ് ചെയ്തതു്. ചില സ്ഥലത്തു ഞങ്ങളെ കൂകുവാൻ പ്രത്യേകം ചില ആളുകളെ ടിക്കററുവാങ്ങിക്കൊടുത്തു അവർ അയച്ചിട്ടുണ്ടു്. പക്ഷെ, ഫലിച്ചിട്ടില്ല. കണ്ണാടി കാണുമ്പോൾ അവരവരുടെ മുഖത്തുള്ള വിരൂപതകൾ കണ്ടു് കരയുന്ന ചില ജീവികളുണ്ടു്. അതുപോലെ ഈ നാടകം കാണുമ്പോൾ ചിലർ പരിഭ്രമിച്ചുപോകയാണ്. അതിനെപ്പററി കൂടുതൽ ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ നാടകത്തിലെ കലാമേന്മയെ, അതിലെ കലാരൂപത്തെപ്പററി അതിനോടു ബന്ധപ്പെട്ടു ഞാൻ പറയുന്നതു തെററായിരിക്കും. ഞാൻ ഒരു നടനല്ല, നേരെമറിച്ച് ജനങ്ങളിൽ കലാബോധം വളർത്തണമെന്നു ആഗ്രഹിക്കുന്നവനാണ്. കലാബോധം നാട്ടുകാരിൽ വളർത്തുന്നതിനു എതിരായ കാട്ടാളന്മാരുടെ കൈ ഉയർത്തുവാൻ പാടില്ല.

"വ്യാപാരമേ ഹനനമാം വനവേടനേതാ
വ്യാപന്നമായ് കഴുകനെന്നു കപോതമെന്നും!"

ഇവിടെ കലാകാരന്മാരായ ചില മന്ത്രിമാരുണ്ടു്. കലയുടെ പേരിൽ അവർ പലപ്പോഴും സംസാരിക്കുന്നതു കേൾക്കാം. മന്ത്രിമാർ ഒരു കാര്യം ഓർക്കണം. മന്ത്രിപദം നാളെ നഷ്ടപ്പെടും. മനുഷ്യത്വം ശാശ്വതമാണ്. സർ, അങ്ങയോടു് അവസാനമായി എനിക്കു് ഒരു അപേക്ഷയുണ്ടു്. ഈ കലാസൃഷ്ടി ഈ നാട്ടിലെ ജനങ്ങളെ പ്രതിനിധീകരിക്കുന്ന അങ്ങയുടെയും ബഹുമാനപ്പെട്ട മെമ്പർമാരുടെയും സാന്നിദ്ധ്യത്തിൽ ഞങ്ങൾക്കു് ഈ രാജ്യത്തു എവിടെയെങ്കിലും, പോലീസിന്റേയും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റേയും ആക്രമണം ഉണ്ടാകാത്ത ഒരു സ്ഥലത്തു്, നടത്തുവാനുള്ള ഒരു സൌകര്യം ഉണ്ടാക്കിത്തരണമെന്നു് അപേക്ഷിക്കുന്നു.

5 P. M.

ശ്രീ. കെ. ജെ. താമസ്: സർ, ഞാൻ ഈ അടിയന്തിരപ്രമേയത്തെ അനുകൂലിക്കുകയാണ് ചെയ്യുന്നതു്. ഈ നാടകം കാണുവാനുള്ള ഭാഗ്യം എനിക്കുണ്ടായിട്ടുണ്ടു്. മുണ്ടക്കയത്തു് ഈ നാടകം നടത്തുവാൻ നിശ്ചയിച്ചിരുന്ന ദിവസം അതു കാണണമെന്ന ഉദ്ദേശത്തോടുകൂടി ഞാനും എന്റെ ചില സ്നേഹിതന്മാരുംകൂടി ഒരു കാറുപിടിച്ച് അവിടേക്കു പോയി. അവിടെ ചെന്നതിനു ശേഷമാണ് നാടകം നിരോധിച്ചിരിക്കുന്നു എന്നും നാടകം നടത്തുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു അവരെ

